ചതുർത്ഥപടലം

അനന്തരം നാലാമത്തെ പടലംകൊണ്ട് മണ്ഡപസംസ്കാരാദിധ്യാനാധിവാസത്തോളം പറയുന്നു.

അധിവാസനമണ്ഡപം തദർഹേ/-
ഹ്യഥ സംഗൃഹ്യ ഗുരുർവിശോധയേത
രുചിരൈഃ പരിഭൂഷിതം വിതാന-
പ്രമുഖൈർമൃഷ്ടസുലിപ്തഭൂമിഭാഗം. 1

തദർഹേ അഹനി = ധ്യാനാധിവാസദിവസത്തുങ്കൽ നേരത്തേ, ഗുരു = ആചാര്യൻ, രുചിരൈഃ വിതാനപ്രമുഖൈഃ പരിഭൂഷിതഃ = മനോഹരങ്ങളായിരിക്കുന്ന വിതാനാദികളേക്കൊണ്ടും മാലകളേക്കൊണ്ടും അലങ്കരിക്കപ്പെട്ടിരിക്കുന്നതായും, മൃഷ്ടസുലിപ്തഭൂമിഭാഗം = തറയേ തളിച്ച മെഴുകിയിരിക്കുന്ന ഭൂസ്ഥാനത്തോടുംകൂടി ഇരിക്കുന്ന, അധിവാസന മണ്ഡപം = പൂർവദ്വാരമായ പ്രാസാദത്തുങ്കൽ പ്രത്യങ്മുഖമായും പ്രത്യ ഗ്ദ്വാരപ്രാസാദത്തുങ്കൽ പൂർവദ്വാരമായും ഭിന്നയോനി ആകുംവണ്ണം ഉണ്ടാക്കിയിരിക്കുന്ന അധിവാസമണ്ഡപത്തേ, സംഗൃഹ്യ വിശോധയേത = പരിഗ്രഹിച്ചിട്ട് ശുദ്ധികളേ ചെയ്വൂ.

സ്നാത്വാ ശുദ്ധനവീനവസ്ത്രപരിധാ-
യ്യാചമ്യ തന്മണ്ഡപം
സ്വാസ്ത്രേക്ഷാദിനിരസ്തഭൂതനിവഹം
പ്രാവിശ്യ പര്യേത്യ ച
നൈരൃത്യാമുപവശ്യ ശോധിതസമി-
ഷ്ടാത്മാഥ വിഘ്നേശ്വരം
സംപൂജ്യാഭിഹിതക്രമാത് ത്രിഗുണസൂ-
ത്രാദീനി സംസാദയേത്. 2

Shripuram Publications
www.shripuram.org

സ്നാത്വാ ശുദ്ധനവീനവസ്ത്രപരിധായീ ആചമ്യ = ആചാര്യൻ കുളിച്ച

കോടിവസ്ത്രവുമുടുത്ത് ആചമിച്ച്, സ്വാസ്ത്രേക്ഷാദിനിരസ്തഭൂതനിവഹം തന്മണ്ഡപം പ്രാവിശ്യ പര്യേത്യ ച = അസ്ത്രദൃഷ്ടികൊണ്ട് ഭൂതസമൂഹത്തേ പുറത്ത് ആക്കിയാൽ തളിച്ച ദർഭപാണിയായി പ്രതിഗ്രഹിച്ചാൽ അകത്തു പ്രദക്ഷിണമായി ലക്ഷണങ്ങൾ നോക്കിവന്ന്, നൈരൃത്യാമുപവിശ്യ ശോധിതസമിഷ്ടാത്മാ = നിരൃതികോണിൽ വന്നിരുന്ന് ദേഹശുദ്ധിശംഖപൂരണാത്മാരാധനകളേ ചെയ്ത്, അഥ വിഘ്നേശ്വരം സംപൂജ്യ = പിന്നെ മുമ്പിൽ സ്വസ്തികത്തിൽ ഗണപതിയേ പൂജിച്ച്, അഭിഹിതക്രമാത് ത്രിഗുണസൂത്രാദീനി സംസാദയേത് = പ്രാസാദശുദ്ധിയിങ്കൽ പറഞ്ഞപോലെ മുന്നൂലു ദർഭമാല മുഷ്ട്യാദിഗന്ധപുഷ്പാക്ഷതാന്തം ഒക്കെയും ചാതിച്ച പൂജിച്ച തൊട്ടുജപിപ്പൂ.

വിപ്രാനനുജ്ഞാപ്യ നിരേത്യ മുഖ്യ-
ദ്വാരാസ്ത്രതഃ പ്രോക്ഷ്യ ച മണ്ഡപം തത്
ഈശാദി നീപ്രോപരി തന്തുദർഭ-
സ്രഗ്ഭ്യാം യഥോക്തം പരിവേഷ്ടയേച്ച. 3

വിപ്രാൻ അനുജ്ഞാപ്യ = പിന്നെ ബ്രാഹ്മണരേ ദാനംചെയ്ത് അനുജ്ഞാപിച്ചിട്ട്, മുഖ്യദ്വാരാ നിരേത്യ = മണ്ഡപത്തിന്റെ പ്രധാനദ്വാരത്തിലൂടെ പുറത്തുവന്ന്, അസ്ത്രതഃ തന്മണ്ഡപം പ്രോക്ഷ്യ = പ്രണവം ജപിച്ച ഫഡന്തപ്രണവംകൊണ്ട് ആ മണ്ഡപത്തേത്തളിച്ച്, ഈശാദി നീപ്രോപരി = മണ്ഡലത്തിന്റെ ഈശകോടിയിൽ വാവടയുടെ മുകളിൽ, തന്തുദർഭസ്രഗ്ഭ്യാം യഥോക്തം പരിവേഷ്ടയേത് = നൂലുകൊണ്ടും ദർഭമാലകൊണ്ടും മുമ്പിൽ പറഞ്ഞപോലെ ഈശകോണ് അവസാനമായി ചുറ്റൂ.

സർവ്വത്രാപ്യഥ തോരണാംശ്ചതസൃഷു
പ്രാഗാദിദിക്ഷു ക്രമാത്
കേതൂംശ്ചാഷ്ടസു ദർഭപല്ലവപടീ-
സംഭൂഷിതാൻ സ്ഥാപയേത്
ദ്വൌ ദ്വൌ ദ്വാര്യഥവാ ഹരീശമഹിഷാ-
ര്യോസ്തോരണാഭ്യന്തരേ
വിന്യസേദ്വൃഷവാഹനേ നവസു ദി-
ക്ഷൂർദ്ധ്വാവസാനം പുനഃ. 4

അഥ സർവത്ര ചതസൃഷു ദിക്ഷു തോരണാൻ = പിന്നെ എല്ലാ ദേവന്മാരിലും നാലുദിക്കുകളിലും നാല്പാമരങ്ങളേക്കൊണ്ട് ഉണ്ടാക്കിയ തോരണങ്ങളേയും, പ്രാഗാദി അഷ്ടദിക്ഷു കേതൂൻ ച = കിഴക്ക തുടങ്ങി ക്രമേണ എട്ടു ദിക്കുകളിലും മുളയുടെ തലകളാകുന്ന ധ്വജങ്ങളേയും, ദർഭ

www.shripuram.org
Shripuram Publications
www.shripuram.org

പല്ലവപടീസംഭ്രഷിതാൻ സ്ഥാപയേത് = ദർഭകളേക്കൊണ്ടും തളിരുക ളേക്കൊണ്ടും അലങ്കരിച്ച പ്രതിഷ്ഠിപ്പൂ. ഹരീശമഹിഷാര്യോഃ ദ്വാരി തോ രണാഭ്യന്തരേ = ശങ്കരനാരായണങ്കലും ദുർഗ്ഗയിങ്കലും നാലുദ്വാരങ്ങളിലും തോരണങ്ങളുടെ അകത്ത്, ദ്വൌ ദ്വൌ വാരം = ഈരണ്ടു ധ്വജങ്ങളേ നാട്ടുകിലും ആം. വൃഷവാഹനേ നവസു ദിക്ഷു ഊർദ്ധ്വാവസാനം = ശിവ ങ്കൽ ഒമ്പതു ദിക്കുകളിൽ ഊർദ്ധ്വഭാഗം സങ്കല്പിച്ച് ഒന്നുകൂടെ കൂട്ടി ഒമ്പതു ധ്വജങ്ങളേ നാട്ടണം.

പ്ളാക്ഷൌദുംബരരൌഹിണാശ്ചലദലോ-
ത്ഥശ്ചേശ്വരേ തോരണാഃ
സാര്യേ തേ ഗുഹവിഘ്നയോർവ്വടഭവാ-
ന്ത്യാസ്തേ ഹരീശാച്യുതേ
പ്രോക്താഃ പ്ലാക്ഷചതുർത്ഥപൈപ്പലപുരോ-
ഗാസ്തേ/പി മദ്ധ്യസ്ഥയു-
ഗ്വ്യത്യാസാന്മഹിഷദ്വിഷി സ്യുരഖിലേ-
/പീഷ്ടാ ധ്വജാ വൈണവാഃ. 5

സാര്യേ ഈശ്വരേ = ശാസ്താവിങ്കലും ശിവങ്കലും, പ്ലാക്ഷൌ ദുംബര രൌഹിണാഃ ചലദലോത്ഥഃ ച തോരണാഃ = കിഴക്ക് ഇത്തിയും തെക്ക അത്തിയും പടിഞ്ഞാറു പേരാലും വടക്ക് അരയാലും ഇങ്ങനെ തോരണ വൃക്ഷങ്ങളുടെ ക്രമം ഭവിക്കും. ഗുഹവിഘ്നയോഃ = സുബ്രഹ്മണ്യങ്കലും ഗണ പതിയിങ്കലും, അന്ത്യാ വടഭവാ = പേരാൽ ഒടുക്കം. അപ്പോൾ ഇത്തി, അത്തി, അരയാൽ, പേരാൽ ഇങ്ങനെ ക്രമം. ഹരീശാച്യുതേ = ശങ്കര നാരായണങ്കലും വിഷ്ണുവിങ്കലും (പ്ലക്ഷ... ഗാഃ) ഇത്തി ഒടുക്കം, അരയാലാ ദിക്കവരും. അപ്പോൾ അരയാൽ അത്തി, പേരാൽ, ഇത്തി, അരയാൽ, പേരാൽ ,അത്തി, ഇത്തി ഇങ്ങനെ വരും. മഹിഷദ്വിഷി = ദുർഗ്ഗയിങ്കൽ മദ്ധ്യസ്ഥയുഗ്വ്യത്യാസാത് തേ അപി = നടുവിലത്തേ രണ്ടും മാറിയിട്ട് ഈ വിഷ്ണുവിങ്കൽ പറഞ്ഞതുതന്നെ. അപ്പോൾ ഇങ്ങനെ എല്ലായിടത്തേ യും തോരണവൃക്ഷങ്ങൾ. അഖിലേ/അപി ധ്വജാഃ വൈണവാഃ ഇഷ്ടാഃ എല്ലാടവും ധ്വജങ്ങൾ മുളകളുടെ അഗ്രം ഇലകളോടുകൂടിയിരിക്കുന്നത്.

ദ്വാരാം പാർശ്വയുഗേ കൃതാസ്ത്രഖനനാ-
ദിക്ഷിപ്തദർഭാക്ഷതാ-
ദീഷ്ടാബ്ജാസനകേ വടേ/സ്ത്രവിഹിതോ-
ക്ഷാദീൻ ക്രമാത്തോരണാൻ
യോഗേ യോഗപ്പച്ചാങ്ഘ്രിയുഗ്ഭിരപി ദേ-

Shripuram Publications
www.shripuram.org

വസ്യേതി ശൂലൈഃ സുയോ-
ജ്യോത്തിഷ്ഠേത്യധിദൈവനാമഭിരപി
ന്യസ്യേച്ഛിവേ മന്ത്രവിത്. 6

മന്ത്രവിദ് ഗുരുഃ = മന്ത്രജ്ഞനായിരിക്കുന്ന ആചാര്യൻ, ദ്വാരാം പാർശ്വയുഗേ = കിഴക്കു തുടങ്ങിയുള്ള വാതിലുകളുടെ രണ്ടു പുറത്തും, ദ്വാരത്തിന്റെ വലത്തുഭാഗം മുമ്പായിട്ട്, കൃതാസ്ത്രഖനനാദിഅസ്ത്രംകൊണ്ടു കുഴിച്ച് മണ്ണുകളഞ്ഞ് ചാണകവെള്ളം തളിച്ച് മെഴുകി, ക്ഷിപ്തദർഭാക്ഷതാദി = കുറുമ്പുല്ലുമിട്ട് ഗന്ധപുഷ്പാക്ഷതത്തേ വച്ച്, ഇഷ്ടാബ്ജാസനകേ = പത്മായ നമഃ എന്നു പീഠവും പൂജിച്ചിരിക്കുന്ന അവിടെ അക്കുഴിയിൽ, അസ്ത്രവിഹിതോക്ഷാദീൻ തോരണാൻ = അസ്ത്രംകൊണ്ടു തളിച്ചു ശോഷണാദിത്രയവും തത്തന്മന്ത്രപ്രാണായാമവും ചെയ്തിരിക്കുന്ന തോരണങ്ങളേ, ശിവേ യോഗേയോഗഋചാ അംഘ്രിയുഗ്ഭിഃ സംയോജ്യ = ശിവങ്കൽ 'യോഗേയോഗേ തവസ്തരം' എന്ന ഋക്കുകൊണ്ടു കാലുകൾ രണ്ടും പടിയോടു കൂട്ടുമാറു തൊട്ടുജപിച്ച്, ദേവസ്യ ഇതി ശൂലൈഃ സുയോജ്യ - 'ദേവസ്യ ത്വാ സവിതുഃ' എന്നതുകൊണ്ട് ശൂലങ്ങളോടു പടിയേയും കൂട്ടി, ഉത്തിഷ്ഠേത്യധിദൈവനാമഭിഃ അപി ന്യസ്യേത് = 'ഉത്തിഷ്ഠ ബ്രഹ്മണസ്പതേ' എന്നും തത്തദധിദേവതാമന്ത്രവും ചൊല്ലി കുഴിയിൽ സ്ഥാപിപ്പൂ.

തൈരേവേഷുഭവേ/ഥ തൈർമുരരിപൌ
സ്യോനാപൃഥിവ്യാ യുതൈ-
ർവ്വേദാദ്യൈർമഹിഷാരിശാസ്തൃഗണപേ-
ഷ്വീശാച്യുതേ താരതഃ
പ്രാഗ്ദ്വാർദക്ഷിണപാർശ്വപൂർവ്വവിഹിത-
സ്ഥാനേഷ്വസംസ്ഥാപയേത്
കേളുംശ്ച ക്രമവിദ്ധ്വയേഷ്വ യജതാ-
മാവാഹ്യ തദ്ദേവതാഃ. 7

ഇഷുഭവേ തൈഃ ഏവ = സുബ്രഹ്മണ്യങ്കൽ അധിദേവതാമന്ത്രങ്ങൾ കൊണ്ടുതന്നെയും, മുരരിപൌ സ്യോനാപൃഥിവ്യാ യുതൈഃ = വിഷ്ണുവിങ്കൽ 'സ്യോനാപൃഥിവി ഭവ' എന്ന ഋക്കും അധിദേവതാമന്ത്രങ്ങളും കൂടിയും, മഹിഷാരിശാസ്തൃഗണപേഷു വേദാദ്യൈഃ ദുർഗ്ഗയിങ്കലും ശാസ്താവിങ്കലും ഗണപതിയിങ്കലും കിഴക്ക് 'അഗ്നിമിളേ' എന്നും തെക്ക് 'ഇഷേ ത്വാ' എന്നും പടിഞ്ഞാറ് 'അഗ്ന ആയാഹി' എന്നും വടക്കു 'ശന്നോ ദേവീ' എന്നും ഈ വേദാദി നാലുകൊണ്ടും, ഈശാച്യുതേ താരതഃ = ശങ്കരനാരായണങ്കൽ പ്രണവംകൊണ്ടും തോരണങ്ങളേ നാലു ദ്വാരത്തുങ്കലും

Shripuram Publications
www.shripuram.org

സ്ഥാപിച്ചു പൂജിച്ചാൽ, പ്രാഗ്ദ്വാർദക്ഷിണപാർശ്വപൂർവവിഹിതസ്ഥാനേഷു കേളുൻ ച (സംസ്ഥാപയേത്) = കിഴക്കേ ദ്വാരത്തുങ്കൽ തെക്കും, തെക്കേ ദ്വാരത്തുങ്കൽ പടിഞ്ഞാറും, പടിഞ്ഞാറേ ദ്വാരത്തുങ്കൽ വടക്കും, വടക്കേ ദ്വാരത്തുങ്കൽ കിഴക്കും ഇങ്ങിനെ വലത്തുഭാഗത്തായിട്ടു ധ്വജങ്ങളേയും അതതു മന്ത്രംകൊണ്ടു സ്ഥാപിപ്പൂ. ക്രമവിദ് ദ്വയേഷു തദ്ദേവതാഃ ആവാഹ്യ യജതാം = ക്രമത്തേ അറിഞ്ഞിരിക്കുന്ന ഗുരു തോരണങ്ങളിലും ധ്വജങ്ങളിലും അതതു ദേവതാമന്ത്രങ്ങൾകൊണ്ട് ആവാഹിച്ച് വ്യാപകവും പ്രണവാംഗവും ന്യസിച്ചു പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്‌വൂ.

അധിദേവതാമന്ത്രങ്ങളേപ്പറയുന്നു.

സുശോഭനഃ ശാർങ്ഗധരേ സുഭദ്രഃ
സുകർമ്മനാമാ ച തഥാ സുഹോത്രഃ
ശിവേ പ്രമോദാഭയശാന്തസംജ്ഞാ-
മഹാംശ്ച ചത്വാര ഇതി പ്രദിഷ്ടാഃ. 8

ശാർങ്ഗധരേ = വിഷ്ണുവിങ്കൽ, സുശോഭനായ നമഃ സുഭദ്രായ നമഃ സുകർമ്മണേ നമഃ സുഹോത്രായ നമഃ ഈ നാലും തോരണദേവതകൾ. ശിവേ = ശിവങ്കൽ പ്രമോദായ നമഃ അഭയായ നമഃ ശാന്തായ നമഃ മഹതേ നമഃ ഇങ്ങനെ നാലും.

സുമംഗലഃ സ്ഥാണുഹരൌ സുഹോത്ര-
സ്തഥൈവ കല്യാണകഭദ്രകൌ ച
യജ്ഞേശനാമാ മഹിഷാഭിമാതൌ
പ്രഭാകരോ മംഗലസുപ്രഭൌ ച. 9

സ്ഥാണുഹരൌ = ശങ്കരനാരായണങ്കൽ, സുമംഗലായ നമഃ സുഹോത്രായ നമഃ കല്യാണായ നമഃ ഭദ്രകായ നമഃ ഇങ്ങനെ നാല്. മഹിഷാഭിമാതൌ = ദുർഗയിങ്കൽ, യജ്ഞേശായ നമഃ പ്രഭാകരായ നമഃ, മംഗലായ നമഃ, സുപ്രഭായ നമഃ ഇങ്ങനെ നാല്.

ഷാണ്മാതുരേ സ്യുർവരദോ യശോദോ
ദ്വൌ പുഷ്ടിദശ്രീപ്രദസംജ്ഞിതൌ ച
വിഘ്നേ സുപൂർണ്ണാഹ്വയപൂർണ്ണഭദ്രൌ
പ്രശാന്തനാമാ വിജയാഭിധശ്ച. 10

Shripuram Publications
www.shripuram.org

ഷാണ്മാതുരേ = സുബ്രഹ്മണ്യങ്കൽ, വരദായ നമഃ യശോദായ നമഃ പുഷ്ടിദായ നമഃ, ശ്രീപ്രദായ നമഃ ഇങ്ങനെ നാലും ഭവിക്കും. വിഘ്നേ = ഗ

ണപതിയിങ്കൽ സുപൂർണ്ണായ നമഃ പൂർണ്ണഭദ്രായ നമഃ പ്രശാന്തായ നമഃ വിജയായ നമഃ ഇങ്ങനെ നാലും.

ആര്യഃ ശാസ്താ ഗുഹാസന്നഃ
സേനാനീശ്ച പ്രഭാപതൌ
ഇതി സപ്തസു സംപ്രോക്താഃ
ക്രമാത്തോരണദേവതാഃ. 11

പ്രഭാപതൌ = ശാസ്താവിങ്കൽ, ആര്യായ നമഃ, ശാസ്ത്രേ നമഃ, ഗുഹാസന്നായ നമഃ, സേനാന്യൈ നമഃ ഇങ്ങനെ നാലും, സപ്തസുക്രമാത തോരണദേവതാഃ സംപ്രോക്താഃ = ഇപ്രകാരം വിഷ്ണ്വാദികളായ ഏഴു ദേവന്മാരിലും ക്രമേണ തോരണദേവതകൾ വചിക്കപ്പെട്ടു.

കുമുദകുമദാക്ഷസംജ്ഞൌ
ലക്ഷ്മീശേ പുണ്ഡരീകവാമനകൌ
അഥ ശങ്കുകർണ്ണസർവാ-
ദികനേത്രൌ സുമുഖസുപ്രതിഷ്ഠിതകൌ. 12

ലക്ഷ്മീശേ = വിഷ്ണുവിങ്കൽ, കുമുദായ നമഃ, കുമുദാക്ഷായ നമഃ, പുണ്ഡരീകായ നമഃ, വാമനായ നമഃ, ശംകുകർണ്ണായ നമഃ, സർവനേത്രായ നമഃ, സുമുഖായ നമഃ, സുപ്രതിഷ്ഠിതായ നമഃ ഇങ്ങനെ എട്ടു ധ്വജദേവതകൾ.

ഭൃംഗീശകാർത്തികേയൌ
വൃഷനന്ദീശൌ ശിവേ മഹാകാളഃ
കുംഭോദരോ മഹോദര-
നാമാഥോ വീരഭദ്രകോ ബ്രഹ്മാ. 13

ശിവേ = ശിവങ്കൽ, ഭൃംഗീശായ നമഃ, കാർത്തികേയായ നമഃ, വൃഷായ നമഃ, നന്ദീശായ നമഃ, മഹാകാളായ നമഃ, കുംഭോദരായ നമഃ, മഹോദരായനമഃ, വീരഭദ്രായ നമഃ, ബ്രഹ്മണേ നമഃ, ഇങ്ങനെ ഒൻപതു ധ്വജദേവതകൾ, ഒടുക്കത്തേതും ഈശകോണിൽതന്നെ.

ശിവശാർങ്ഗിണി ഗിരിശോത്സവ-
വിധാസ്യമാനാഃ സ്യുരഷ്ടനന്ദ്യാദ്യാഃ
ഭൃംഗീശാദ്യാ നവ വാ
കുമുദാത്മാദ്യൈസ്തഥാ/ഷ്ടഭിഃ സഹിതാഃ. 14

ശിവശാർങ്ഗിണി = ശങ്കരനാരായണങ്കൽ, ഗിരിശോത്സവവിധാ

www.shripuram.org
Shripuram Publications
www.shripuram.org

സ്യമാനാഃ നന്ദ്യാദ്യാഃ അഷ്ട സ്യുഃ = ശിവന്റെ ഉത്സവത്തിങ്കൽ പറവാൻ ഭാവിച്ചിരിക്കുന്ന നന്ദിനേ നമഃ ഇത്യാദി കപാലിനേ നമഃ ഇത്യന്തമുള്ള എട്ടും ഇവിടെ ധ്വജദേവതകളായി ഭവിക്കും. ഭൃംഗീശാദ്യാഃ നവ വാ = ഇവിടെ പറഞ്ഞ ഭൃംഗീശാദി ഒമ്പതായിട്ടുമാം. കുമുദാത്മദ്യൈഃ അഷ്ടഭിഃ സഹിതാഃ വാ = നന്ദിനേ കുമുദാത്മനേ നമഃ മഹാകാളായ കുമുദാക്ഷാത്മനേ നമഃ ഭൃതനാഥായ പുണ്ഡരീകാത്മനേ നമഃ ഗുഹേശായ സർവനേത്രാത്മനേ നമഃ കാലപാശായ സുമുഖാത്മനേ നമഃ കപാലിനേ സുപ്രതിഷ്ഠിതാത്മനേ നമഃ ഇങ്ങനെ എട്ടായിട്ടുമാം. ഭൃംഗീശായ കുമുദാത്മനേ നമഃ ഇത്യാദി എട്ടും കഴിഞ്ഞാൽ ഒടുക്കത്തേതു ബ്രഹ്മണേ നമഃ എന്നതന്നെ മതി.

കാളീ കരാളീ വിരജാ മന്ദരാ വിന്ധ്യവാസിനീ
സുപ്രഭാ സിംഹവക്ത്രാന്ത്യാ ദുർഗ്ഗായാം ദൈത്യമർദ്ദിനീ. 15

ദുർഗ്ഗായാം = ദുർഗ്ഗയിങ്കൽ, കാള്യൈ നമഃ കരാള്യൈ നമഃ വിരജായൈ നമഃ മന്ദരായൈ നമഃ വിന്ധ്യാവാസിന്യൈ നമഃ സുപ്രഭായൈ നമഃ സിംഹവക്ത്രായൈ നമഃ ദൈത്യമർദ്ദിന്യൈ നമഃ ഇതു എട്ടും ധ്വജദേവതകൾ.

ഗോപ്താ ച പിംഗലാക്ഷശ്ച
വീരസേനശ്ച ശാംഭവാ
ത്രിനേത്ര ശൂലിനൌ ദക്ഷ-
ഭീമരൂപൌ ച ശാസ്തരി. 16

ശാസ്തരി = ശാസ്താവിങ്കൽ, ഗോപ്ത്രേനമഃ പിംഗലാക്ഷായ നമഃ വീരസേനായ നമഃ ശാംഭവായ നമഃ, ത്രിനേത്രായ നമഃ, ശൂലിനേ നമഃ, ദക്ഷായ നമഃ ഭീമരൂപായ നമഃ ഇത് എട്ടും ധ്വജദേവതകൾ.

സ്കന്ദദന്തീന്ദ്രമുഖയോരിന്ദ്രാദ്യാ ദിഗധീശ്വരാഃ
ഇതി സപ്തസു സംപ്രോക്താഃ ക്രമേണ ധ്വജദേവതാഃ. 17.

സ്കന്ദദന്തീന്ദ്രമുഖയോഃ = സുബ്രഹ്മണ്യകല്പം, ഇന്ദ്രാദ്യാ ദിഗധീശ്വരാഃ = ഇന്ദ്രൻ തുടങ്ങി ഈശാനാന്തമുള്ള ദിക്പാലന്മാരുതന്നെ, ഇന്ദ്രായ നമഃ അഗ്നയേ നമഃ ഇത്യാദി മന്ത്രങ്ങൾ. ഇതി സപ്തസുദേവേഷു ക്രമേണ ധ്വജദേവതാഃ സംപ്രോക്താഃ = ഇങ്ങനെ വിഷ്ണ്വാദി ഏഴു ദേവന്മാരിലും ധ്വജദേവതകൾ പറയപ്പെട്ടു.

Shripuram Publications
www.shripuram.org

ഇഷ്ട്വാ ബലിം തോരണദേവതാഭ്യോ-
ധ്വജാധിപേഭ്യോഽപി ചവാദ്യഹൃദ്യം

ദത്വാ സമാചമ്യ സമേത്യ ചാന്തഃ
സമാചരേദ്ദ്വാരഘടാർച്ചനാദ്യം. 18

തോരണദേവതാഭ്യഃ ധ്വജാധിപേഭ്യഃ വാദ്യഹൃദ്യം ച ഇഷ്ട്വാ ബലിം ദത്വാ = തോരണദേവതകൾക്കായിക്കൊണ്ടും ധ്വജദേവതകൾക്കായിക്കൊണ്ടും വാദ്യഘോഷത്തോടും വിളക്കോടും കൂടി തത്തദധിദേവതാ മന്ത്രംകൊണ്ട് പൂജിച്ച് ബലിയെയും ഉകിയാൽ, സമാചമ്യ അന്തഃ സമേത്യ ദ്വാരഘടാർച്ചനാദ്യം സമാചരേത് = കാലും കഴുകി ആചമിച്ച് മണ്ഡപത്തിന്റെ അകത്തുവന്ന് ദ്വാരകലശപൂജാദിയെ തുടങ്ങൂ. ഇവിടെ നൂലുംമാല ചുറ്റുക തുടങ്ങി ബലിതുകുന്നതുവരെ അഞ്ചു പ്രദക്ഷിണം വരും.

പ്രാഗ്ദ്വാർദക്ഷിണസൌമ്യപാർശ്വസമുപ-
ക്രാന്ത്യാ ചതുർദിക്ഷ്വപി
ദ്വാഃസ്ഥാൻ പൂർണഘടേഷു വിഷ്ണുഗുഹവി-
ഘ്നാര്യേശ്വരേഷു ദ്വിശഃ
ദ്വാശ്ശാഖാസുയജേത വാ ശിവഹരൌ
ദ്വാഃസ്ഥാനിഹാഷ്ടാസുദി-
ക്ഷ്വാശേശാൻ കലശേഷു കേവലമമൂൻ
വൈ തേഷു സുംഭദ്വിഷി. 19

വിഷ്ണുഗുഹവിഘ്നാര്യേശ്വരേഷു = വിഷ്ണുവിങ്കലും സുബ്രഹ്മണ്യങ്കലും ഗണപതിയിങ്കലും ശാസ്താവിങ്കലും ശിവങ്കലും, ചതുർദ്ദിക്ഷു അപി = നാലു നടകളിലും അളിന്ദത്തുങ്കൽ, പ്രാഗ്ദ്വാർദക്ഷിണസൌമ്യപാർശ്വസമുപക്രാന്ത്യാ = പൂർവ്വ ദ്വാരത്തുങ്കൽ തുടങ്ങി വലതുഭാഗം മുമ്പായിട്ട് സ്വസ്തികങ്ങളിൽ പീഠപൂജാദി ചെയ്ത് രണ്ടു കലശങ്ങളെ ശോഷണാദികുർച്ചന്യാസാന്തം ചെയ്ത് വെള്ളം നിറച്ചാൽ, പൂർണഘടേഷു ദ്വിശഃ ദ്വാഃസ്ഥാൻ യജേത = കലശങ്ങളിൽ ഈരണ്ടു ദ്വാസ്ഥന്മാരെ ആവാഹിച്ച് പൂജിപ്പൂ. ശിവഹരൌ ദ്വാഃ ശാഖാസു യജേത വാ = ശങ്കരനാരായണങ്കൽ കലശം കൂടാതെ തത്സ്ഥാനത്തു സ്വസ്തികത്തുങ്കൽ ദ്വാസ്ഥന്മാരെ പൂജിക്കുകയുമാം, കൂടാതെയുമാം. ഇഹ അഷ്ടാസു ദിക്ഷു കലശേഷു ആശേശാൻ = ഈ ശങ്കരനാരായണങ്കൽ കിഴക്കു തുടങ്ങി എട്ടു ദിക്കുകളിലും ഓരോ കലശങ്ങളിൽ ഇന്ദ്രായ നമഃ ഇത്യാദി ദിക്പാലന്മാരേ എട്ടിനേയും പൂജിക്കണം. സുംഭദ്വിഷി കേവലം അമൂൻ വാ = ദുർഗ്ഗയിങ്കൽ എട്ടു ദിക്കിലും കലശങ്ങളിൽ ദിക്പാലന്മാരെതന്നെയായിട്ടുമാം. ദ്വാര ദേശത്ത് ഈരണ്ടു കലശങ്ങളിൽ കാളി, കരാളി ഇത്യാദി ഈരണ്ടിനെ പൂജിക്കലുമാം.

www.shripuram.org
Shripuram Publications
www.shripuram.org

അപ്പോൾ ഇന്ദ്രാദികളെ സ്വസ്തികത്തിൽ പൂജിപ്പൂ.

പദ്മരാഗം പ്രവാളം വിഡൂരോദ്ഭവം
പുഷ്യനീലാശ്മഗർഭാണി മുക്താഫലം
സ്ഫാടികംച ന്യസേദ്വിഷ്ണുവിഷ്ണ്വീശയോർ-
ദ്വാരകുംഭേഷു ഹേമാപി വാ സർവതഃ. 20

വിഷ്ണുവിഷ്ണ്വീശയോഃ ദ്വാരകുംഭേഷു = വിഷ്ണുവിങ്കൽ ശങ്കരാനാരായണങ്കലും ദ്വാരകലശങ്ങളിൽ, പത്മരാഗം = അതുതന്നെയും, പ്രവാളം = പവിഴത്തേയും, വിഡൂരോത്ഭവം = വൈഡൂര്യത്തേയും, പുഷ്യനീലാശ്മഗർഭാണി = പുഷ്യരാഗത്തേയും നീലത്തേയും (ഇന്ദ്രനീലത്തേയും), മുക്താഫലം = മുത്തിനേയും, സ്ഫാടികം = സ്ഫടികത്തേയും കിഴക്കാദിയായ ദിക്കുകളിലെ കലശങ്ങളിൽ ന്യസിപ്പൂ. സർവ്വതഃ ഹേമ അപി വാ ന്യസേത് = എല്ലാ ദേവന്മാരിലും സ്വർണ്ണശകലത്തെത്തന്നെ ന്യസിക്കലുമാം.

ദ്വാരപാലാ ഹരൌ പൂർണ്ണപുഷ്കരാനന്ദനന്ദനാഃ
വീരസേനസുഷേണൌ ച സംഭവപ്രഭവൌ ക്രമാത്. 21

ഹരൌ = വിഷ്ണുവിങ്കൽ, പൂർണ്ണായ നമഃ, പുഷ്കരായ നമഃ, ആനന്ദായ നമഃ, നന്ദനായ നമഃ, വീരസേനായ നമഃ, സുഷേണായ നമഃ, സംഭവായ നമഃ, പ്രഭവായ നമഃ ഇങ്ങനെ എട്ടു ദ്വാരകലശദേവതകൾ.

സ്ഥാണൌ മഹോദരമഹാ-
കായ മഹാകണ്ഠകാ മഹോരസ്കഃ
അഗ്ന്യാദിജിഹ്വനേത്രൌ
തദനു വിരൂപാക്ഷകോ വിശാലാക്ഷഃ. 22

സ്ഥാണൌ = ശിവങ്കൽ, മഹോദരായ നമഃ, മഹാകായായ നമഃ മഹാകണ്ഠായ നമഃ, മഹോരസ്കായ നമഃ, അഗ്നിജിഹ്വായ നമഃ, അഗ്നിനേത്രായ നമഃ, വിരൂപാക്ഷായ നമഃ, വിശാലാക്ഷായ നമഃ ഇങ്ങനെ എട്ട്.

വീരമഹാദ്യൌസ്വാദ്യോ
ഭദ്രാദ്യശ്ചാരുപൂർവകഃ സേനാഃ
ഷഷ്ഠോ ഗുഹേ സുഷേണ-
സ്സേനാവഥ പൂർണചിത്രപൂർവൌ ച. 23

ഗുഹേ = സുബ്രഹ്മണ്യങ്കൽ, വീരസേനായ നമഃ, മഹാസേനായ നമഃ, സുസേനായ നമഃ, ഭദ്രസേനായ നമഃ, ചാരുസേനായ നമഃ, സുഷേണാ

Shripuram Publications
www.shripuram.org

യ നമഃ, പൂർണ്ണസേനായ നമഃ, ചിത്രസേനായ നമഃ ഇങ്ങനെ എട്ട്.

ഗണരാജി വജ്രദന്തോ-
ഗജാസ്യകോ ഭീമനാമമഹിഷാസ്യൌ
അഥ മേഘനാദക വിരൂ-
പാക്ഷൌ വരദശ്ച സർവ്വഭക്ഷശ്ച. 24

ഗണരാജി = ഗണപതിയിങ്കൽ, വജ്രദന്തായ നമഃ, ഗജാസ്യായ നമഃ, ഭീമായ നമഃ, മഹിഷാസ്യായ നമഃ, മേഘനാദായ നമഃ, വിരൂപാക്ഷായ നമഃ, വരദായ നമഃ, സർവ്വഭക്ഷായ നമഃ ഇങ്ങനെ എട്ട്.

വീരബാഹുമഹാവീരവിദ്യുദ്ദന്തവിലാസിനഃ
ആര്യേ തീക്ഷ്ണസ്തീക്ഷ്ണദന്തസ്താരാക്ഷശ്ച ഭവോദ്ഭവഃ. 25

ആര്യേ = ശാസ്താവിങ്കൽ, വീരബാഹവേ നമഃ, മഹാവീരായ നമഃ, വിദ്യുദ്ദന്തായ നമഃ, വിലാസിനേ നമഃ, തീക്ഷ്ണായ നമഃ, തീക്ഷ്ണദന്തായ നമഃ, താരാക്ഷായ നമഃ, ഭവോദ്ഭാവയ നമഃ ഇങ്ങനെ എട്ട്.

മഹോദരാദയസ്തേƒഷ്ടൌ പൂർണാത്മാദിഭിരഷ്ടഭിഃ
സംഭേദിതാ ഹരിഹരേ ദ്വാരപാലാ ഇതീരിതാഃ. 26

ഹരിഹരേ = ശങ്കരനാരായണങ്കൽ, പൂർണ്ണാത്മാദിഭിഃ അഷ്ടഭിഃ സംഭേദിതാഃ മഹോദരാദയഃ = വിഷ്ണുവിങ്കലേ പൂർണ്ണാത്മാദികളായ എട്ടിനോട്ടും കൂടീട്ട് ശിവങ്കലേ മഹോദരാദികൾ എട്ടുംതന്നെ. അപ്പോൾ മഹോദരായ പൂർണ്ണാത്മനേ നമഃ മഹാകായായ പുഷ്കരാത്മനേ നമഃ, മഹാകണ്ഠായ നന്ദാത്മനേ നമഃ മഹോരസ്കായ നന്ദനാത്മനേ നമഃ അഗ്നിജിഹ്വായ വീരസേനാത്മനേ നമഃ അഗ്നിനേത്രായ സുഷേണാത്മനേ നമഃ, വിരൂപാക്ഷായ സംഭവാത്മനേ നമഃ വിശാലാക്ഷായ പ്രഭവാത്മനേ നമഃ ഇങ്ങനെ എട്ട്. ദുർഗയിങ്കൽ ഇന്ദ്രാദിദിക്പാലന്മാരെന്നു മുമ്പേ പറഞ്ഞു എങ്കിലും നാലു ദിക്കിലും ഈരണ്ടു കാള്യാദിധ്വജദേവതകളായിട്ടും ചെയ്യുന്നു. ഇതി ദ്വാരപാലാ ഈരിതാഃ = ഇങ്ങനെ ദ്വാരകലശങ്ങളിലേ ദേവതകൾ പറയപ്പെട്ടു.

സഹസ്രവീചീ വിമലാ ശതാദി-
ധാരാ പ്രമോദിന്യപി ധൂർജടൌ സ്യുഃ
അർച്ച്യാശ്ചതുസ്തോരണകുംഭകേഷു
ദിക്പാ ഹരൌ മന്ത്രവിദാ സ്വമന്ത്രൈഃ. 27

ധൂർജടൌ = ശിവങ്കൽ, ചതുസ്തോരണകുംഭകേഷു = നാലുദിക്കിലും

www.shripuram.org
Shripuram Publications
www.shripuram.org

ദ്വാരങ്ങളുടെ വലത്തുഭാഗത്ത് സ്വസ്തികത്തുങ്കൽ തോരണകലശങ്ങളേ പൂജിക്കുന്നതിന്ന്, സഹസ്രവീഥ്യൈനമഃ, വിമലായൈ നമഃ, ശതധാരായൈ നമഃ, പ്രമോദിന്യൈ നമഃ ഇങ്ങനെ നാലു ദേവതകൾ. മന്ത്രവിദാ ഹരൌ ദിക്പാ അർച്ച്യാഃ = മന്ത്രജ്ഞനായിരിക്കുന്ന ആചാര്യനാൽ വിഷ്ണുവിങ്കൽ, ഇന്ദ്രായ നമഃ യമായ നമഃ വരുണായ നമഃ സോമായ നമഃ ഈ നാലു ദിക്കിലേയും ദിക്പാലന്മാരേ പൂജിപ്പാൻ യോഗ്യങ്ങൾ. മറ്റുള്ളേടത്തു തോരണകലശങ്ങളില്ല.

കുംഭഭദ്രാദികൌ കർണൌ ശ്വേതഗോപൂർവ്വകാവപി
ശിവശാർങ്ഗീശയോർദ്വാരമദ്ധ്യേ/ർച്ച്യാ ദ്വാരദേവതാഃ. 28

ശിവശാർങ്ഗീശയോഃ = ശിവങ്കലും ശങ്കരനാരായണങ്കലും, ദ്വാരമദ്ധ്യേ = കിഴക്കുതുടങ്ങി നാലുദിക്കുകളിലും ദ്വാരങ്ങളുടെ നടുവിൽ സ്വസ്തികമിട്ട് അതിൽ കുംഭകർണ്ണായ നമഃ ഭദ്രകർണ്ണായ നമഃ ശ്വേതകർണ്ണായ നമഃ ഗോകർണ്ണായ നമഃ ഈ നാലുകൊണ്ടും ദ്വാരദേവതകളേ ആവാഹിച്ച് പൂജിക്കണം.

അഗ്ന്യാദീശദിഗന്തമുക്തവിധിനാ
മുഷ്ട്യാദിഭിഃ ശോധയേത്
സിദ്ധാർത്ഥാദിഭിരേവ വാ സശിഖികു-
ണ്ഡം മണ്ഡപാന്തഃസ്ഥലം
പ്രാഗാസ്യോ/ഞ്ജലിനാ ത്രിധാ/ത്ര വികിരാ-
ഞ്ഛക്ത്യാത്മനി പ്രോൽകിരേത്
സിദ്ധാർത്ഥാൻ വികിരാംശ്ച രക്ഷതു സശേ-
ഷാൻ മാർജനോപാർജിതാൻ. 29

ഉക്തവിധിനാ = മുമ്പിൽ പ്രാസാദശുദ്ധിയിങ്കൽ പറഞ്ഞപ്രകാരം, മുഷ്ട്യാദിഭിഃ വാ സിദ്ധാർത്ഥാദിഭിഃ ഏവ വാ = മുഷ്ടി ഗോമയജലം ഇത്യാദി കൊണ്ടുതാൻ കടുകു ഗോമയജലം ഇത്യാദി കൊണ്ടുതാൻ, അഗ്ന്യാദീശദിഗന്തിമം സശിഖികുണ്ഡം മണ്ഡപാന്തഃസ്ഥലം = അഗ്നികോണിൽ തുടങ്ങി ഈശകോണിൽ കഴിയുമാറ് ഹോമകുണ്ഡങ്ങളേയും മണ്ഡപത്തിൽ എല്ലാടവും, ശോധയേത് = ശുദ്ധിയേ ചെയ്യണം. പ്രാഗാസ്യഃ ശക്ത്യാത്മനി അത്ര = പിന്നെ വികിരം വിതറുമ്പോൾ കിഴക്കോട്ടുനിന്ന് അതതു ദേവന്റെ ശക്തിബീജംകൊണ്ടു മണ്ഡപത്തേ പൂജിച്ചിരിക്കുന്ന മണ്ഡപമദ്ധ്യത്തുങ്കൽ, വികിരാൻ ത്രിധാ പ്രോൽകിരേത് = വികിരങ്ങളേ നേരേ കിഴക്കോട്ടും വലത്തും ഇടത്തുമായിട്ട്, അഞ്ജലിനാ = കൈയിൽ നിറച്ച് എടുത്തുവിതറിയശേഷം എല്ലാടവും വിതറൂ. സശേഷാൻ മാർജ

www.shripuram.org
Shripuram Publications
www.shripuram.org

നോപാർജ്ജിതാൻ സിദ്ധാർത്ഥാൻ വികിരാൻ ച രക്ഷതു = പിന്നെ പാത്രങ്ങളിൽ അല്പം ശേഷിച്ചിരിക്കുന്നവറ്റേയും നിലത്തു ഉകിയതിനേ മുഷ്ടികൊണ്ട് അടിച്ച് എടുക്കുന്നവറ്റേയും കടുകിനേയും വികിരത്തേയും ഒരു പാത്രത്തിലെടുത്തു കുംഭേശപൂജാസ്ഥാനത്തു കൊണ്ടുചെന്നു സൂക്ഷിപ്പൂ.

മദ്ധ്യേവേദി സമിഷ്ടപീഠനിജശ-
ക്ത്യാ സ്ഥാപിതം മൂലതോ-
ദേവേശം ദിഗധീശ്വരാനപി ദിശാ-
സ്വഭ്യർച്ച്യകൃത്വാ തതഃ
പുഷ്പാ(ദിക്പാ)സ്ത്രപ്രവിമോചനഞ്ച പരിതോ-
ധൂപം പ്രദീപം തഥാ
ന്യസ്യാ//രക്ഷതു മണ്ഡപാത്മകമമും
ദേവം ത്രിതാലാദിനാ. 30

മദ്ധ്യേവേദി = പിന്നെ മണ്ഡപമദ്ധ്യത്തുങ്കൽ സ്വസ്തികം പത്മമിട്ടതിൽ പീഠപൂജയും ചെയ്തു്, മൂലതഃ സമിഷ്ടപീഠനിജശക്ത്യാ സ്ഥാപിതം = ദേവേശശക്തിയേ ആവാഹിച്ച പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്താൽ അവിടെ മൂലംകൊണ്ട് ദേവനേ ആവാഹിച്ച പൂജിക്കുമ്പോൾ, ദിശാസു ദിഗധീശ്വരാൻ അപി അഭ്യർച്ച്യ = എട്ടു ദിക്കുകളിലും ഇന്ദ്രാദി ദിക്പാലന്മാരേയുംകൂടി പൂജിച്ച ദേവന്നു നിവേദിച്ച പ്രസന്നപൂജയും ചെയ്തു്, തതഃ ദിക്പാസ്ത്രപ്രവിമോചനം ച കൃത്വാ = പിന്നെ ദിക്പാലാസ്ത്രങ്ങളായ വജ്രാദികളേക്കൊണ്ടും പുഷ്പാരാധനകളേച്ചെയ്തു്, ധൂപം പ്രദീപം ച പരിതഃ തഥാ ന്യസ്യ = പിന്നെ മണ്ഡപത്തിൽ നാലുദിക്കിലും ധൂപങ്ങളേയും ദീപങ്ങളേയും വച്ചാൽ, തഥാ എന്നതുകൊണ്ടു ആധാരശക്ത്യാദിപീഠമന്ത്രങ്ങളേ ന്യസിക്കണമെന്നു പറയുന്നു. ആധാരശക്ത്യാദി പൃഥിവ്യന്തം മുകളിൽ മുകളിൽ ധർമ്മാദിനാലും തൂണുകളിൽ. അധർമ്മാദിനാലും ഉത്തരങ്ങളിൽ. സത്ത്വാദിമൂന്നും വിതാനക്കയറുകളിൽ. മായാദി വിതാനവസ്ത്രങ്ങളിൽ. പത്മാദിസമഷ്ട്യന്തം മണ്ഡപമദ്ധ്യത്തിൽ നിലത്തുതന്നെയും ന്യസിപ്പൂ. മണ്ഡപാത്മകം അമും ദേവം ത്രിതാലാദിനാ ആരക്ഷതു = മണ്ഡപസ്വരൂപനായിരിക്കുന്ന ദേവനേ താലത്രയാദിചെയ്തു രക്ഷിപ്പൂ.

അനന്തരം കുംഭേശ പൂജയേ പറയുന്നു.

അഥ ശിവദിശി പാർജന്യേ/പി വാ കല്പയിത്വാ
വസുദലകമലം തദ്ദക്ഷിണേ സ്വസ്തികം ച

Shripuram Publications
www.shripuram.org

സരസിരുഹി സശാലീവസ്ത്രദർഭാദിപീഠേ
ന്യസതു കലശരാജം സ്വസ്തികേ കർക്കരീം ച. 31

അഥ ശിവദിശി പാർജന്യേ അപി വാ = അനന്തരം മണ്ഡപത്തിന്റെ അളിന്ദത്തുങ്കൽ ഈശകോണിൽ താൻ, തത്സമീപത്തു തെക്കേ ഭാഗത്തു പർജന്യസ്ഥാനത്തു താൻ വസുദലകമലം = അഷ്ടദലപത്മത്തേയും, തദ്ദക്ഷിണേ സ്വസ്തികം ച കല്പയിത്വാ. അഷ്ടദലത്തിന്റെ തെക്ക് സ്വസ്തികത്തേയും ഉണ്ടാക്കിയാൽ, സശാലീവസ്ത്രദർഭാദിപീഠേ സരസിരുഹി കലശരാജം = നെല്ല്, അരി, എള്ള്, കടുക് വസ്ത്രാന്തരിതം പീഠം വിരിച്ച കംഭേശകലശത്തേയും, സ്വസ്തികേ കർക്കരീം ച ന്യസതു = തെക്കേ സ്വസ്തികത്തിൽ വാലുള്ള കർക്കരികലശത്തേയും വയ്ക്കൂ.

ആരാദ്ധ്യ യോഗാസനമത്ര തോയൈഃ
സിക്തം പ്രസക്തം ഘുണഗന്ധധൂപൈഃ
സുസംസ്കൃതം ന്യസ്തകുശാദ്യമിഷ്ടം
ഘടം സമുത്താനിതമാത്തകൂർച്ചം. 32

അത്ര യോഗാസനമാരാദ്ധ്യ = ബ്രഹ്മകലശപൂജയിങ്കൽ പറയുന്ന പോലെ ദേഹശുദ്ധിയും ശംഖപൂരണവും ആത്മാരാധനയും ചെയ്തു രണ്ടിടത്തും പീഠം പൂജിച്ച, തോയൈഃ സിക്തം ഘുണഗന്ധധൂപൈഃ പ്രസക്തം = വെള്ളംകൊണ്ടു കഴുകി നൂലും ചുറ്റി അഷ്ടഗന്ധം തേച്ച ധൂപിച്ച് കമത്തി, ന്യസ്തകുശാദ്യം = ശോഷണാദിചെയ്തു പല്ലവച്ച ചന്ദനം തളിച്ച് അക്ഷതവുമിട്ട്, ഇഷ്ടം സമുത്താനിതം ആത്തകൂർച്ചം = കൂർച്ചന്യാസവും തത് പൂജയും ചെയ്വൂ.

സഹേമരത്നാക്ഷതഗന്ധപുഷ്പം
സുധീഃ സമാപൂര്യ ജലൈശ്ച പൂതൈഃ
തത്രേഷ്ടവർണ്ണാംബുരുഹോപവിഷ്ട-
മൂർത്ത്യന്തരുദ്യത് സകളാത്മതത്ത്വേ. 33

സഹേമരത്നാക്ഷതഗന്ധപുഷ്പൈഃ ഘടം = നവരത്നവും സ്വർണ്ണവും അക്ഷതവും അഷ്ടഗന്ധവുംകൂട്ടി ദ്രവ്യത്തേ ന്യസിച്ച പൂജിച്ച മാനസപൂരണവും ചെയ്ത്, പൂതൈഃ ജലൈഃ സമാപൂര്യ = വടക്കു ജലദ്രോണിയിൽ അരിച്ച വെള്ളമുണ്ടാക്കി വരുണനേയും ഗംഗയേയും ദേവനേയും പൂജിച്ച വാരുണമന്ത്രങ്ങൾ ജപിച്ചാൽ ആ വെള്ളംകൊണ്ട് കലശത്തേ അർദ്ധോത്തരം നിറച്ച്, തത്ര ഇഷ്ടവർണ്ണാംബുരുഹോപവിഷ്ടമൂർത്ത്യന്തരുദ്യത്സകളാത്മതത്ത്വേ = അവിടെ ലിപിപങ്കജത്തേ പൂജിച്ച് മൂർത്ത്യാവാഹനയും

Shripuram Publications
www.shripuram.org

ചെയ്തു കലകളേ ആവാഹിച്ചനിറച്ച് കലാന്യാസവും വിദ്യാऽവാഹനയും ചെയ്തു തത്ത്വങ്ങളേ ആവാഹിച്ചനിറച്ച തത്ത്വന്യാസവും തത്പൂജയും ചെയ്വൂ.

ത്ര്യാധാരപദ്മേഷ്വഭിവാഹ്യ ചാത്മ-
വിദ്യാപരാഖ്യാന്യപി തത്ത്വകാനി
സർവ്വേഷു സംപൂജയതു ത്രിനേത്രേ
പരാംശസംഭിന്നശിവാനി മന്ത്രീ. 34

മന്ത്രീ = മന്ത്രജ്ഞനായിരിക്കുന്ന ആചാര്യൻ, സർവേഷു ത്ര്യാധാരപദ്മേഷു ആത്മവിദ്യാപരാഖ്യാനി തത്ത്വകാനി അഭിവാഹ്യ സമ്പൂജയതു = എല്ലാ ദേവന്മാരിലും മൂലാധാരത്തുങ്കൽ അന്നമഃ പരായ ആത്മതത്ത്വാത്മനേ നമഃ എന്നും ഹൃദയത്തുങ്കൽ ഉന്നമഃ പരായ വിദ്യാതത്ത്വാത്മനേ നമഃ എന്നും ഭ്രൂമദ്ധ്യത്തുങ്കൽ മന്നമഃ പരായ പരതത്ത്വാത്മനേ നമഃ എന്നും ഈ മൂന്ന തത്ത്വങ്ങളേ വെവ്വേറേ ആവാഹിച്ച പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയേ ചെയ്വൂ. ത്രിനേത്രേ പരാംശസംഭിന്നശിവാനി = ശിവങ്കൽ പരായ എന്നുള്ളേടത്തു ശിവായ എന്നുകൂട്ടിക്കൊള്ളണം. അന്നമശ്ശിവായ ആത്മതത്ത്വാത്മനേ നമഃ ഉന്നമഃ ശിവായ വിദ്യാതത്ത്വാത്മനേ നമഃ മന്നമഃ ശിവായ പരതത്ത്വാത്മനേ നമഃ ഇങ്ങനെ മന്ത്രങ്ങൾ.

തസ്മിൻ പല്ലവചക്രികാദിഘടിതേ
താരോപചാരാദിനാ
ദേവേശം കലശേऽഭിവാഹ്യ നിജമൂ
ലേനാർണതത്ത്വാദിഭിഃ
സാകല്യം പരികല്പ്യകല്പവിധിനാ
ദത്വോപഹാരാൻ ക്രമാത്
സംപൂജ്യാഥ നിവേദ്യ തോഷണസപ-
ര്യാം ച പ്രകുര്യാദ് ഗുരുഃ. 35

പല്ലവചക്രികാദിഘടിതേതസ്മിൻ കലശേ = പിന്നെ ആലും മാവും തളിരുകളും ചക്രികയുംവച്ച്, ആ കലശത്തിൽ, ഗുരുഃ താരോപചാരാദിനാ നിജമൂലേന ദേവേശം അഭിവാഹ്യ = പ്രണവോപചാരമൂലങ്ങളേക്കൊണ്ടു ദേവനേ ആവാഹിച്ച് കല്പവിധിനാ അർണ്ണതത്ത്വാദിഭിഃ സാകല്യം പരികല്പ്യ = ലിപിതത്ത്വാക്ഷരാംഗങ്ങളേ ന്യസിച്ച സകളമായി ധ്യാനിച്ച്, ഉപഹാരാൻ ക്രമാദ് ദത്വാ സമ്പൂജ്യ നിവേദ്യ = അർഘ്യാദികളായ ഉപഹാരങ്ങളേക്കൊണ്ടു സപരിവാരമായി മൂർത്തിപൂജയും ചെ

www.shripuram.org
Shripuram Publications
www.shripuram.org

യ്തു നിവേദിച്ച്, തോഷണസപര്യാം ച കുര്യാത് = പ്രസന്നപൂജയേയും ചെയ്വൂ.

പ്രക്ലൃപ്തയോഗാസനപൂജനാദികാം
ഗളന്തികാം ഗാളിതവാരിപൂരിതാം
തതോ നിജാസ്ത്രേണ കൃതാഭിവാഹനാം
പ്രകല്പിതാംഗാമമുനാ പ്രപൂജയേൽ. 36

പ്രക്ലൃപ്തയോഗാസനപൂജനാദികാം = കർക്കരിക്ക പീഠപൂജ കഴിഞ്ഞാൽ ശോഷണാദികുർച്ചപൂജാന്തംചെയ്ത്, ഗാളിതവാരിപൂരിതാം = ജലദ്രോണിയിൽ പൂജിച്ച് വെള്ളംകൊണ്ടു നിറപ്പൂ. തതഃ നിജാസ്ത്രേണ കൃതാഭിവാഹനാം പ്രകല്പിതാംഗാം = പിന്നെ അസ്ത്രംകൊണ്ട് ആവാഹിച്ച് അംഗന്യാസാന്തംചെയ്ത് ഉപഹാരങ്ങളേക്കൊടുത്ത്, അമുനാ പ്രപൂജയേത് = അസ്ത്രംകൊണ്ട് മൂർത്തിപൂജാദി ചെയ്ത് നിവേദിച്ചു പ്രസന്നപൂജയും ചെയ്വൂ.

തതഃ കരകധാരായാ വിഹിതാവിച്ഛിന്നമൂലോക്ഷയാ
പ്രദക്ഷിണപരിഭ്രമം വിതനയാദളിന്ദേഽസ്ത്രതഃ
ഘടം നയതു പൃഷ്ഠതോഽപ്യഥ പുരാർജ്ജിതാൻ സർഷപാൻ
വികീര്യ കരകേ ഘടീം വികിരകാംശ്ച പീഠേ ന്യസേത്. 37

തതോഽളിന്ദേ = അനന്തരം മണ്ഡപത്തിന്റെ അളിന്ദത്തുങ്കൽ, വിഹിതാവിച്ഛിന്നമൂലോക്ഷയാ കരകധാരയാ = ഒരു പരികർമ്മിയേക്കൊണ്ടു കർക്കരിയേ എടുപ്പിച്ചു വാലിൽക്കൂടെ വെള്ളത്തേ മണ്ഡപത്തിന്റെ ഉത്തരത്തിന്നു നേരേ താഴെ വീഴ്ത്തിക്കൊണ്ട്, അസ്ത്രതഃ പ്രദക്ഷിണപരിഭ്രമം വിതനയാദ് = അസ്ത്രം ജപിച്ചു പ്രദക്ഷിണത്തേ വയ്പ്പൂ. പൃഷ്ഠതഃ ഘടം നയതു = അപ്പോളാചാര്യൻതാൻ വേറേയൊരുത്തൻതാൻ ജലധാരയിൽക്കൂടെ കുംഭേശകലശത്തേ എടുത്തുകൊണ്ടുപോയി പ്രദക്ഷിണമായിട്ട് ഈശകോണിൽ സംസ്ഥാനത്തുവരുമ്പോൾ, പുരാർജ്ജിതാൻ സർഷപാൻ വികീര്യ കരകം = മുമ്പിൽ മണ്ഡപസംസ്കാരത്തുങ്കൽ എടുത്തിരിക്കുന്ന കടുകിനേ പീഠത്തിന്മേലിട്ടു കർക്കരിയേയും വികിരാൻ വികീര്യ ഘടീം ച പീഠേ ന്യസേത് = തദ്വികിരങ്ങളേ പീഠത്തേൽ ഇട്ടു കുംഭേശകലശത്തേയും പീഠത്തിന്മേൽ വയ്പൂ.

ആധാരത്രിതയേ യഥാപുരമദഃ
സമ്പൂജ്യ തത്ത്വത്രയം
മൂലേനാത്ര വിഭാവ്യ ദേവമണുനാ

Shripuram Publications
www.shripuram.org

സാംഗം സമഭ്യർച്ചയേത്
പൂർണീകൃത്യ ഗളന്തികാമപി യജേത്
സ്വാസ്ത്രേണ കൃത്വാ ദ്വയോ-
ർന്നൈവേദ്യം പരിതോഷ്യ രക്ഷതു ഘടൌ
ദ്വ്യേകാംശുകാവേഷ്ടിതൌ. 38

ആധാരത്രിതയേ യഥാപുരം അദഃ തത്ത്വത്രയം സമ്പൂജ്യ = മുമ്പി ലേപ്പോലെ മൂലാധാരഹൃദയഭ്രൂമദ്ധ്യങ്ങളിൽ ഇവിടെ പറഞ്ഞ ത്രിതത്ത്വ ങ്ങളേ ആവാഹിച്ച പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്ത്, അത്ര മൂലേ ന അണുനാ ദേവം വിഭാവ്യ = മൂലമന്ത്രംകൊണ്ടു ദേവനേ ആവാഹി ച്ച്, സകളീകരിച്ച്, സാംഗം സമഭ്യർച്ചയേത് = സപരിവാരം പൂജിപ്പൂ. ഗളന്തികാമപി പൂർണീകൃത്യ സ്വാസ്ത്രേണ യജേത് = കർക്കരിയേയും വെള്ളം നിറച്ച അസ്ത്രം ആവാഹിച്ച് പൂജിപ്പൂ. ദ്വയോഃ നൈവേദ്യം കൃത്വാ = രണ്ടിടത്തും നിവേദിച്ച്, പരിതോഷ്യ ദ്വ്യേകാംശുകാവേഷ്ടിതൌ ഘ ടൌ രക്ഷതു = പ്രസന്നപൂജയും ചെയ്ത് രണ്ടു വസ്ത്രംകൊണ്ട് കുംഭേശകല ശത്തേയും, ഒരു വസ്ത്രംകൊണ്ട് കർക്കരിയേയും മൂടി രക്ഷിപ്പൂ. ഇങ്ങനെ കുംഭേശ പൂജാപ്രകാരം.

അനന്തരം അഗ്നിജനനത്തേ പറയുന്നു.

സ്വിഷ്ടാത്മാ പരിമാർജനാദിപരിശു-
ദ്ധേ/സ്ത്രാന്തതാരോക്ഷിതേ
വാതാഗ്ന്യംബുമഹീവിയദ്ദഹനബീ-
ജൈസ്തത്ത്വസംഖ്യോദിതൈഃ
സന്ധാര്യാസുമസൌ വിധായ പരിശോ-
ഷാദിപ്രദാഹാന്തിമം
തദ്വൈശേഷികശോധനം പ്രജനയേത്
കുണ്ഡേ സ്വകേ/ഥാനലം. 39

സ്വിഷ്ടാത്മാ പ്രജനയേത് = ആചാര്യൻ ദേഹശുദ്ധിശംഖപൂരണാ ത്മാരാധനകളേച്ചെയ്ത് ഗണപതിയേ നിവേദിച്ച്, പരിമാർജനാദിപരി ശുദ്ധേ = മുഷ്ട്യാദികളേക്കൊണ്ടു സ്ഥലശുദ്ധിയേ ചെയ്തിരിക്കുന്ന, സ്വകേ കുണ്ഡേ = ആചാര്യകുണ്ഡത്തിങ്കൽ, അസ്ത്രാന്തതാരോക്ഷിതേ = ഓം ഹും ഫട് എന്ന മന്ത്രംകൊണ്ടു തളിച്ച്, തത്ത്വസംഖ്യോദിതൈഃ വായ്വഗ്ന്യം ബുമഹീവിയദ്ദഹനബീജൈഃ അസും സന്ധാര്യ = ഇരുപത്തഞ്ചുരു ജപി ച്ചിരിക്കുന്ന യം രം വം ലം ഹം രം ഈ വായ്വാദി പഞ്ചഭൂതങ്ങളേക്കൊ ണ്ടു പ്രാണായാമത്തേച്ചെയ്ത്, അസൌ പരിശോഷാദിപ്രദാഹാന്തിമം

www.shripuram.org
Shripuram Publications
www.shripuram.org

തദ്വൈശേഷികശോധനം വിധായ അനലം പ്രജനയേത് = ആചാര്യൻ ശോഷണാദി ദഹനാന്തമായ വിശേഷശോധനത്തേച്ചെയ്ത് അഗ്നിയേ ജനിപ്പിക്കണം.

താരേണാജിതസുംഭജിദ്ധരിഹരേ
രേഖാമുദഗ്ഗാമിനീം
പ്രാഗഗ്രേ ച തദന്തയോർവ്വിലിഖേദ്
ദ്വേ തേ ച തിസ്രോഽന്തരാ
തച്ഛേഷേഷ്വഥ തിസ്ര ഏവ വിലിഖേത്
പാശ്ചാത്യരേഖോർദ്ധ്വതോ-
യാമ്യാദിക്രമതോ മഹേശഗുഹയോ-
സ്താഃ സ്വാസ്ത്രതഃ കല്പവിത്. 40

കല്പവിദ് ഗുരുഃ = കല്പങ്ങളേ അറിഞ്ഞിരിക്കുന്ന ആചാര്യൻ, അജിതസുംഭജിദ്ധരിഹരേ = വിഷ്ണുവിങ്കലും ദുർഗ്ഗയിങ്കലും ശങ്കരനാരായണങ്കലും, താരേണ ഉദഗ്ഗാമിനീം രേഖാം = പ്രണവംകൊണ്ടു കുണ്ഡത്തിൽ പടിഞ്ഞാറേ അരികിൽ ശകലമെടുത്ത് വടക്കോട്ട് ഒരു രേഖയേ വരച്ചാൽ, തദന്തയോഃ പ്രാഗഗ്രേ ദ്വേ = ആ രേഖയുടെ തെക്കും വടക്കും കിഴക്കോട്ടു രണ്ടു രേഖകളേയും വരച്ച്, അന്തരാതിസ്രഃ ച വിലിഖേത് = ആ രണ്ടു രേഖകളുടെ നടുവിൽ വലത്തും നടുവിലും എടത്തുമായിട്ട് മൂന്നു രേഖകളേയും വരപ്പൂ. തച്ഛേഷേഷു പാശ്ചാത്യരേഖോർദ്ധ്വതഃ യാമ്യാദിക്രമതഃ തിസ്രഃ ഏവ വിലിഖേത് = ശേഷമുള്ള ശിവാദി നാലു ദേവന്മാരിലും പടിഞ്ഞാറേ രേഖ വരച്ചാൽ അതിന്മേൽ തെക്കു തുടങ്ങി കിഴക്കോട്ടു മൂന്നു രേഖകളേത്തന്നെ വരപ്പൂ. ഇങ്ങനെ എല്ലാടവും പ്രണവംകൊണ്ടു കീറൂ. മഹേശഗുഹയോഃ താഃ സ്വാസ്ത്രതഃ = ശിവങ്കലും സുബ്രഹ്മണ്യങ്കലും കീറുന്നതു തങ്ങളുടെ അസ്ത്രംകൊണ്ടുവേണം.

സ്കന്ദേശയോഃ കവചതോ ധ്രുവതഃ പരേഷു
ഭൂയഃ സമുക്ഷ്യ സലിലൈഃ ശകലം നിരസ്യ
ന്യസ്യേത് സുഗന്ധകുസുമാക്ഷതവാരിഭിർച്ചെ-
സ്താരേണ വിഷ്ടരമിഹാർഹതു യോഗപീഠം. 41

സ്കന്ദേശയോഃ കവചതഃ = സുബ്രഹ്മണ്യങ്കലും ശിവങ്കലും കവചമന്ത്രംകൊണ്ടും, പരേഷു ധ്രുവതഃ = വിഷ്ണ്വാദി എല്ലാവർക്കും പ്രണവംകൊണ്ടും ഭൂയഃ സലിലൈഃ സമുക്ഷ്യ = വെള്ളംകൊണ്ടു വരച്ചേടത്തു തളിച്ച്, ശകലം നിരസ്യ = ശകലത്തേയെടുത്തു നിരൃതിയിങ്കൽ കളഞ്ഞ്, താരേണ സുഗന്ധകുസുമാക്ഷതവാരിഭിർച്ചൈഃ വിഷ്ടരം ന്യസേത് = പ്രണവം

Shripuram Publications
www.shripuram.org

ജപിച്ച ഗന്ധപുഷ്പാക്ഷതദർഭകൂർച്ചങ്ങളോട്ടുകൂടിയ വിഷ്ടരത്തേ കുണ്ഡത്തിന്റെ നടുവിൽ വയ്ക്കൂ. ഇഹ യോഗപീഠം അർഹതു = പിന്നെ ഇവിടെ പീഠമന്ത്രങ്ങളേക്കൊണ്ടു പീഠപൂജയേച്ചെയ്‌വൂ.

ശ്രീബീജേന പ്രകൃതിമഭിവാഹ്യാജിതേ/ന്യേഷു ശക്ത്യാ
ചേഷ്ട്വാ ദീർഘസ്വരഭിദുരബീജാംഗസാംഗീകൃതാം താം
പുത്രീയന്തീം ശുചിമൃതുമതീം പ്രാക്ശിരസ്കാം രതോൽകാ-
മുത്താനാംഗീമുദരകുഹരീഭൃതകുണ്ഡാം സ്മരേച്ച. 42

അജിതേ ശ്രീബീജേന = വിഷ്ണുവിങ്കൽ ശ്രീഭഗവതിയുടെ ബീജംകൊണ്ടും, അന്യേഷു ശക്ത്യാ ച = മറ്റുള്ള ദേവന്മാരിൽ ഭുവനേശ്വരിയുടെ ബീജമന്ത്രംകൊണ്ടും, പ്രകൃതിം അഭിവാഹ്യ = മായയേ ആവാഹിച്ച്, ദീർഘസ്വരഭിദുരബീജാംഗസാംഗീകൃതാം താം ഇഷ്ട്വാ = ശ്രാം ഹൃദയായ നമഃ ഇത്യാദികൊണ്ടും ഹ്രാം ഹൃദയായ നമഃ ഇത്യാദികൊണ്ടും അംഗന്യാസാദി ചെയ്ത് അർഘ്യാദ്യുപഹാരങ്ങളേ കൊടുത്ത് അംഗങ്ങളോട്ടുകൂടി മൂർത്തിപൂജയും ചെയ്ത് അർഘ്യപുഷ്പാഞ്ജലിയും മാനസപൂജയും ചെയ്തു ധ്യാനിപ്പൂ. പുത്രീയന്തീം = പുത്രോൽപത്തിയേ ആശ്രയിച്ചിരിക്കുന്ന എന്നും, ശുചിം = ശുദ്ധയായിരിക്കുന്ന എന്നും, ഋതുമതിം = ഋതുസ്നാതയായി എന്നും, പ്രാക്ശിരസ്കാം = കിഴക്കോട്ടു ശിരസ്സായി ഇരിക്കുന്ന എന്നും, ഉത്താനാംഗീം = മലർന്നുകിടക്കുന്ന എന്നും, രതോത്കാം = ഭോഗത്തുങ്കൽ മനസ്സോട്ടുകൂടിയിരിക്കുന്ന എന്നും, ഉദരകുഹരീഭൃതകുണ്ഡാം = ഉദരാന്തർഭാഗമായ കുണ്ഡത്തോട്ടുകൂടിയിരിക്കുന്ന എന്നും സ്മരേത് = ആ പ്രകൃതിയേ ധ്യാനിക്കണം.

വിപ്രാവസഥ്യം നിഭൃതോപനീത-
മർക്കാശ്മജം വാ/രണിസംഭവം വാ
ഹവ്യാദമാദായ നിധായ നാഭൌ
ക്രവ്യാദഭാഗം നിരൃതൌ നിരസ്യേത്. 43

വിപ്രാവസഥ്യം = ബ്രാഹ്മണന്റെ അടുക്കളയിൽനിന്നതാൻ, അർക്കാശ്മജം = സൂര്യകാന്തത്തിലുണ്ടാകുന്നതുതാൻ, അരണിസംഭവം വാ = അരണികൊണ്ടു കടഞ്ഞെടുത്തു ഉണ്ടാക്കിയതുതാൻ, നിഭൃതോപനീതം ഹവ്യാദം ആദായ = ഒരു പാത്രത്തിലാക്കി അടച്ചുകൊണ്ടുവന്നിരിക്കുന്ന തീയിനേ വാങ്ങിച്ച്, നാഭൌ നിധായ = കുണ്ഡത്തിന്റെ പടിഞ്ഞാറേ നാഭിസ്ഥാനത്തു കൂർച്ചത്തിന്റെ മുകളിൽവച്ച്, നിരൃതൌ ക്രവ്യാദഭാഗം നിരസ്യേത് = നിരൃതികോണിലൊരു തീക്കനലെടുത്ത് രാക്ഷസാംശം എന്നു കല്പിച്ചു കളവൂ.

Shripuram Publications
www.shripuram.org

ഉന്നീയ വഹ്നിചിതിമാത്മനി സംവിലാപ്യ
കൃത്വാ പ്രദാഹചരമാം പരിശുദ്ധിമഗ്നൌ
പ്രത്യർപ്യ തത്ര ചിതിമാത്മഗതാം നിജേന
ബീജേന താരപുടിതേന യാജേച്ച കിഞ്ചിത്. 44

വഹ്നിചിതിം ഉന്നീയ ആത്മനി സംവിലാപ്യ = പിന്നെ ഓം രം ഓം എന്ന മന്ത്രംകൊണ്ട് അഗ്നിചൈതന്യത്തേ ഉദ്വസിച്ച് തങ്കൽ യോജിപ്പിച്ച്, അഗ്നൌ പ്രദാഹചരമാം പരിശുദ്ധിം കൃത്വാ = തീയിനേ അടച്ച പുൽകൊണ്ടു കെട്ടി ശോഷണദഹനങ്ങളേച്ചെയ്തു പത്മമാത്രം പീഠം പൂജിച്ച്, അത്മഗതാം ചിതിം പ്രത്യർപ്യ = തങ്കൽ ഉദ്വസിച്ച് അഗ്നിചൈതന്യത്തേ അഗ്നിയിങ്കൽ യോജിപ്പിച്ച് വ്യാപകാംഗം ചെയ്തു, താരപുടിതേന നിജേന ബീജേന കിഞ്ചിദ് യജേത് = പ്രണവപുടിതമായ അഗ്നി ബീജംകൊണ്ടു പൂജിച്ച് മാനസപൂജയും ചെയ്വൂ.

ഉദ്ബുദ്ധമുദ്ധൃതപിധാനമുദർച്ചിഷം ത്രി-
രാസ്ഥായ ജാനുയുഗളേന പരിഭ്രമയ്യ
യോന്യാം ധ്രുവേണ വിഭുവീര്യമയം നിദധ്യാദ്
ഗർഭാശയം സമുപനീയ സമേധയേച്ച. 45

ഉദ്ബുദ്ധം ഉദ്ധൃതപിധാനം ഉദർച്ചിഷം = പിന്നെ ശകലംകൊണ്ട് അഗ്നിയേ കൊട്ടിയുണർത്തി അടച്ചതിനേ അഴിച്ച വീശികത്തിച്ച്, ജാനുയുഗളേന ആസ്ഥായ, മുട്ടുകുത്തിയിരുന്ന്, ത്രിഃ പരിഭ്രമയ്യ = കുണ്ഡത്തിന്റെ മുകളിൽ മൂന്നുപ്രാവശ്യം പാത്രത്തോടുകൂടി വട്ടത്തിൽ ചുഴറ്റി, വിഭുവീര്യമയം അഗ്നിം യോന്യാം നിദധ്യാത് = ദേവന്റെ ബീജാത്മകമായിരിക്കുന്ന തീയിനേ യോനിരൂപമായ കുണ്ഡത്തിന്റെ പടിഞ്ഞാറ് ഇട്ടു. ഗർഭാശയം സമുപനീയ സമേധയേത് ച = ഒരു തീ ശകലംകൊണ്ടു ഗർഭാശയത്തിലാക്കി വീശിക്കത്തിപ്പൂ.

സ്വസ്വോക്തവത് പരിസമൂഹപരിസ്തരാദ്യം
സർപ്പിഃസ്രുവപ്രഭൃതിസംസ്കരണം ച കൃത്വാ
കല്യാണരേതസമമും പരിഭ്രഷ്യ ഗർഭാ-
ധാനാദി സംസ്കൃതിമഥ ക്രമശോഽസ്യ കുര്യാത്. 46

സ്വസ്വോക്തവത് = തന്റെ തന്റെ ഗൃഹ്യങ്ങൾ പറഞ്ഞിരിക്കുന്ന പോലെ, പരിസമൂഹപരിസ്തരാദ്യം = തലോടി വ്ളാകി പരിസ്തരിച്ചു തൊട്ടു വ്ളാകിയാൽ, സർപ്പിഃസ്രുവപ്രഭൃതിസംസ്കരണം ച കൃത്വാ = ആജ്യസംസ്കാരം തുടങ്ങി സ്രുക്സമ്മാർജനം കഴിവോളം ചെയ്തു, കല്യാണ

Shripuram Publications
www.shripuram.org

രേതസം അമും പരിഭ്രഷ്യ = ആ അഗ്നിയേ ഗന്ധപുഷ്പങ്ങളേ ആരാധിച്ച് അലങ്കരിച്ച്, ക്രമശഃ ഗർഭാധാനാദിസംസ്കൃതിം കര്യാത് = ക്രമേണ ഗർഭാധാനാദികളായ ക്രിയകളേ ചെയ്വൂ.

ഗർഭധാനാദിക്രിയാക്രമത്തേ പറയുന്നു.

താരേണ പ്രസമർച്ച്യ കർമ്മ കരണീ-
യം കല്പയിത്വാ ധിയാ
ഹുത്വൈകാം സമിധം ഘൃതം പ്രജുഹുയാത്
സ്വോക്താണുനാ/ഷ്ടശഃ
തിഷ്ഠൻ സസ്രുവയാ സ്രുചാ ചതുരവത്താ-
ജ്യാഢ്യയാ ഹോമയേത്
പൂർണ്ണാം കർമ്മ കൃതം സ്മരേത്തദധുനാ
വാ സ്യാദ് ധ്രുവേണാർച്ചനം. 47

താരേണ പ്രസമർച്ച്യ = പ്രണവംകൊണ്ട് ജലഗന്ധപുഷ്പ ധൂപദീപാന്തം പൂജിച്ച്, ധിയാ കരണീയം കർമ്മ കല്പയിത്വാ = "ഗർഭാധാനം കരിഷ്യേ' ഇങ്ങനെ ചെയ്വാനുള്ള കർമ്മത്തെ പ്രാർത്ഥിച്ച്, ഏകാം സമിധം ഹുത്വാ = ഒരു ചാഞ്ചമതയേ മന്ത്രം കൂടാതെ ഹോമിച്ച്, സ്വോക്താണുനാ അഷ്ടശഃ ഘൃതം പ്രജുഹുയാത് = അതതു ക്രിയയ്ക്കു പറയുന്ന മന്ത്രംകൊണ്ട് എട്ടുരു നെയ്യിനേ ഹോമിപ്പൂ. തിഷ്ഠൻ ചതുരവത്താജ്യാഢ്യയാ സസ്രുവയാ സ്രുചാ പൂർണ്ണാം ഹോമയേത് = പിന്നെ ചതുരവദാനം ചെയ്തു നിറച്ചിരിക്കുന്ന ജുഹുകൊണ്ടു സ്രുവം കൂട്ടി നിന്നു പൂർണ്ണാഹുതിയേ ഹോമിപ്പൂ. തത് കർമ്മ കൃതം സ്മരേത് = "ഗർഭാധാനം കൃതം' എന്ന് ആ ക്രിയയേ ചെയ്തു എന്നു ചൊല്ലൂ. ധ്രുവേണ അർച്ചനം അധുനാ വാ = പ്രണവംകൊണ്ടുള്ള പൂജ ഒടുക്കമായിട്ടും ആം.

ഈശേ ഷോഡശ സേകപുംസവനസീ-
മന്തോന്നയാ ജാതക-
ർമ്മാഖ്യാ നിഷ്ക്രമഭുക്തിചൌളമുപനീ-
തിശ്ച വ്രതാനി ക്രിയാഃ
സ്നാനോദ്വാഹവിതാനവഹ്നികരണാ
ശേഷേഷ്വനിഷ്ഠാന്തയഃ
സന്ത്വഷ്ടോപനയാന്തിമാ മഹിഷഹ-
ന്ത്ര്യാം സപ്ത ചൌളാന്തിമാഃ. 48

ഈശേ = ശിവങ്കൽ, സേകം = ഗർഭാധാനം, പുംസവനം = അതു

Shripuram Publications
www.shripuram.org

തന്നെ, സീമന്തോന്നയനം ജാതകർമ്മം = അവതന്നെ, ആഖ്യാ = നാമകരണം, നിഷ്ക്രമം = ഉപിനിഷ്ക്രാമണം, ഭുക്തി = അന്നപ്രാശനം, ചൌളം = ചൂഡാകർമ്മ, ഉപനീതിഃ = ഉപയനയനം, വ്രതാനി = മഹാനാമ്നൃം വ്രതം, മഹാവ്രതം വ്രതം, ഉപനിഷദം വ്രതം, ഗോദാനം വ്രതം ഇങ്ങനെ ആശ്വലായനന്മാരുടെ വ്രതങ്ങൾ. ബോധായനന്മാരാകുമ്പോൾ ഹോതാരം ഉപനിഷദം ഗോദാനം ശുക്രിയം ഇങ്ങനെ നാല്. കൌഷീതകാദികൾക്കും അവരവരുടെ വ്രതങ്ങൾ വേണം. സ്നാനോദ്വാഹവിതാനവഹ്നികരണം = സമാവർത്തനം, വിവാഹം, അഗ്ന്യാധാനം, ഇതി ഷോഡശക്രിയാഃ = ഇങ്ങനെ പതിനാറു ക്രിയകൾ. ശേഷേഷു അനിഷ്ക്രാന്തയഃ ഉപനയാന്തിമാഃ അഷ്ട = ശേഷം വിഷ്ണ്വാദി അഞ്ചു ദേവന്മാരിലും ഉപനിഷ്ക്രാമണം കൂടാതെ ഉപനയനം കഴിവോളമുള്ള ക്രിയകൾ എട്ടും ചെയ്വൂ. മഹിഷഹന്ത്ര്യാം ചൌളാന്തിമാഃ സപ്ത ക്രിയാഃ = ദുർഗ്ഗയിങ്കൽ ചൌളം കഴിവോളമുള്ള ക്രിയകൾ ഏഴും ചെയ്വൂ.

ക്രിയകൾ ചെയ്യുന്നേടത്തു ആജ്യാഹുതിയുടെ മന്ത്രങ്ങളേ പറയുന്നു.

കുര്യാത്സദ്യാദിപഞ്ചാനനശിവനൃശിവ-
ബ്രഹ്മപങ്ക്ത്യർണനാദൈ-
രീശേ ശ്രീശാര്യദുർഗാസ്വപി മനുലിപിഭിഃ
സ്വാംഗബീജൈർഗണേശേ
സംസ്കാരാനന്ത്യതസ്ത്രീൻ സ്മരമുരഭിദി ഭ്ര-
രാദിഭിഃ സത്യതോ ദ്വൌ
ശ്രീശേ വാ//ംഗൈഃ ഷഡാസ്യേഷഡണമനുയുജാ-
//ര്യേ//പി ഷണ്മൂലതാരൈഃ. 49

ഈശേ = ശിവങ്കൽ, സദ്യാദി പഞ്ച = സദ്യോജാതനും വാമദേവനും അഘോരനും തത്പുരുഷനും ഈശാനനും ഇങ്ങനെ അഞ്ചും, ആനനശിവനൃശിവബ്രഹ്മപങ്ക്ത്യർണ്ണനാദൈഃ = ആനനം തത്പുരുഷൻ, ശിവൻ ഈശാനൻ, നൃ തത്പുരുഷൻ, ശിവൻ ഈശാനൻ, ബ്രഹ്മ സദ്യോജാതൻ, വാമദേവൻ അഘോരൻ തത് പുരുഷൻ ഈശാനൻ ഇങ്ങനെ അഞ്ചും, പങ്ക്ത്യർണ്ണം = വ്യോമവ്യാപിദശാക്ഷരം ഓം ആം ഈം ഊം വ്യോമവ്യാപിനേ ഓം, നാദം ഹൌം എന്നു ഷോഡശക്രിയകളുടെ മന്ത്രങ്ങൾ. ശ്രീശാര്യ ദുർഗാസു അപി മനുലിപിഭിഃ = വിഷ്ണുവിങ്കലും മൂലമന്ത്രത്തിന്റെ അക്ഷരങ്ങളെക്കൊണ്ട് എട്ടു ക്രിയകൾക്കും, ഗണേശേ സ്വാംഗബീജൈഃ = ഗണപതിയിങ്കൽ ഗാംഗീം ഇത്യാദി അംഗബീജങ്ങൾ ആറുകൊണ്ടും, അന്ത്യതഃ ത്രീൻ = ഒടുക്കത്തേ ഗഃ എന്നു മൂന്നു പ്രാവശ്യമായിട്ടും എട്ടിന്നും മന്ത്രങ്ങൾ ഭവിക്കും. സ്മരമുരഭിദി = ശങ്കരനാ

www.shripuram.org
Shripuram Publications
www.shripuram.org

രായണങ്കൽ ഭൂരാദിസപ്തവ്യാഹൃതികൊണ്ടും, സത്യതഃ ദ്വൌ = സത്യം സ്വാഹാ എന്ന രണ്ടു ക്രിയയ്ക്കും കൂടി എട്ടും, ശ്രീശേ അംഗൈഃ = വിഷ്ണുവിങ്കൽ അഷ്ടാംഗങ്ങളേക്കൊണ്ടും, ഷഡാസ്യേ ഷഡണമനുയുജാ = സുബ്രഹ്മണ്യങ്കൽ ഷണ്മന്ത്രങ്ങൾ ആറും മൂലവും ഉപചാരവും ഇങ്ങനെ എട്ടും, ആര്യേ അപി ഷണ്മൂലതാരൈഃ = ശാസ്താവിങ്കൽ ഷണ്മന്ത്രവും പ്രണവം രണ്ടുപ്രാവശ്യവും ഇങ്ങനെ എട്ടും ക്രിയകൾ ചെയ്യുന്നേടത്ത് ആജ്യാഹുതികൾക്കു മന്ത്രം ഭവിക്കും.

പൂർണ്ണേഷു കർമ്മസു സമർച്ചിതയോഗപീഠേ$/$
ത്രാവാഹ്യ മൂലമനുനാ ലിപിതത്ത്വമന്ത്രാൻ
വിന്യസ്യ തം സകളിതം പരിദീപ്തസപ്ത-
ജിഹ്വാദികം പ്രയജതാമനുസന്ധാനഃ. 50

കർമ്മസു പൂർണ്ണേഷു = ഇങ്ങനെ അവരവർക്കു പറഞ്ഞിരിക്കുന്ന ക്രിയകൾ ഒക്കെയും ചെയ്താൽ, സമർച്ചിതയോഗപീഠേ അത്ര മൂലമനുനാ ആവാഹ്യ = അവിടെ പീഠമന്ത്രംകൊണ്ടു പീഠത്തേ പൂജിച്ച് മൂലമന്ത്രം കൊണ്ട് ദേവനേ ആവാഹിച്ച് ലിപിതത്ത്വമന്ത്രാൻ വിന്യസ്യ = ലിപിതത്ത്വങ്ങളെ ന്യസിച്ച്, സകളിതം തം പരിദീപ്ത സപ്തജിഹ്വാദിം = വ്യാപകാംഗാദി ചെയ്തു സകളസ്വരൂപനായി ഹിരണ്യാഗഗനാദി സപ്തജ്വാലകളോടുകൂടിയ അഗ്നിയേ, അനുസന്ധാനഃ = ധ്യാനിച്ച്, പ്രയജതാം = മൂർത്തിപൂജയേ ചെയ്ത് നിവേദ്യത്തോളം ചെയ്‌വൂ.

താരവ്യാഹൃതിഭിഃ സ്വപീഠമനുഭി-
സ്താരോപചാരസ്വമൂ-
ലാംഗൈരാവരണാണുഭിശ്ച സകൃദാ-
വൃത്ത്യാ ഘൃതം മൂലതഃ
പൂർണ്ണാന്തേ പ്രജുഹോതു ഭൂഃ പ്രഭൃതിതാ-
രാദ്യൈസ്സമാപ്യാർച്ച്യതം
രക്ഷേന്നിഷ്കളിതം തതോ$/$ത്ര തനുയാത്
[1]പര്യുക്ഷണാന്തം വിധിം. 51

താരവ്യാഹൃതിഭിഃ = പിന്നെ ചാഞ്ചമത ഹോമിച്ച് പ്രണവ വ്യാഹൃതികളേക്കൊണ്ടും, സ്വപീഠമനുഭിഃ = തന്റെ പീഠപൂജാമന്ത്രങ്ങളേക്കൊണ്ടും, താരോപചാരസ്വമൂലാംഗൈഃ = പ്രണവോപചാര മൂലമൂലാക്ഷരാംഗായുധഭൂഷണമന്ത്രങ്ങൾക്കൊണ്ടും, ആവരണാണുഭിഃ ച = പരിവാരമന്ത്രങ്ങളേ

1. 'പരിഷേകാന്തം വിധിം ചാചരേത്' എന്നു പാഠാന്തരം.

www.shripuram.org
Shripuram Publications
www.shripuram.org

ക്കൊണ്ടും, സകൃത് = ഒരു പ്രാവശ്യം ഹോമിച്ച പൂർണ്ണാഹുതിയേച്ചെയ്ത്, മൂലതഃ ആവൃത്ത്യാച (ഘൃതം) = മൂലംകൊണ്ട് നൂറ്റെട്ടുതാൻ ഇരുപത്തെട്ടുതാൻ ഉരുവായിട്ടും ആജ്യാഹുതി ചെയ്ത്, പൂർണ്ണാന്തേ ഭൂഃപ്രഭൃതിതാരാദ്യൈഃ ച ജുഹോതു = പൂർണ്ണാഹുതി ചെയ്ത് വ്യാഹൃതിപ്രണവംകൊണ്ടു ഹോമിച്ച്, സമാപ്യ = കോരിവാർത്ത്, തം അർച്ച്യ = ദേവന്റെ പ്രസന്നപൂജയും ചെയ്ത്, നിഷ്കളിതം തം രക്ഷേത് = ബ്രഹ്മാർപ്പണാദിലയാംഗാന്തം ചെയ്തു രക്ഷിപ്പൂ. തതഃ പര്യുക്ഷണാന്തം വിധിം ച തനയാത് = പിന്നെ തലോടി വ്‌ളാകിയാരാധിച്ച് ഗണപതിവിസർജനത്തേയും ചെയ്‌വൂ. ഇങ്ങനെ അഗ്നിജനനപ്രകാരം.

അനന്തരം ശയ്യാപൂജയേപ്പറയുന്നു.

അഥ സമ്മൃഷ്ടലിപ്തായാം
വേദ്യാം ദക്ഷിണതോ ഗുരുഃ
ശയ്യാക്ഷേത്രം പ്രകുർവീത
മൂലപ്രാസാദസമ്മുഖം. 52

അഥ ഗുരുഃ = അനന്തരം ആചാര്യൻ, സമ്മൃഷ്ടലിപ്തായാം വേദ്യാം ദക്ഷിണതഃ = പിന്നെയും തദർത്ഥമായി അടിച്ചുതളിച്ചിരിക്കുന്ന വേദിയിൽ തെക്കേ അർദ്ധത്തുങ്കൽ, മൂലപ്രാസാദസമ്മുഖം ശയ്യാക്ഷേത്രം പ്രകുർവീത = പൂർവദ്വാരപ്രാസാദത്തുങ്കൽ നിരൃതിഖണ്ഡത്തുങ്കലും പശ്ചിമദ്വാരപ്രാസാദത്തുങ്കൽ അഗ്നിഖണ്ഡത്തുങ്കലും പ്രാസാദമുഖംപോലെ ശിരസ്സവരുമാറ് ശയ്യാസ്ഥാനത്തേ ഉണ്ടാക്കു.

അവിടെ വീഥിസ്വസ്തികത്തേ ഉണ്ടാക്കുവാൻ പറയുന്നു.

[2]**പ്രാഗഗ്രസൂത്രാണ്യുദഗഗ്രസൂത്രാ-**
ണ്യപി ക്രമാദത്ര ഷഡഷ്ട കൃത്വാ
ത്ര്യേകൈഃ പദൈഃ സ്വസ്തികമാദധീത
ചതുർദിശാസ്വന്യപഥാനി വീഥിഃ.

അത്ര പ്രാഗഗ്രസൂത്രാണി ഷഡ് ഉദഗഗ്രസൂത്രാണി അഷ്ട അപി കൃത്വാ = കിഴക്കുപടിഞ്ഞാറായിട്ട് ആറു സൂത്രങ്ങളേയും തെക്കുവടക്കായി എട്ടു സൂത്രങ്ങളേയും തിരിച്ചു മുപ്പത്തഞ്ചു ഖണ്ഡങ്ങളേയുണ്ടാക്കി, ചതുർദിശാസു ത്ര്യേകൈഃ പദൈഃ സ്വസ്തികം ആദധീത = നാലു ദിക്കിലും പുറത്തേ വരിയിൽ മൂന്നും അകത്തേ വരിയിൽ ഒന്നും കൂടി മൂർത്തസ്വസ്തികത്തേ നാലിനേയുമുണ്ടാക്കി, അന്യപദാനി വീഥിഃ = ശിഷ്ടംകൊണ്ടു

Shripuram Publications

2. ഈ പദ്യം മുദ്രിതഗ്രന്ഥത്തിലില്ല.

www.shripuram.org

തുടങ്ങി കോണോളമുള്ള പദങ്ങൾ പത്തൊമ്പതും ഒന്നാക്കി തുടച്ച് ലതാരേഖകളേയുമുണ്ടാക്കി ചുറ്റും എട്ടു ദിക്കുകളിലും വിദ്യേശ്വരകലശങ്ങൾക്ക് സ്വസ്തികങ്ങൾ എട്ടും, ശിരസ്സുകൽ നിദ്രാകലശത്തിന്നു ഒരു അഷ്ടദളപത്മത്തേയുമുണ്ടാക്കി അതിനു പുറത്ത് മുളപ്പാലികകളേ വയ്ക്കുന്നതിനു പതിനാറു സ്വസ്തികങ്ങളേയുമുണ്ടാക്കി, ശിരസ്ഥാനം ത്രികോണം വരുമാറ് രണ്ടുപുറത്തുനിന്നും കർണ്ണരേഖ ഇട്ടുകൂട്ടി പൊടികളേ യഥാശോഭം നിറപ്പൂ.

കൃത്വാ സ്വസ്തികമത്ര ധാന്യനിചയം
ദ്രോണാഷ്ടകാദ്യന്മിതം
മൂലേനാമലതണ്ഡുലാദിസഹിതം
ക്ഷിപ്ത്വാ കുശാഗ്രോത്തരം
തത്രൌർണ്ണേയകതുലസംഭൃതപടീ-
പട്ടാദിഭിഃ കല്പിതാം
ശയ്യാം ശാർങ്ഗിണി സംസ്തൃണാതു മിഹിരാ-
ർണ്ണേനാന്യതോ മൂലതഃ 53

അത്ര സ്വസ്തികം കൃത്വാ = ഈ ശയ്യാക്ഷേത്രത്തുങ്കൽ പറഞ്ഞപോലെ സ്വസ്തികങ്ങളേ ഉണ്ടാക്കിയാൽ, ദ്രോണാഷ്ടകാദ്യന്മിതം ധാന്യനിചയം ക്ഷിപ്ത്വാ = "ദ്രോണം' പതിനാറിടങ്ങഴി കൊള്ളുന്ന പറ - അതുകൊണ്ട് അളവായിട്ട് എട്ടുതാൻ നാലുതാൻ രണ്ടുതാൻ ഒന്നുതാനളന്ന് ഇടൂ. പിന്നെ വസ്ത്രം വിരിച്ചതിൽ, മൂലേന അമലതണ്ഡുലാദിസഹിതം ക്ഷിപത്വാ = മൂലംകൊണ്ട് നെല്ലിൽ പാതി അരിയും അരിയിൽ പാതി എള്ളും എള്ളിൽ പാതി കടുകും ഇങ്ങനെ വസ്ത്രാന്തരാളമായിട്ട് ഇട്ടാൽ, കുശാഗ്രോത്തരം = ദർഭാഗ്രങ്ങളേയും വയ്ക്കൂ. തത്ര ഔർണ്ണേയകതുലസംഭൃതപടീപട്ടാദിഭിഃ കല്പിതാം ശയ്യാം = ആ പീഠത്തിന്റെ മുകളിൽ ഔർണ്ണേയകം = കരിമ്പടം ഇടൂ. തുലസംഭൃതപടീ = പഞ്ഞിയേ നിറച്ചിരിക്കുന്ന വസ്ത്രം. അതിന്റെ പുറമേ പട്ടുമിട്ടിരിക്കുന്ന കിടക്കയേ, ശാർങ്ഗിണി മിഹിരാർണ്ണേന = വിഷ്ണുവിങ്കൽ ദ്വാദശാക്ഷരംകൊണ്ടും, അന്യതഃ മൂലതഃ = മറ്റുള്ള ദേവന്മാരിൽ മൂലംകൊണ്ടും വിരിപ്പൂ.

പരാർദ്ധ്യവാസോവിഹിതോത്തരച്ഛദേ
ശിരോപധാനാദിമതീഷ്ടവിഷ്ടരേ
യജേത [3]തസ്മിഞ്ഛയനേ സമാഹിതഃ

Shripuram Publications

3. 'തത് പീഠദ്ധാഭിമാനിനീം' എന്നു മുദ്രിതപാഠം.

www.shripuram.org

സ്വകീയശക്തിം നിജബീജവിദ്യയാ. 54

പരാർദ്ധ്യവാസോവിഹിതോത്തരച്ഛദേ = അക്കിടക്കയിങ്കൽ നല്ല വസ്ത്രത്തേയും വിരിച്ച്, ശിരോപധാനാദിമതി = ശിരസ്സങ്കലും പാദദേശത്തും പാർശ്വഭാഗങ്ങളിലും തലയിണയും വച്ച്, ഇഷ്ടവിഷ്ടരേ = ദേഹശുദ്ധി തുടങ്ങി പീഠപൂജകഴിവോളം ചെയ്ത്, തസ്മിൻ ശയനേ = ആ കിടക്കയിങ്കൽ, സമാഹിതഃ = സാവധാനചിത്തനായിരിക്കുന്ന ഗുരു, നിജബീജവിദ്യയാ സ്വകീയശക്തിം യജേത = വിഷ്ണുവിങ്കൽ ശ്രീബീജംകൊണ്ടും മറ്റെല്ലാടത്തും ഭുവനേശ്വരികൊണ്ടും തന്റെ തന്റെ ശക്തിയേ ആവാഹിച്ച് ആവാഹമുദ്രാദി കാട്ടി മൂർത്തിപൂജാദി ചെയ്ത് അർഘ്യപുഷ്പാഞ്ജലിയും ചെയ്തു രക്ഷിപ്പൂ.

അനന്തരം നിദ്രാകലശാദിയേ പറയുന്നു.

അപോഹീത്യണഭിഃ സ്മരദ്വിഷി ശിരോ-
ദേശേ കുമാരേ തഥാ-
പോദേവീരിതി മൂലതസ്തദിതരേ-
ഷ്വാര്യേ/ഥ വൈശ്യാം ദിശി
നിദ്രാകുംഭമഥാഭിപൂര്യ വിധിവദ്
ഗന്ധാംഭസാ പൂജയേത്
ശയ്യാന്തേ പരിതോ/ഷ്ടദിക്ഷു മനവി-
ദ്വിദ്യേശകുംഭാനപി. 55

സ്മരദ്വിഷി ശിരോദേശേ ആപോഹീത്യണഭിഃ = ശിവങ്കൽ ശിരഃസ്ഥാനത്തുങ്കൽ ബ്രഹ്മകലശപൂജപോലെ നിദ്രാകലശപൂജ തുടങ്ങി മാനസപൂരണാന്തം ചെയ്താൽ ജലദ്രോണി വെള്ളമെടുത്ത് 'ആപോഹിഷ്ഠാമയോ ഭുവഃ' എന്ന ഋക്കുകളേക്കൊണ്ടു നിറപ്പൂ. കുമാരേ തഥാ = സുബ്രഹ്മണ്യങ്കൽ അപ്രകാരം കലശപൂജ തുടങ്ങി, 'ആപോ ദേവീഃ' ഇതി = ആപോ ദേവീ എന്നതുകൊണ്ടു നിറപ്പൂ. തദിതരേഷു = വിഷ്ണ്വാദികളിൽ, മൂലതഃ = മൂലംകൊണ്ടു നിറപ്പൂ. അഥവാ ആര്യേ ഐശ്യാം ദിശി = എന്നിയേ ശസ്താവിങ്കലീശകോണിൽതാൻ നിദ്രാകലശത്തേ പൂജിപ്പൂ. ഗന്ധാംഭസാ നിദ്രാകലശം അഭിപൂര്യ വിധിവത് പൂജയേത് = ഈ പറഞ്ഞ മന്ത്രങ്ങളേക്കൊണ്ട് അഷ്ടഗന്ധജലംകൊണ്ട് നിദ്രാകലശത്തേ നിറച്ച് ലിപിപങ്കപൂജയും മൂർത്ത്യാവാഹന കലാവാഹന വിദ്യാവാഹന തത്ത്വാവാഹന മൂലാവാഹന ഇവ ഒക്കെയും ചെയ്ത് സപരിവാരം പൂജിച്ച് നിവേദിച്ചു പ്രസന്നപൂജയും ചെയ്വൂ. അഥ ശയ്യാന്തേ പരിതഃ മനവിത് അഷ്ടദിക്ഷു വിദ്യേശകുംഭാൻ അപി പൂജയേത = പിന്നെ ശയ്യയുടെ

Shripuram Publications
www.shripuram.org

ചുറ്റും മന്ത്രജ്ഞനായ ആചാര്യൻ എട്ടു ദിക്കുകളിലേയും സ്വസ്തികത്തിൽ വിദ്യേശ്വരകലശങ്ങളേയും പൂജിപ്പൂ.

വിഷ്ണൌ വിഷ്ണുമുഖാഃ സമൂലലിപയോ
ദിക്കോണഗാസ്ത്രീക്ഷണേ
ഽനന്താദ്യാ ദ്വിതയേഽപി തേ ശിവഹരൌ
ഗോപ്ത്രാദയഃ ശാസ്തരി
പൂജ്യാസ്തേഷ്വ ഘടേഷു ഭാവിപരിവാ-
രാ മൂർത്തയഃ ശക്തയ-
ശ്ചാന്യേഷു ത്രിഷു മൂലമേവ ചതസൃ-
ഷ്വാശാസു വാ ഷണ്മുഖേ. 56

വിഷ്ണൌ സമൂലലിപയഃ വിഷ്ണുമുഖാഃ ദിക്കോണഗാഃ = വിഷ്ണുവിങ്കൽ മൂലാക്ഷരത്തോടുകൂടിയിരിക്കുന്ന വിഷ്ണ്വാദികൾ ദിക്കുകളിലും കോണുകളിലും ആയി ഭവിക്കും. ഓം വിഷ്ണവേ നമഃ, നം മധുസൂദനായ നമഃ, മോം ത്രിവിക്രമായ നമഃ, നാം വാമനായ നമഃ, രാം ശ്രീധരായ നമഃ, യം ഹൃഷീകേശായ നമഃ, ണാം പത്മനാഭായ നമഃ, യം ദാമോദരായ നമഃ ഇങ്ങനെ എട്ടു ദേവതകൾ. ത്രീക്ഷണേ അനന്താദ്യാഃ = ശിവങ്കൽ അനന്തായ നമഃ, സൂക്ഷ്മായ നമഃ, ശിവോത്തമായ നമഃ, ഏകനേത്രായ നമഃ, ഏകരുദ്രായ നമഃ, ത്രിമൂർത്തയേ നമഃ, ശ്രീകണ്ഠായ നമഃ, ശിഖണ്ഡിനേ നമഃ, ഇതു കിഴക്കു തുടങ്ങി ദിക്കുകളിലും ഈശാനാദികോണുകളിലും ആയിട്ടു പൂജയിങ്കലേപ്പോലെ. ശിവഹരൌ തേ ദ്വിതയേ അപി = ശങ്കരനാരായണങ്കൽ ഇതു രണ്ടുവകയും കൂടി അനന്തായ വിഷ്ണ്വാത്മനേ നമഃ ഇത്യാദി എട്ടും ഭവിക്കും. ശാസ്തരി ഗോപ്ത്രാദയഃ = ശാസ്താവിങ്കൽ ഗോപ്ത്രേ നമഃ ഇത്യാദി ധ്വജദേവതകൾ എട്ടും മണ്ഡപസംസ്കാരത്തുങ്കൽ പറഞ്ഞതുതന്നെ. അന്യേഷു ത്രിഷു = സുബ്രഹ്മണ്യങ്കലും ഗണപതിയിങ്കലും, (ദുർഗ്ഗയിങ്കലും) തേഷു ഘടേഷു = ആ വിദ്യേശ്വരകലശങ്ങളിൽ, ഭാവിപരിവാരാഃ മൂർത്തയഃ ശക്തയഃ ച = പൂജാപടലത്തിൽ പറയുന്ന പരിവാരരങ്ങളാകുന്ന മൂർത്തികളും ശക്തികളും, പൂജ്യാഃ = പൂജിക്കണം. അവിടെ സുബ്രഹ്മണ്യങ്കൽ സനൽകുമാരാദി എട്ടും, ഗണപതിയിങ്കൽ ഗണഞ്ജയാദികൾ എട്ടും ഇവ മൂർത്തികൾ. ദുർഗ്ഗയിങ്കൽ, ജയായൈ നമഃ ഇത്യാദി എട്ടും ശക്തികളാകുന്നത്. ഇവറ്റിന്റെ ദിക്കുകൾ പൂജയിങ്കലേപ്പോലെ. ഷണ്മുഖേ ചതസൃഷു ആശാസു മൂലം ഏവ വാ = സുബ്രഹ്മണ്യങ്കൽ നാലു ദിക്കുകളിൽ മൂലം തന്നെയായിട്ടുമാം.

മദ്ധ്യേവേദി വിനിർമ്മിതേ രസദളേ

Shripuram Publications
www.shripuram.org

കൌമാരകേ മണ്ഡലേ
കൌമാരം കലശം പ്രപൂര്യ വിധിവത്
സംപൂജ്യ തത് പൂർവ്വതഃ
ശയ്യാം ദക്ഷിണസൌമ്യദിക്കൃതസമാ-
യാമാം ഗൃഹേ കല്പയേത്
സ്വോദ്യത് സ്വാപഘടാദികാമഭിദധേ
കൌമാരകുംഭാർച്ചനം. 57

സുബ്രഹ്മണ്യങ്കലേ വിശേഷത്തേ പറയുന്നു – ഗൃഹേ മദ്ധ്യേവേദി = സുബ്രഹ്മണ്യങ്കൽ മണ്ഡപത്തിന്റെ തറയുടെ നടുവിൽ, വിനിർമ്മിതേ രസദളേ കൌമാരകേ മണ്ഡലേ = പന്ത്രണ്ടാംപടലത്തിൽ പറയുന്നതു പോലെ ഷഡ്ദലമാകുന്ന പത്മത്തേയുണ്ടാക്കി പീഠംവിരിച്ച്, കൌമാരം കലശം വിധിവത് പ്രപൂര്യ സംപൂജ്യ = കൌമാരകലശത്തേ വിധിവത്താകുംവണ്ണം നിറച്ചു പൂജയും കഴിച്ചാൽ, തത്പൂർവതഃ = അതിന്റെ കിഴക്കു മണ്ഡപത്തിന്റെ കിഴക്കേ പാതിയിൽ, ദക്ഷിണസൌമ്യദിക്കൃതസമായാമാം = പൂർവദ്വാരത്തുങ്കൽ അഗ്നികോണിൽ ദക്ഷിണോത്തര ദീർഘമായി വടക്കു ശിരസ്സവരുമാറും, പശ്ചിമദ്വാരത്തിങ്കൽ മണ്ഡപത്തിന്റെ ഈശകോണിൽ തെക്കു ശിരസ്സവരുമാറും, സ്വോദ്യൽസ്വാപഘടാദികാൻ ശയ്യാം കല്പയേത് = ശയ്യയുടെ ശിരഃസ്ഥാനത്തു നിദ്രാകലശത്തോടും ചുറ്റും വിദ്യേശ്വരകലശങ്ങളോടും ബീജാങ്കുരപാലികാദികളോടും കൂടി ശയ്യയേ ഉണ്ടാക്കണം. അഹം കൌമാരകുംഭാർച്ചനം അഭിദധേ = ഞാൻ കൌമാരകലശപൂജയേ പറയുന്നു.

പീഠാന്തേ ബ്രഹ്മാണം
സഭദ്രകാളീഗണേശവിഷ്ണുമിഹ
ഈശ്വരശാസ്താരാവപി
ദലഷട്കേ ഹരിദിഗാദി സമഭിയജേത്. 58

പീഠാന്തേ = ദേഹശുദ്ധി ശംഖപൂരണാത്മാരാധനയും പീഠപൂജയും ശക്ത്യാവാഹനയും ചെയ്താൽ, ദലഷട്കേ ഹരിദിഗാദി = ഷഡ്ദലങ്ങളിൽ കഴിക്കുതുടങ്ങി, ബ്രഹ്മാണം = ബ്രഹ്മണേ നമഃ, സഭദ്രകാളീഗണേശവിഷ്ണും = ഭദ്രകാള്യൈ നമഃ, ഗണപതയേ നമഃ, വിഷ്ണവേ നമഃ, ഈശ്വരശാസ്താരൌ അപി = ഈശ്വരായ നമഃ, ശാസ്ത്രേ നമഃ, സമഭിയജേത് = ഈ മന്ത്രങ്ങളേക്കൊണ്ടും പൂജിപ്പൂ.

Shripuram Publications
www.shripuram.org

പൂർണ്ണേ ഹിരണ്മയാംബുജ-
ഗജശിഖിശക്തിസ്വത്രുന്നിധായാത്ര

കലശേ സാർണ്ണസരോജേ
ഗുഹമാവാഹ്യർച്ചയേത്സഹാ//വരണൈഃ. 59

പൂർണ്ണേ കലശേ = പിന്നെ കുംഭസംസ്കാരവും ത്രികലാന്യാസവും കുംഭാവാഹനയും കൂർച്ചന്യാസവും നവരത്നസ്വർണ്ണം ന്യസിച്ച മാനസ പൂരണവും ചെയ്ത് ജലദ്രോണി വെള്ളംകൊണ്ട് നിറച്ചാൽ, അത്ര ഹിര ണ്മയാംബുജഗജശിഖിശക്തിസ്വത്രൻ നിധായ പൊന്നുകൊണ്ട് ഉണ്ടാ ക്കിയ താമരപ്പൂവും ആനയും മയിലും വേലും വജ്രവും അക്കലശത്തിലിട്ട് ലിപിപങ്കജപൂജയും, മൂർത്ത്യാവാഹനയും ചെയ്താൽ ഗുഹം ആവാഹ്യ ആവരണൈഃ സഹ അർച്ചയേത് = സുബ്രഹ്മണ്യനേ മൂലംകൊണ്ട് ആ വാഹിച്ച് പരിവാരങ്ങളോടുകൂടി പൂജിപ്പൂ.

പ്രാഗ്വജ്രാദേഃ പ്രയജേ-
ദാദിത്യാനാശ്വിനൌ പിതൄൻ ഗണപം
മാതൄപ്സപരോവസൂനിഹ
രുദ്രാംശ്ചാ/ഭ്യന്തരേ ജയന്താദ്യേ. 60

വജ്രാദേഃ പ്രാക് ജയന്താദ്യേ അഭ്യന്തരേ = പരിവാരപൂജയിങ്കൽ ഇന്ദ്രാദികഴിഞ്ഞാൽ വജ്രാദിക്കുമുമ്പിൽ കിഴക്കുവടക്ക് ജയന്തസ്ഥാനമാ യ അന്തരാളത്തിൽ തുടങ്ങി, ആദിത്യാൻ = ആദിത്യേഭ്യോ നമഃ, അശ്വി നൌ = അശ്വിഭ്യാം നമഃ, പിതൄൻ = പിതൃഭ്യോ നമഃ, ഗണപം = ഗണ പതയേ നമഃ, മാതൄപ്സരോവസൂൻ = മാതൃഭ്യോ നമഃ, അപ്സരേഭ്യോ നമഃ, വസുഭ്യോ നമഃ, രുദ്രാൻ = രുദ്രേഭ്യോ നമഃ, ഇഹ പ്രയജേത് = ഇക്കൌ മാരകലശത്തുങ്കൽ ഈ മന്ത്രങ്ങൾ എട്ടും കൂടെ പൂജിക്കണം.

അനന്തരം ഉപഹാരപാത്രങ്ങളെ പറയുന്നു.

ഗാംഗേയരൌപ്യമയതാമ്രജകാംസ്യമൃത്സ്നാ-
പാത്രാണി മൌലിപദപാർശ്വയുഗാഗ്രഭാഞ്ജി
വിഷ്ണൌ ക്രമേണ, ഘൃതമാക്ഷികദുഗ്ദ്ധശാന്തി-
വാർഗ്ഗവ്യവന്ത്യഭിമൃശേന്നിജപഞ്ചതത്വൈഃ. 61

വിഷ്ണൌ മൌലിപദപാർശ്വയുഗാഗ്രഭാഞ്ജി = വിഷ്ണുവിങ്കൽ ശിരസ്സ ങ്കലും പാദത്തുങ്കലും വലത്തുഭാഗത്തും ഇടത്തുഭാഗത്തും കിരീടാഗ്രത്തുങ്ക ലും, ഗാംഗേയരൌപ്യമയതാമ്രജകാംസ്യമൃത്സ്നാപാത്രാണി = പൊന്നു കൊണ്ടും വെള്ളികൊണ്ടും ചെമ്പുകൊണ്ടും ഓട്ടുകൊണ്ടും മണ്ണുകൊണ്ടും ഉണ്ടാക്കിയിരിക്കുന്ന പാത്രങ്ങളേ വച്ച ഘൃതമാക്ഷികദുഗ്ദ്ധശാന്തിവാർഗ്ഗ വ്യവന്തി = നെയ്യും തേനും പാലും ശാന്തിജലവും പഞ്ചഗവ്യവും നിറച്ച്

www.shripuram.org
Shripuram Publications
www.shripuram.org

അവറ്റിന്നു ശോഷണാദി ചെയ്തു പൂജിച്ച്, നിജപഞ്ചതത്ത്വൈഃ അഭിമൃശേത് തന്റെ പഞ്ചതത്ത്വങ്ങളേ തൊട്ടു ജപിച്ചു രക്ഷിപ്പൂ. പൊന്നും മുത്തുമിട്ട വെള്ളം ശാന്തിജലം.

ന്യസ്യേത് തദ്വത് പദപരിസരേ
പാത്രയോരർഘ്യപാദ്യേ
ക്ഷീരക്ഷൌദ്രേ മദനദമനേ
പാർശ്വയോർമൂലതശ്ച
മൂലേനാര്യേ ഘൃതമധുശിരോ/ംഘ്ര്യോഃ
കുമാരേ/ർഘ്യപാദ്യേ
പാത്രദ്വന്ദ്വേ രജതരചിതേ
സ്വോപചാരാണുനാംഘ്ര്യോഃ. 62

മദനദമനേ = ശിവങ്കൽ, തദ്വത് = വിഷ്ണുവിങ്കലേപ്പോലെ പൊന്ന് വെള്ളി ചെമ്പ് ഓട് ഈ നാലുപാത്രങ്ങളേ, പദപരിസരേ പാത്രയോഃ അർഘ്യപാദ്യേ = രണ്ടു കാലിന്റെ ചുവട്ടിൽ അർഘ്യപാദ്യങ്ങളേയും, പാർശ്വയോഃ ക്ഷീരക്ഷൌദ്രേ = രണ്ടുപുറത്തും പാലും തേനും നിറച്ച്, മൂലതഃ അഭിമൃശേത് = മൂലംതൊട്ടുജപിക്കണം. ആര്യേ = ശാസ്താവിങ്കൽ, ശിരോ/ംഘ്ര്യോഃ = ശിരസ്സുങ്കലും പാദത്തുങ്കലും പൊന്നും വെള്ളിയും കൊണ്ട് ഉണ്ടാക്കിയ പാത്രങ്ങളേവച്ച്, ഘൃതമധു = നെയ്യും തേനും നിറച്ച്, മൂലേന = മൂലംകൊണ്ടു ജപിപ്പൂ. കുമാരേ അംഘ്ര്യോഃ രജതരചിതേ പാത്രദ്വന്ദ്വേ = സുബ്രഹ്മണ്യങ്കൽ രണ്ടു കാലിന്റെ അടുക്കൽ വെള്ളിക്കിണ്ണം രണ്ടുംവച്ച് അതിൽ, അർഘ്യപാദ്യേ സ്വോപചാരാണുനാ = അർഘ്യപാദ്യജലം നിറച്ച് ഉപചാരംകൊണ്ടു ജപിപ്പൂ.

ഹൈമേ ന്യസേച്ഛിരസി സുംഭരിപാവിഷേ ത്വേ-
ത്യാജ്യം പദേ മധു ച മധ്വിതി രൌപ്യപാത്രേ
മൂലേന പാർശ്വയുജി കാംസ്യജതാമ്രജേ/ർഘ്യ
പാദ്യേ ഹരീശഗണപേ തു ഹരീശവച്ച. 63

സുംഭരിപൌ ശിരസി ഹൈമേ പാത്രേ = ദുർഗ്ഗയിങ്കൽ ശിരസ്സുങ്കൽ പൊന്നുകൊണ്ടുള്ള പാത്രത്തിൽ, ഇഷേത്വാ ഇതി ആജ്യം ന്യസേത് = ഇഷേത്വോർജേ ത്വാ എന്ന ഋക്കുകൊണ്ടു നെയ്യിനേയും, പദേ രൌപ്യ പാത്രേ മധു ഇതി മധു ച = കാലുങ്കൽ വെള്ളിപ്പാത്രത്തുങ്കൽ "മധുവാതാ' ഇത്യാദികൊണ്ടു തേനിനേയും ന്യസിപ്പൂ. പാർശ്വയുജി താമ്രജകാംസ്യജേ = വലത്തുഭാഗത്തും ഇടത്തുഭാഗത്തിലും ചെമ്പുപാത്രത്തിലും ഓട്ടുപാത്രത്തിലും, മൂലേന അർഘ്യപാദ്യേ = മൂലംകൊണ്ട് അർഘ്യജലത്തേയും

www.shripuram.org
Shripuram Publications
www.shripuram.org

പാദ്യജലത്തേയും വയ്ക്കൂ. ഹരീശ ഗണപേ ത്ര ഹരീശവത് ച = ശങ്കരന ാരായണങ്കൽ വിഷ്ണുവിനേപ്പോലെ അഞ്ചുപാത്രങ്ങളിൽ തദ്ദ്രവ്യങ്ങളേ യും ഗണപതിയിങ്കൽ ശിവങ്കൽ പറഞ്ഞപോലെ നാലുപാത്രങ്ങളിൽ തദ്ദ്രവ്യങ്ങളേയും വയ്ക്കൂ. അർഘ്യപാദ്യങ്ങൾ കലശദ്രവ്യങ്ങൾ പറയുന്ന തുപോലെ എടുത്തുകൊള്ളണം.

മംഗലാന്യഷ്ട പരിതസ്തഥാ മംഗലപാലികാഃ
പ്രദീപാദീംശ്ച വിന്യസ്യ മണ്ഡയേന്മണ്ഡപോദരം. 64

പരിതഃ അഷ്ടമംഗലാനി ചുറ്റും സ്വസ്തികങ്ങളിൽ അഷ്ടമംഗലങ്ങളേ യും തഥാ മംഗലാപാലികാഃ = അപ്രകാരം ചുറ്റും മുളപ്പാലികകളേയും, പ്രദീപാദീംശ്ച വിന്യസ്യ = നാലുകോണുകളിലും വിളക്കുകളേയും വച്ച് മണ്ഡപോദരം മണ്ഡയേത് = മണ്ഡപത്തിന്റെ അകത്തേ അലങ്കരിപ്പൂ.

ന്യസ്യേച്ഛംഖാരികേതൂന്മുകുരവൃഷസൃണീം-
ശ്ചാമരം മത്സ്യയുഗ്മം
ദിക്ഷ്വീശേ ത്ര്യാദ്യവത്സം മുകുരവൃഷഝഷ-
ദ്വന്ദ്വകുംഭാംസ്ത്രിധാമ്നി
ശ്രീശേശേ സ്വസ്തികാബ്ജം ദരഘടമുകുരം
സോൽപലാവർത്തവത്സം
വത്സം കുംഭം സഭേരീമുകുരഝഷസൃണീ-
ഞ്ഛംഖനന്ദ്യൌ ച ചണ്ഡ്യാം. 65

ഈശേ = ശിവങ്കൽ ശംഖാരികേതൂൻ = ശംഖും ചക്രവും കൊടിമ രവും, മുകുരവൃഷസൃണീൻ = വാൽക്കണ്ണാടിയും കാളയും തോട്ടിയും, ചാ മരം = വെഞ്ചാമരവും, മത്സ്യയുഗ്മം = ഇരട്ടമത്സ്യവും, ദിക്ഷു ന്യസേത് = കിഴക്കു തുടങ്ങി എട്ടു ദിക്കിലും ക്രമേണ വയ്ക്കൂ. ത്രിധാമ്നി = വിഷ്ണുവി ങ്കൽ, ത്ര്യാദ്യവത്സം ശംഖും ചക്രവും കൊടിമരവും ശ്രീവത്സവും, മുകുര വൃഷഝഷദ്വന്ദ്വകുംഭാൻ = വാൽക്കണ്ണാടിയും കാളയും ഇരട്ടമത്സ്യവും പൂർണ്ണകുംഭവും ഇങ്ങനെ എട്ടിനേയും വയ്ക്കൂ. ശ്രീശേശേ = ശങ്കരനാരായ ണങ്കൽ, സ്വസ്തികാബ്ജം = സ്വസ്തികത്തേയും താമരയേയും ദരഘടമുകുരം = ശംഖിനേയും പൂർണ്ണകുംഭത്തേയും വാൽക്കണ്ണാടിയേയും, സോൽപ ലാവർത്തവത്സം = ചെങ്ങഴിനീർപ്പൂവ്, നന്ത്യാർവട്ടം, ശ്രീവത്സം ഈ എട്ടിനേയും, ചണ്ഡ്യാം = ദുർഗ്ഗയിങ്കൽ, വത്സം = ശ്രീവത്സം, കുംഭം = പൂർണ്ണകുംഭം, സഭേരീമുകുരഝഷസൃണീൻ = ചെണ്ടയേയും കണ്ണാടിയേ യും ഇരട്ടമത്സ്യത്തേയും തോട്ടിയേയും, ശംഖനന്ദ്യൌ ച = ശംഖിനേ യും നന്ത്യാർവ്വട്ടത്തേയും വയ്ക്കൂ.

www.shripuram.org
Shripuram Publications
www.shripuram.org

പൂർണഘടധ്വജവജ്രം
സ്വസ്തികശക്തീ ച ചാമരദ്വിതയം
നാഗം മയൂരമഷ്ടൌ
സ്കന്ദേ/പി കരോതു മംഗലാന്യത്ര. 66

സ്കന്ദേ = സുബ്രഹ്മണ്യങ്കൽ, പൂർണ്ണഘടധ്വജവജ്രം = പൂർണ്ണകുംഭത്തേയും കൊടിമരത്തേയും വജ്രത്തേയും സ്വസ്തികശക്തീ = സ്വസ്തികത്തേയും വേലിനേയും, ചാമരദ്വിതയം = ഉഭയചാമരത്തേയും, നാഗം = ആനയേയും, മയൂരം = മയിലിനേയും, അത്ര മംഗലാനി കരോതു = ഇവിടെ അഷ്ടമംഗലങ്ങളേ വയ്ക്കൂ.

ദർപ്പണം പൂർണകുംഭം ച വൃഷഭം ചാമരദ്വയം
ശ്രീവത്സം സ്വസ്തികം ശംഖം ദീപം വിഘ്നേശശാസ്തരി. 67

വിഘ്നേശശാസ്തരി = ഗണപതിയിങ്കലും ശാസ്താവിങ്കലും, ദർപ്പണം = കണ്ണാടി, പൂർണ്ണകുംഭം = അതു തന്നെ, വൃഷഭം = കാള, ചാമരദ്വയം = ഉഭയചാമരം, ശ്രീവത്സം = അതുതന്നെ, സ്വസ്തികം ശംഖം = അതുതന്നെ, ദീപം = വിളക്ക് ഇവ എട്ടിനേയും വയ്ക്കണം. ഈ അഷ്ടമംഗലങ്ങൾ അശ്വത്ഥാദി വൃക്ഷങ്ങളേക്കൊണ്ട് ഉണ്ടാക്കണം.

ഇതി സംസ്കൃതമണ്ഡപോ/സ്യ ബാഹ്യേ
ശിവദിഗ്ധാമ്നി നിധായ ഭദ്രപീഠം
പരിപൂജ്യ കുശാദിമാൻ പ്രയായാൽ
പ്രതിതീർത്ഥം പ്രതിമാമിഹ പ്രണേതും. 68

ഇതി സംസ്കൃതമണ്ഡപഃ = ഇപ്രകാരം മണ്ഡപസംസ്കാരത്തേ ചെയ്താൽ, അസ്യ ബാഹ്യേ ശിവദിഗ്ധാമ്നി = ഈ മണ്ഡപത്തിന്റെ പുറത്തേ ഈശകോണിൽ, ഭദ്രപീഠം നിധായ പരിപൂജ്യ = മരംകൊണ്ട് ഉണ്ടാക്കി ഇരിക്കുന്ന ഭദ്രപീഠത്തേ പ്രാസാദാഭിമുഖമായും വിഷ്ണുവിങ്കൽ പ്രാങ്മുഖമായും വച്ച് അതിങ്കൽ പീഠപൂജയേച്ചെയ്തു രക്ഷിച്ച്, കുശാദിമാൻ = ദർഭപുഷ്പാക്ഷതാദികളേ എടുത്തുകൊണ്ട്, ഇഹ പ്രതിമാം പ്രണേതും തീർത്ഥം പ്രതി പ്രയായാത് = ഇവിടെ ബിംബത്തേ എടുപ്പിച്ച് കൊണ്ടു വരുന്നതിന്നായിക്കൊണ്ടു ജലാധിവാസം ചെയ്തിരിക്കുന്ന തീർത്ഥത്തേക്കുറിച്ചു പോവൂ.

തദ്രക്ഷണായ പരിതഃ കൃതസന്നിവേശം
സംഹൃത്യ ദൈവതഗണം സലിലസ്ഥബിംബേ
ഉദ്ധൃത്യ വാരിണ ഇദം പ്രവിസൃജ്യ വാസോ-

www.shripuram.org
Shripuram Publications
www.shripuram.org

ദർഭൈർവിഘൃഷ്യ സലിലേന വിശോധയേച്ച. 69

പരിതഃ തദ്രക്ഷണായ കൃതസന്നിവേശം = അവിടെ ബിംബരക്ഷയ്ക്കായിക്കൊണ്ടു ചുറ്റും കല്പിച്ചിരിക്കുന്ന; ദൈവതഗണം = ഇന്ദ്രാദിദിക്പാലന്മാരേ; സലിലസ്ഥബിംബേ സംഹൃത്യ = വെള്ളത്തിൽ കിടത്തിക്കിടക്കുന്ന ബിംബത്തിങ്കൽ പുഷ്പാരാധനകൊണ്ടു ലയിപ്പിച്ച്; ഇദം വാരിണ ഉദ്ധൃത്യ = ഈ ബിംബത്തെ വെള്ളത്തിൽനിന്ന് എടുത്ത്; വാസഃ പ്രവിസൃജ്യ = മൂടിയ വസ്ത്രത്തെ അഴിച്ചു; ദർഭൈഃ വിഘൃഷ്യ സലിലേന വിശോധയേത് ച = ദർഭമുഷ്ടികൊണ്ടു തേച്ചു വെള്ളം കൊണ്ടു കഴുകി ശോധനയേ ചെയ്വൂ.

കൃത്വാ തദ്ഗതഭൂതസർജ്ജനമിദം
തന്മന്ത്രസാംഗീകൃതം
ഗന്ധാദ്യാഹിതചർച്ചനം പ്രതിസരം
തത്സാമ്പ്രതികേ്യ തഥാ
ബദ്ധ്വാ വസ്ത്രസുവേഷ്ടിതം ദ്വിജരഥേ/-
ഥാരോപ്യ വാദ്യാദിഭിഃ
സാകം ശാകുനജാപകസ്നപനഗേ-
ഹം മന്ത്രബിംബം നയേത്. 70

തദ്ഗതഭൂതസർജ്ജനം കൃത്വാ = ആ ബിംബത്തിങ്കൽ പ്ലാവനാദി മൂന്നും ചെയ്ത് ഹൌന്നമഃ പരായാകാശാത്മനേ നമഃ ഇത്യാദി അഞ്ചുകൊണ്ടും ഗുണസംഖ്യാപ്രാണായാമങ്ങളും വ്യാപകങ്ങളും ചെയ്ത് പഞ്ചഭൂതങ്ങളെ സൃഷ്ടിച്ച്; തന്മന്ത്രസാംഗീകൃതം ഗന്ധാദ്യാഹിതചർച്ചനം ഇദം = പിന്നെ ലിപിപ്രാണായാമവും ലിപിന്യാസവും മൂലപ്രാണായാമവും വ്യാപകാംഗവും ചെയ്ത് ഈ ബിംബത്തേ ഗന്ധപുഷ്പാദികളെക്കൊണ്ടു പൂജിപ്പൂ. തത്സാംപ്രതികേ്യ പ്രതിസരം ബദ്ധ്വാ = അപ്പോൾ കൌതുകബന്ധനം ചെയ്യേണ്ട വിഷ്ണുവിങ്കൽ കൌതുകബന്ധത്തേയും ചെയ്ത്; വസ്ത്രസുവേഷ്ടിതം മന്ത്രബിംബം = വസ്ത്രംകൊണ്ടു മൂടി പുൽക്കയറുകൊണ്ടു കെട്ടിയിരിക്കുന്ന ബിംബത്തേ; ദ്വിജരഥേ ആരോപ്യ = ബ്രാഹ്മണരെക്കൊണ്ടു ബിംബത്തേ എടുപ്പിച്ച്; ശാകുനജാപകഃ = കനിക്രദത് സ്വസ്തിസൂക്തങ്ങളേ ജപിച്ചു; വാദ്യാദിഭിഃ സാകം സ്നപനഗേഹം നയേത് = വാദ്യഘോഷങ്ങളോടും ഛത്രചാമരാദികളോടുംകൂടി സ്നാനമണ്ഡപത്തേ നയിപ്പൂ.

പ്രാസാദസമ്മുഖതയാ വിനിധായ ഭദ്രം
കർണ്ണേത്യൃചം ജപതു സർവ്വസുപർവ്വബിംബം
ന്യസ്യേത്ത്രിധാമ്നി ഹരിദിങ്മുഖമിഷ്ടപീഠേ

www.shripuram.org
Shripuram Publications
www.shripuram.org

ത്രീണീത്യൃചാ ജപതു ഭദ്രമൃചം തദഗ്രേ. 71

സർവ്വസുപർവ്വബിംബം പ്രാസാദസമ്മുഖതയാ വിനിധായ = എല്ലാ ദേവന്മാരുടെ ബിംബത്തേയും മുമ്പു പൂജിച്ചിരിക്കുന്ന ഭദ്രപീഠത്തുങ്കൽ പ്രാസാദത്തിന്ന് അഭിമുഖം വരുമാറ് എഴുന്നെള്ളിച്ച്, ഭദ്രം കർണ്ണ ഇതി ഋചം ജപതു = ഭദ്രം കർണേഭിഃ ശൃണുയാമ ദേവാഃ ഈ ഋക്കുകൊണ്ടു ചൊല്ലൂ. ത്രിധാമ്നി ഹരിദിങ്മുഖം ത്രീണി ഇതി ഋചാ ന്യസ്യേത് = വിഷ്ണുവിങ്കൽ കിഴക്കോട്ടു മുഖമായിട്ടു ത്രീണിപദാ വിചക്രമേ എന്ന ഋക്കുകൊണ്ട് പീഠത്തുങ്കൽ ന്യസിപ്പൂ. തദഗ്രേ ഭദ്രമൃചം ച ജപതു = ബിംബത്തിന്റെ മുമ്പിൽ ഭദ്രം കർണ്ണേഭിഃ എന്ന ഋക്കിനേയും തൊഴുതു ചൊല്ലൂ.

ശ്രീശേശാജിതയോർഘൃതേന ഘൃതവ-
ത്യാ/ങ്ക്ത്വാഹരീശേ നമ-
സ്തേരുദ്രേതി വിശോധയേന്മുരരിപൌ
മൂലേന മാസൂരകൈഃ
തേജോസീതി ഹരൌ ഘൃതാക്തിരഥവേ[4]-
ശേ മൂലതഃ സർപ്പിഷാ
ക്ഷൌദ്രേണാപി വിലിപ്യ ശോധയതു വാർ-
മാസൂരവാർഭിഃ ക്രമാത്. 72

ശ്രീശേശാജിതയോഃ = വിഷ്ണുവിങ്കലും ശങ്കരനാരായണങ്കലും ബിംബത്തേ ഘൃതവത്യാ ഘൃതേന അങ്ക്ത്വാ = 'ഘൃതവതീസവിതരാധിപത്യേ' എന്ന ഋക്കു(മന്ത്രം) കൊണ്ടു നെയ്കൊണ്ടു തേപ്പൂ. ഹരീശേ 'നമസ്തേരുദ്ര' ഇതി മുരരിപൌ മൂലേന മാസൂരകൈഃ വിശോധയേത് = ശങ്കരനാരായണങ്കൽ 'നമസ്തേ രുദ്ര മന്യവേ' എന്നതുകൊണ്ടും വിഷ്ണുവിങ്കൽ മൂലംകൊണ്ടും കടലയ്ക്കാപ്പൊടികൊണ്ടു തേച്ചു നെയ്യിനെ കളവൂ. അഥവാ ഹരൌ ഘൃതാക്തിഃ തേജോ/സി ഇതി വാ = എന്നിയേ വിഷ്ണുവിങ്കൽ നെയ്യുതേയ്ക്കുന്നതിന്ന 'തേജോ/സി തേജഃ' എന്ന ഋക്കുകൊണ്ടുമാം. ഈശേ മൂലതഃ സർപ്പിഷാ ക്ഷൌദ്രേണ അപി വിലിപ്യ = ശിവങ്കൽ മൂലംകൊണ്ടുതന്നെ നെയ്യും തേനുംകൊണ്ടു തേച്ച്, വാർമ്മാസൂരവാർഭിഃ ക്രമാത് ശോധയതു = വെള്ളംകൊണ്ടും കടലയ്ക്കാപ്പൊടിച്ചതുകൊണ്ടും വെള്ളംകൊണ്ടും ശോധനയേ ചെയ്വൂ.

ദീർഘായുത്വേത്യണകൃതഘൃതാ-

Shripuram Publications
www.shripuram.org

4. 'വാകാര്യ ദ്വയം മൂലതഃ സ്കന്ദേഭാനനയോഃ സ്വകല്പവിധിനാ ശേഷേഷ്വ ദൈവതേച്ചരേത്' എന്ന് അച്ചടിച്ച പുസ്തകത്തിലെ പാഠം.

ലേപമുദ്വർത്ത്യ ബിംബം
മാസൂരേണ ദ്രുപദമനനാ
ക്ഷാളയേത് സുംഭഹന്ത്ര്യാം
മൂലേനൈതദ് ഗുഹഗണപയോ-
രാചരേൽ സർവ്വമാര്യേ
ശൈരീഷൈഃ ശോധയതു ഘൃതമ-
ധ്വക്തികൃന്മൂലതോ/ഥ. 73

സുംഭഹന്ത്ര്യാം = ദുർഗ്ഗയിങ്കൽ, ദീർഘായുത്വേത്യണകൃതഘൃതാലേപം ബിംബം = 'ദീർഘായുത്വായ വർച്ചസേ' എന്ന മന്ത്രംകൊണ്ടു നെയ്യിനേക്കൊണ്ടു തേച്ചിരിക്കുന്ന ബിംബത്തേ, ദ്രുപദമനനാ മാസൂരേണ ഉദ്വർത്ത്യ ക്ഷാളയേത് = 'ദ്രുപദാദിവേന്മുമുചാനഃ" എന്ന മന്ത്രംകൊണ്ട് കടലപ്പൊടികൊണ്ടു തേച്ച് വെള്ളംകൊണ്ടു കഴുകു. ഗുഹഗണപയോഃ ഏതത്സർവ്വം മൂലേന ആചരേത് = സുബ്രഹ്മണ്യങ്കലും ഗണപതിയിങ്കലും നെയ്യു തേയ്ക്കയും കടലപ്പൊ തേയ്ക്കയും മൂലംകൊണ്ടുതന്നെ ചെയ്വൂ. ആര്യേ മൂലതഃ ഘൃതമധ്വക്തികൃത് ശൈരീഷൈഃ ശോധയതു = ശാസ്താവിങ്കൽ മൂലംകൊണ്ട് നെയ്യും തേനും പിരട്ടി കടലപ്പൊടികൊണ്ടു തേച്ചുകഴുകി ശോധിപ്പൂ.

ദർഭാദ്യൈഃ പരിഘൃഷ്യ ശോധയതു ദു-
ർഗ്ഗായാം ജലൈസ്ത്വച്ഛകൃൻ-
മൃത്സാഭസ്മഭിരീശ്വരേ പ്രമഥപേ
മൃത്ത്വക്ശകൃദ്ഭിഃ ക്രമാത്
മൃത്ത്വഗ്ഭ്യാം ഗണപേ ഗുഹേ സ്വകലശോ-
ക്തദ്രവ്യകൈഃ സ്വാണുഭിർ-
മൃദ്ഭിഃ ശ്രീശഹരീശയോഃ സ്വവിഹിതാ-
ഭിർവ്വക്ഷ്യമാണക്രമാത്. 74

ദുർഗായാം = ദുർഗയിങ്കൽ, ദർഭാദ്യൈഃ പരിഘൃഷ്യ ജലൈഃ ശോധയതു = ദർഭാമൃത്ത്വക്കുകളേക്കൊണ്ടു തേച്ചു വെള്ളംകൊണ്ടു കഴുകു. ഈശ്വരേ ത്വച്ഛകൃൻമൃത്സാഭസ്മഭിഃ = ശിവങ്കൽ തൊലികളേക്കൊണ്ടും ചാണകനീർകൊണ്ടും മണ്ണുകൊണ്ടും ഭസ്മംകൊണ്ടും ശോധിപ്പൂ. പ്രമഥപേ മൃത്ത്വക്ശകൃദ്ഭിഃ = ശാസ്താവിങ്കൽ മണ്ണുകൊണ്ടും തൊലികളേക്കൊണ്ടും ചാണകനീർകൊണ്ടും ശോധിപ്പൂ. ഗണപേ മൃത്ത്വഗ്ഭ്യാം = ഗണപതിയിങ്കൽ മണ്ണുകൊണ്ടും തൊലികളേക്കൊണ്ടും ശോധിപ്പൂ. ഗുഹേ സ്വകലശോക്തദ്രവ്യകൈഃ സ്വാണുഭിഃ = സുബ്രഹ്മണ്യങ്കൽ തന്റെ ബിം

www.shripuram.org
Shripuram Publications
www.shripuram.org

ബശുദ്ധികലശത്തിന്റെ ദ്രവ്യങ്ങളേക്കൊണ്ടും തത്തന്മന്ത്രങ്ങളേക്കൊണ്ടും ശോധിപ്പൂ. ശ്രീശഹരീശയോഃ വക്ഷ്യമാണക്രമാത് സ്വവിഹിതാഭിഃ മുദ്ഭിഃ = വിഷ്ണുവിങ്കലും ശങ്കരനാരായണങ്കലും തനിക്ക് ഇവിടെ പറയുന്ന മണ്ണുകളേക്കൊണ്ടു ശോധനകളേച്ചെയ്‌വൂ.

അനന്തരം നേത്രോന്മീലനത്തേ പറയുന്നു.

ദുർഗാഗണേശശരജന്മസു ബിംബശുദ്ധി-
സ്നാനാത് പുരോ ഹരിഹരീശ്വരയോഃ കരോതു
സ്നാനാന്തരേ നയനമോക്ഷണമാര്യകേ തത്
പ്രാക് സ്നാനതഃ സലിലവാസനകർമ്മതോ വാ. 75

ദുർഗാഗണേശശരജന്മസു = ദുർഗയിങ്കലും ഗണപതിയിങ്കലും സുബ്രഹ്മണ്യങ്കലും, ബിംബശുദ്ധിസ്നാനാത് പുരഃ = ബിംബശുദ്ധികലശമാടുന്നതിന്റെ മുമ്പിലും, ഹരിഹരീശ്വരയോഃ സ്നാനാന്തരേ = വിഷ്ണുവിങ്കലും ശങ്കരനാരായണങ്കലും ബിംബശുദ്ധികലശമാടുന്നതിന്റെ ഇടയിലും, നയനമോക്ഷണം കരോതു = നേത്രോന്മീലനത്തേച്ചെയ്‌വൂ. ആര്യകേ = ശാസ്താവിങ്കൽ, സ്നാനതഃ പ്രാക് വാ സലിലവാസനകർമ്മതഃ വാ തദ് = ബിംബശുദ്ധികലശത്തിന്റെ മുമ്പിൽ താൻ, ജലാധിവാസത്തിന്റെ മുമ്പിൽ താൻ നേത്രോന്മീലനത്തേചെയ്യാം.

ഹൈമേ നിഷിച്യ ചഷകേ മധുമന്ത്രജപ്തം
സൂച്യാ പ്രഗൃഹ്യ ഘൃതമാക്ഷികമക്ഷിമോക്ഷം
നേത്രേണ ശാസ്തൃഗണപേഷുഭവേഷു മന്ത്രീ
ത്രിഷ്ടുമ്മയേന മനുനാ തനുയാത് കുമാര്യാം. 76

ഹൈമേ ചഷകേ ഘൃതമാക്ഷികം നിഷിച്യ = മുമ്പിൽ പറഞ്ഞപോലെ പൊന്നുംകിണ്ണത്തിൽ തേനും നെയ്യുംകൂട്ടി, മധുമന്ത്ര ജപ്തം = 'മധുവാതാ' ഇത്യാദി മൂന്നും തൊട്ടുജപിച്ചാൽ, സൂച്യാ പ്രഗൃഹ്യ = പൊന്നുംഊശികൊണ്ട് അതിനേ എടുത്ത്, ശാസ്തൃഗണപേഷുഭവേഷു = ശാസ്താവിങ്കലും ഗണപതിയിങ്കലും സുബ്രഹ്മണ്യങ്കലും, മന്ത്രീ നേത്രേണ = ആചാര്യൻ നേത്രമന്ത്രംകൊണ്ടും, കുമാര്യാം ത്രിഷ്ടുമ്മയേന മനുനാ = ദുർഗ്ഗയിങ്കൽ 'ജാതവേദസേ സുനവാമ സോമം' ഇത്യാദി മന്ത്രംകൊണ്ടും അക്ഷിമോക്ഷം തനുയാത് = നേത്രോന്മീലനത്തേച്ചെയ്‌വൂ.

ഹിരണ്യഗർഭഃ സമിതി പ്രഗൃഹ്യ
മധ്വാജ്യകം ചിത്രമിതി ത്രിധാഗ്നി
നേത്രം ലിഖേദ് ദക്ഷിണമന്യദത്രാ-

Shripuram Publications
www.shripuram.org

പ്യായസ്വമന്ത്രേണ സതാരകാർച്ചിഃ. 77

ത്രിധാമ്നി = വിഷ്ണുവിങ്കൽ, "ഹിരണ്യഗർഭഃ സം' ഇതി മധ്വാജ്യകം പ്രഗൃഹ്യ = "ഹിരണ്യഗർഭഃ സമവർത്തതാഗ്രേ' എന്ന ഋക്കുകൊണ്ടു തേനും നെയ്യും കൂട്ടിയതിനേ സൂച്യഗ്രംകൊണ്ട് എടുത്ത്, ചിത്രം ഇതി ദക്ഷിണം നേത്രം - "ചിത്രം ദേവാനാമുദഗാദ്" എന്ന ഋക്കുകൊണ്ടു വലത്തേക്കണ്ണിനേയും ആപ്യായസ്വമന്ത്രേണ അന്യദ് അപി = "ആപ്യായസ്വ സമേതു തേ' എന്ന ഋക്കുകൊണ്ട് എടത്തേ കണ്ണിനേയും. സതാരകാർച്ചിഃ വിലിഖേത് = കൃഷ്ണമണിയോടും സൂക്ഷ്മത്തോടുകൂടി ലേഖനം ചെയ്യണം.

മാധ്വീദ്രുധ്ഘൃതം ഹിരണ്യമന്ത്രനാ
സംഗൃഹ്യശാർങ്ഗീശ്വരേ
വാമം ചിത്രമൃചോല്ലിഖേന്നയനമ-
ന്യദ്വിശ്വതശ്ചക്ഷുഷാ
ലാലാടാക്ഷി ഹിരണ്യഗർഭമന്ത്രനാ-
/ഥാപൂര്യ ഗാമഗ്രഗാം
ഹൃത്വാ നേത്രപടം പ്രദർശയതു താം
കർത്താ/ഥ തസ്മൈ ദിശേത്. 78

ശാർങ്ഗീശ്വരേ = ശങ്കരനാരായണങ്കൽ, ഹിരണ്യമന്ത്രനാ മാധ്വീദ്രുധ്ഘൃതം സംഗൃഹ്യ = 'ഹിരണ്യഗർഭഃ സമവർത്തത' ഇത്യാദികൊണ്ടും തേനും നെയ്യും പാലുംകൂട്ടി പൂജിച്ചതിനേ എടുത്ത്, ചിത്രം ഋചാ വാമം നയനം = 'ചിത്രം ദേവാനാം' എന്ന ഋക്കുകൊണ്ട് എടത്തേക്കണ്ണിനേയും = വിശ്വതശ്ചക്ഷുഷാ അന്യത് = 'വിശ്വതശ്ചക്ഷുരുത' എന്ന ഋക്കുകൊണ്ടു വലത്തേക്കണ്ണിനേയും, ഹിരണ്യഗർഭമന്ത്രനാ ലാലാടാക്ഷി ച ഉല്ലിഖേത് = 'ഹിരണ്യഗർഭഃ സമവർത്തത' എന്ന ഋക്കുകൊണ്ടു നെറ്റിയിങ്കലേ കണ്ണിനേയും വിഷ്ണുവിങ്കലേപ്പോലെ താരകാർച്ചിസ്സോടുകൂടി ലേഖനം ചെയ്ത്, ആപൂര്യ = ശേഷം കണ്ണിൽ നിറച്ചാൽ, നേത്രപടം ഹൃത്വാ അഗ്രഗാം ഗാം പ്രദർശയതു = മുമ്പിൽതന്നെ മറച്ചുപിടിച്ചിരിക്കുന്ന വസ്ത്രത്തേ എടുത്ത് മുമ്പിൽ നിർത്തിയിരിക്കുന്ന പശുവിനേയും കാട്ടു. കർത്താ താം തസ്മൈ ദിശേത = അപ്പോൾ യജമാനൻ ആ പശുവിനേ ആചാര്യനായിക്കൊണ്ടു കൊടുപ്പൂ.

ആവാഹ്യ സാംഗീകരണാദികൃത്വാ
ദത്വോപഹാരാൻ സ്നപനം കരോതു
വിഘ്നാര്യദുർഗാശരജേഷു ശേഷേ-

Shripuram Publications
www.shripuram.org

ഷ്വാവാഹനാദ്യം സ്നപനേ കൃതേ തു. 79

വിഘ്നാര്യദുർഗ്ഗാശരജേഷു = ഗണപതിയിങ്കലും ശാസ്താവിങ്കലും ദുർഗ്ഗയിങ്കലും സുബ്രഹ്മണ്യങ്കലും ആവാഹ്യ സാംഗീകരണാദി കൃത്വാ = ആവാഹിച്ച് വ്യാപാകാംഗാദി ചെയ്ത്, ഉപഹാരാൻ ദത്വാ = അർഘ്യാദി സ്നാനാന്തമുള്ള ഉപഹാരങ്ങളേക്കൊടുത്ത്, സ്നപനം കരോതു = ബിംബ ശുദ്ധികലശങ്ങളേ ആട്ടൂ. ശേഷേഷു = വിഷ്ണുവിങ്കലും ശിവങ്കലും ശങ്കരനാരായണങ്കലും, സ്നപനേ കൃതേ ആവാഹനാദ്യം കരോതു = ബിംബശുദ്ധികലശങ്ങളാടിക്കഴിഞ്ഞാൽ ആവാഹാനാദി ചെയ്തു ഉപഹാരങ്ങളേ കൊടുപ്പൂ.

അനന്തരം ബിംബശുദ്ധികലശാഭിഷകത്തേയും ഉപഹാരദാനത്തേയും വെവ്വേറേ പറയുന്നു.

ലക്ഷ്മീശേ സ്വവിഹിതസപ്തമൃത്തികാഭി-
ർമൂർധാനന്ദിവ ഇതി മന്ത്രതോ വിലിപ്യ
തൻമൃത്സാസുഭൃതഘടാംഭസാ സമുദ്ര-
ജ്യേഷ്ഠാഇത്യണപരിജാപകോ/ഭിഷിഞ്ചേത്. 80

ലക്ഷ്മീശേ = വിഷ്ണുവിങ്കൽ, മൂർധാനന്ദിവ ഇതി മന്ത്രതഃ സ്വവിഹിതസപ്തമൃത്തികാഭിഃ വിലിപ്യ = 'മൂർദ്ധാനന്ദിവോ അരതിംപൃഥിവ്യാ' എന്ന ഋക്കുകൊണ്ട് ബ്രഹ്മകലശത്തിനു പറഞ്ഞ ഏഴുകൂട്ടം പുറ്റുമണ്ണുകൊണ്ട് ബിംബത്തിങ്കൽ തേച്ച്, സമുദ്രജ്യേഷ്ഠാ ഇതി അണപരിജാപകഃ = 'സമുദ്രജ്യേഷ്ഠാസ്സലിലസ്യ മദ്ധ്യാത്' ഇത്യാദി ഋക്കു ജപിച്ച്, തൻമൃത്സാസുഭൃതഘടാംഭസാ അഭിഷിഞ്ചേത = ഏഴുകൂട്ടം പുറ്റുമണ്ണ് ഇട്ടിരിക്കുന്ന ബ്രഹ്മകലശംകൊണ്ട് അഭിഷേകത്തേച്ചെയ്‌വൂ.

പ്രാഗാദിദിശലസൈഃ-
ര്യജ്ഞായജ്ഞാപയഃ പൃഥിവ്യാം ച
യാഃ ഫലിനീര്യാ ദിവ്യാ
ഇത്യഭിഷിച്യാക്ഷിണീ വിലിഖേത്. 81

യജ്ഞായജ്ഞാ പയഃ പൃഥിവ്യാം യാഃ ഫലിനീഃ യാ ദിവ്യാഃ ഇതി പ്രാഗാദിദിശലസൈഃ അഭിഷിച്യ = 'യജ്ഞായജ്ഞാവോ അഗ്നയേ' എന്നതുകൊണ്ടു കിഴക്കേദലകലശംകൊണ്ടും 'പയഃ പൃഥിവ്യാം പയ ഓഷധീഷു' എന്നതുകൊണ്ടു തെക്കേ ദലകലശംകൊണ്ടും, 'യാഃ ഫലിനീര്യാ അഫലാഃ' എന്നതുകൊണ്ടു പടിഞ്ഞാറേ ദലകലശംകൊണ്ടും 'യാ ദിവ്യാ ആപഃ പയസാ സംബഭൂവ' എന്നതുകൊണ്ട് വടക്കേ ദലകലശംകൊണ്ടും അഭിഷേകം ചെയ്ത്, അക്ഷിണി വിലിഖേത് = ഇങ്ങനെ നാലു

Shripuram Publications
www.shripuram.org

കലശങ്ങളേ ആടിയാൽ നേത്രോന്മീലനത്തേച്ചെയ്വൂ.

ഹംസശ്ശുചിഷദ്വിഷ്ണോ-
രരാടമിതിചാനലാദിദലകലശൈഃ
സോമം രാജാനമൃചാ
സവിശ്വതശ്ചക്ഷു ഷാപി ച സ്നപയേത്. 82

ഹംസഃ ശുചിഷദ് വിഷ്ണോരരാടം സോമം രാജാനം വിശ്വതശ്ച ക്ഷുഷാ ഇതി ഋചാ അനലാദിദലകലശൈഃ സ്നപയേത് = 'ഹംസശ്ശുചിഷദ്വസുഃ' എന്ന ഋക്കുകൊണ്ട് അഗ്നികോണിലേ ദലകലശംകൊണ്ടും 'വിഷ്ണോരരാടമസി വിഷ്ണോഃ' എന്നതുകൊണ്ടു നിരൃതികോണിലേ ദലകലശംകൊണ്ടും 'സോമം രാജാനമവസേ' എന്ന ഋക്കുകൊണ്ടു വായുകോണിലേ ദലകലശംകൊണ്ടും 'വിശ്വതശ്ചക്ഷുരുത' എന്ന ഋക്കുകൊണ്ട് ഈശകോണിലേ കലശംകൊണ്ടും അഭിഷേകത്തേച്ചെയ്വൂ.

ഉദ്വർത്ത്യ ദ്രുപദാദിനാ//ഗളതലാ-
ന്മാസൂരപിഷ്ടൈസ്തനൌ
മാനസ്തോക ഋചാ ച മൂർദ്ധ്നി മുരമാം-
സീക്ഷീരപിഷ്ടാമലൈഃ
ആലിപ്യാഥ ബഹിഷ്ഠഗന്ധസലിലൈ-
ർവ്വിഷ്ണോരരാടാണുനാ-
സംസിഞ്ചേദിദമാപ ഇത്യുപഘ്നടൈർ-
ദിക്കോണസംസ്ഥൈഃ സഹ. 83

ദ്രുപദാദിനാ മാസൂരപിഷ്ടൈഃ = 'ദ്രുപദാദിവേൻമുമുചാനഃ എന്ന ഋക്കു കൊണ്ടു കടലയ്ക്കാ അരച്ചതുകൊണ്ട്, തനൌ ആഗളതലാദ് ഉദ്വർത്ത്യ = ബിംബത്തുങ്കൽ കഴുത്തിനു താഴെ എല്ലാടവും തേയ്പൂ. മാനസ്തോക ഋചാ ച മുരമാംസീക്ഷീരപിഷ്ടാമലൈഃ = 'മാ നസ്തോകേ തനയേ മാ നഃ' എന്ന ഋക്കുകൊണ്ടു മുരവും മാഞ്ചിയും നെല്ലിക്കായുംകൂടി പാലിലരച്ചുകൊണ്ട് മൂർദ്ധ്നി ആലിപ്യ = ബിംബത്തിന്റെ ശിരസ്സുങ്കൽ തേയ്പൂ. അഥ വിഷ്ണോരരാടാണുനാ ബഹിഷ്ഠഗന്ധസലിലൈഃ ഇദമാപഃ ഇതി ഉപഘ്നടൈഃ സഹ = പിന്നെ 'വിഷ്ണോരരാടമസി' എന്നതുകൊണ്ടു പുറത്തേ ബ്രഹ്മകലശങ്ങളേക്കൊണ്ടും 'ഇദമാപഃ പ്രവഹത' എന്നതുകൊണ്ട് അതിന്റെ പരികലശങ്ങളോടുംകൂടി, ദിക്കോണസംസ്ഥൈഃ = ദിക്കു നാലും പിന്നെ കോണുനാലും ക്രമമായിട്ട്, സംസിഞ്ചേത് = അഭിഷേകത്തേച്ചെയ്വൂ. ഇങ്ങനെ ബിംബശുദ്ധികലശമാട്ടുന്ന ക്രമം.

Shripuram Publications
www.shripuram.org

ബിംബകലശാഭിഷേകം കൃത്വേത്യേഹ്യേഹി പൂർവ്വമന്ത്രേണ ആവാഹ്യ വിഷ്ണുമേനം മൂലാംഗന്യാസമാചരേന്മന്ത്രീ. 84

മന്ത്രീ ഇതി ബിംബകലശാഭിഷേകം കൃത്വാ = ആചാര്യൻ ഇങ്ങനെ ബിംബശുദ്ധികലശങ്ങളെ ആടിയാൽ, ഏഹ്യേഹിപൂർവ്വ മന്ത്രേണ ഏനം വിഷ്ണും ആവാഹ്യ = "ഏഹ്യേഹി ഭഗവൻ' ഈ മന്ത്രാന്തത്തുങ്കൽ മൂലവും ആവാഹനമന്ത്രവും ചൊല്ലി വിഷ്ണുവിനേ ആവാഹിച്ച്, മൂലാംഗന്യാസമാചരേത് = ആവാഹനമുദ്രകളും വ്യാപകാംഗവും ചെയ്വൂ.

"ഏഹ്യേഹി ഭഗവൻ! വിഷ്ണോ!
ലോകാനുഗ്രഹകാരക!
യജ്ഞഭാഗം ഗൃഹാണേമം
വാസുദേവ! നമോ/സ്തുതേ."

ഇത് ആവാഹനമന്ത്രം.

പിന്നെ അർഘ്യപാദ്യാചമനീയമധുപർക്കപീതാംബരോത്തരീയസ്വർണ്ണയജ്ഞോപവീതഗന്ധപുഷ്പാദികളേ ഒക്കെയുമുണ്ടാക്കി ഒരേടത്തുവച്ച ശോഷണാദി ചെയ്തു പൂജിച്ചാൽ അവറ്റേക്കൊടുക്കുന്ന ക്രമങ്ങളേ പറയുന്നു.

അർഘ്യം ദാദ്യ ഹിരണ്മയാദിമനുനാ
തസ്മൈ സപാദ്യോദകം
ഗായത്ര്യാ//ചമനീയകം സമധുപ-
ർക്കം ച സ്വയാ മന്ത്രവിത്
മന്ത്രേണാഥ ബൃഹസ്പതേ അതിയദി-
ത്യാദ്യേന പീതാംബരം
വേദാഹം മനുനോത്തരീയമുപവീ-
തം ഹൈമമോങ്കാരതഃ. 85

മന്ത്രവിത് = മന്ത്രങ്ങളേ അറിയുന്ന ആചാര്യൻ, തസ്മൈ ഹിരണ്മയാദിമനുനാ അർഘ്യം സപാദ്യോദകം ദാദ്യ = ആ ദേവനായിക്കൊണ്ടു 'ഹിരണ്മയേ പരേ കോശേ' എന്ന മന്ത്രാന്തത്തുങ്കൽ 'അർഘ്യമിദം' എന്നു കൂട്ടി കൈയിൽ അർഘ്യജലത്തേയും, ഈ മന്ത്രംകൊണ്ടുതന്നെ 'പാദ്യമിദം' എന്നുകൂട്ടി പാദാഗ്രങ്ങളിൽ പാദ്യജലത്തേയും കൊടുപ്പൂ. സ്വയാഗായത്ര്യാ ആചമനീയകം സമധുപർക്കം ച = വിഷ്ണുഗായത്രികൊണ്ട് 'ആചമനീയമിദം' എന്നുകൂട്ടി ആചമനീയത്തേയും 'മധുപർക്കമിദം' എന്നുകൂട്ടി മധുപർക്കത്തേയും കൈയിൽത്തന്നെ കൊടുപ്പൂ. അർഘ്യപാ

www.shripuram.org
Shripuram Publications
www.shripuram.org

ദ്യാചമനങ്ങൾ കലശത്തിങ്കൽ പറയുന്നതു തേനം നെയ്യും പാലുംകൂട്ടിയ ത് മധുപർക്കം. പിന്നെ മൂലംകൊണ്ടു 'പുനരാചമനീയമിദം' 'സ്നാനമിദം' ഇതു രണ്ടും കൊടുപ്പൂ. 'ബൃഹസ്പതേ അതിയദ' ഇത്യാദ്യേന പീതാംബ രം = 'ബൃഹസ്പതേ അതിയദർര്യഃ' എന്ന ഋക്കുകൊണ്ടു പീതാംബരത്തേ ചാർത്തിപ്പൂ. വേദാഹം മന്ത്രനാ ഉത്തരീയം = വേദാഹമേതം പുരുഷം മ ഹാന്തം' എന്ന ഋക്കുകൊണ്ടു ഉത്തരീയം കെട്ടൂ. ഓംകാരതഃ ഹൈമം ഉ പവീതം ച = പ്രണവം ചൊല്ലി സ്വർണ്ണംകൊണ്ട് ഉണ്ടാക്കിയ പൂണൂലും ഇട്ടൂ.

ഗന്ധംച പുഷ്പം ച പവിത്രകം ച
ദദ്യാദിദംവിഷ്ണുരൃചാ ക്രമേണ
വിശ്വാണനാച്ചിർമയമാദധീത
വ്യാപയ്യ തം സർഗവിസർഗരീത്യാ. 86

ഇദം വിഷ്ണുരൃചാ ഗന്ധം പുഷ്പം പവിത്രകം ച ക്രമേണ ദദ്യാത് = 'ഇദം വിഷ്ണുർവിചക്രമേ' എന്ന ഋക്കുകൊണ്ട് ചന്ദനത്തേയും പുഷ്പത്തേയും ചാർത്തി സ്വർണ്ണപവിത്രത്തേ ഇട്ടൂ. വിശ്വാണനാ സർഗ്ഗവിസർഗ്ഗരീത്യാ വ്യാപയ്യ അച്ചിർമയം ആദധീത = 'വിശ്വതശ്ചക്ഷുരുത' എന്ന ഋക്കുകൊ ണ്ട് കീഴ്പ്പോട്ടും മേല്പ്പോട്ടും വ്യാപകങ്ങളേച്ചെയ്ത് തേജോമയമായി ധ്യാനി പ്പൂ.

പുഷ്പൈരോഷധയഃ സമിത്യവകിരേത്
സന്ധൂപയേദ്ധൂരസീ-
ത്യേതേനോപഹരേത് പ്രദീപകമഥോ
തേജോസി മന്ത്രേണ ച
നേത്രേ ചാഞ്ജനരഞ്ജിതേ വിതനയാദ്
ഭൂയസ്സമിദ്ധോഽഞ്ജനാ
യേനാകസ്യമനൂഞ്ജപൻ വിതനയാദ്
ഗോരോചനാചിത്രകം. 87

ഓഷധയഃ സം ഇതി പുഷ്പൈഃ അവകിരേത് = 'ഓഷധയഃ സം വ ദന്തേ' എന്നതുകൊണ്ട് ശിരസ്സിൽ പുഷ്പങ്ങളേ വിതറൂ. ധൂരസി ഇതി സ ന്ധൂപയേത് - 'ധൂരസി ധൂർവധൂർവന്തം' എന്നതുകൊണ്ട് ധൂപത്തേ കാട്ടൂ. അഥോ തേജോസി മന്ത്രേണ പ്രദീപകം ഉപഹരേത് = പിന്നെ 'തേ ജോസി തേജോഽനുപ്രേഹി' എന്നതുകൊണ്ടു ദീപത്തേയും കാട്ടൂ. ഭൂയഃ സമിദ്ധോഞ്ജനാ നേത്രേ അഞ്ജനരഞ്ജിതെ വിതനയാത് = പിന്നെ "സ മിദ്ധോ അഞ്ജൻ കൃദരം മതീനാം' എന്നതുകൊണ്ട് കർണ്ണങ്ങളിൽ അ

www.shripuram.org
Shripuram Publications
www.shripuram.org

ഞ്ജനക്കല്ലിനേ അരച്ച് എഴുള്ള. യേ നാ കസ്യ മന്ത്രൻ ജപൻ ഗോരോച നാചിത്രകം വിതനയാത് = യേനാകസ്യാധിരോചനേ എന്നതുകൊണ്ട് ഗോരോചനംകൊണ്ടു തിലകത്തേയുമുണ്ടാക്കു.

വനസ്പതേഃ പുഷ്പ ഇതി പ്രജാപീ
മാല്യം ച മാലാം ച സമർപ്പ്യ തസ്മൈ
ദത്വോപഹാരാൻ പുനരർഘ്യധാരാം
മൂലേന ദത്വാ വികിരേത് പ്രസൂനൈഃ. 88

വനസ്പതേഃ പുഷ്പ ഇതി പ്രജാപീ മാല്യം മാലാം ച തസ്മൈ സമർ പ്പ്യ = 'വനസ്പതേഃ പുഷ്പോ/സി പുഷ്പമസി' ഈ മന്ത്രത്തേ ജപിച്ചു പൂ വിനേയും മാലയേയും ചാർത്തി, മൂലേന ഉപഹാരാൻ അർഘ്യ ധാരാം ച ദത്വാ = മൂലംകൊണ്ടു ജലഗന്ധപുഷ്പധൂപദീപാന്തം പൂജിച്ച് അർഘ്യം വീഴ്ത്തി മാനസപൂജയും ചെയ്വൂ. പ്രസൂനൈഃ വികിരേത് = പുഷ്പങ്ങളേ വി തറൂ.

രഥന്തരേണ വൈരാജ-
ഗായത്രാഭ്യാം ച സാമഭിഃ
സ്വയോനിഭിഃ പുരഃ സ്ഥിത്വാ
സ്തുവൻ സംപ്രീണയേദ്ധരിം. 89

രഥന്തരേണ 'അഭിത്വാ ശൂര നോനുമഃ' രഥന്തരം എന്നതുകൊണ്ടും, വൈരാജഗായത്രാഭ്യാം = 'പിബാ സോമമിന്ദ്രമന്ദതു ത്വാ' എന്ന വൈ രാജംകൊണ്ടും 'അഗ്ന ആയൂംഷി പവസേ' എന്ന ഗായത്രികൊണ്ടും, സ്വയോനിഭിഃ സാമഭിഃസ്തുവൻ ഹരിം സമ്പ്രീണയേത് = ഈ സ്വയോ നികളായ സാമങ്ങളേക്കൊണ്ട് സാമവേദികൾതന്നെ ദേവന്റെ മുമ്പിൽ നിന്നു സ്തുതിച്ചു ദേവനേ പ്രസാദിപ്പിക്കണം.

ശുദ്ധേ തൈജസപാത്രകേ സുവിമലൈ-
രാപൂരിതേ തണ്ഡുലൈ-
ർമദ്ധ്യേ സാന്ദ്രഘൃതം ശരാവമുപധാ-
യാഭ്യുജ്ജ്വലദ്ദീപകം
സ്വോദ്യദ്ഗോമയക്ലൃപ്തചിത്രിതദിഗീ-
ശാസ്യൈഃ സദൂർവ്വാഗ്രകൈർ-
ദിക്ഷ്വശ്വത്ഥദലൈർവിഭൂഷ്യ രചയേ-
ന്നീരാജനീയം ശുഭം. 90

Shripuram Publications
www.shripuram.org

സുവിമലൈഃ തണ്ഡുലൈഃ ആപൂരിതേ = നല്ല വെളുത്ത അരികൊണ്ടു നിറച്ചിരിക്കുന്നതായി, ശുദ്ധേ തൈജസപാത്രകേ = ശുദ്ധമായിരിക്കുന്ന ലോഹമയപാത്രത്തിൽ, മദ്ധ്യേ സാന്ദ്രഘൃതം അഭ്യുജ്ജ്വലദ്ദീപകം ശരാവം ഉപധായ = അരിയുടെ നടുവിൽ നെയ്യുകൊണ്ടു നിറച്ച നാലുപുറത്തും തിരികളും കൊളുത്തിവയ്ക്കൂ. എന്നിയേ നടുവിൽ ഒരു തിരിയായിട്ടും കൊളുത്തു. ദിക്ഷു സ്വോദ്യദ്ഗോമയക്ലൃപ്തചിത്രിതദിഗീശാസ്ത്രൈഃ സദ്ദൂർവാഗ്രകൈഃ അശ്വത്ഥദലൈഃ വിഭൂഷ്യ = ശരാവത്തിന്റെ എട്ടുദിക്കിലും അരയാലിലകളിൽ ചാണകനീർകൊണ്ട് ഇന്ദ്രാദിദിക്പാലന്മാരുടെ ആയുധങ്ങളാകുന്ന വജ്രാദികളേ ഉണ്ടാക്കി അതിൽ മഞ്ഞപ്പൊടിയുമിട്ട് മുമ്മൂന്നു കറുകകളേ വച്ച് അതുകൊണ്ട് അലങ്കരിച്ച്, ശുഭം നീരാജനീയം രചയേത് = മംഗലമായിരിക്കുന്ന നീരാജനത്തേ ഉണ്ടാക്കൂ.

ദൂർവ്വാ/ക്ഷതം മൂർധനി പാദയോശ്ച
താരേണ കൃത്വാ/സ്ത്രസമർച്ചിതേന
നീരാജയേത്തേന നിജാസ്ത്രജാപീ
കുർവീത പുണ്യാഹമിതി ത്രിധാമ്നി. 91

മൂർധനി പാദയോഃ = ശിരസ്സിങ്കലും പാദങ്ങളിലും, താരേണ ദൂർവാ/ക്ഷതം കൃത്വാ = പ്രണവംകൊണ്ട് കറുകയും അക്ഷതവും കൂട്ടിയിട്ട്, അസ്ത്രസമർച്ചിതേന തേന = അസ്ത്രംകൊണ്ട് അർച്ചിച്ചിരിക്കുന്ന ആ നീരാജനംകൊണ്ട്, നിജാസ്ത്രജാപീ നീരാജയേത് = തന്റെ തന്റെ അസ്ത്രം ജപിച്ച് മൂന്നുവട്ടം നീരാജനത്തേ ഉഴിവൂ. പുണ്യാഹം കുർവീത ഇതി ത്രിധാമ്നി = പിന്നെ പുണ്യാഹത്തേയും ചെയ്‌വൂ, ഇങ്ങനെ വിഷ്ണുവിങ്കലേ ക്രിയകൾ.

ശാർങ്ഗീശ്വരേ വൃഷവിഷാണനദീദ്വിതീര-
മൃദ്ഭിർവിലിപ്യ ശിരസി പ്രണവേന സിഞ്ചേത്
തദ്വത് തനൌ സമുപലിപ്യ മൃദാ സനാകു-
ക്ഷേത്രോത്ഥയാച്ഛസലിലൈരപി തേന സിഞ്ചേത്. 92

ശാർങ്ഗീശ്വരേ = ശങ്കരനാരായണങ്കൽ, ശിരസി പ്രണവേന വൃഷവിഷാണനദീദ്വിതീരമൃദ്ഭിഃ വിലിപ്യ സിഞ്ചേത് = ശിരസ്സിങ്കൽ പ്രണവംകൊണ്ട് കാളക്കൊമ്പത്തേ മണ്ണും പുഴയുടെ രണ്ടുകരയിലേ മണ്ണുംകൂടി തേച്ച വെള്ളംകൊണ്ടു കഴുകൂ. തദ്വത് തനൌ സനാകുക്ഷേത്രോത്ഥയാ മൃദാ സമുപലിപ്യ അച്ഛസലിലൈഃ തേന സിഞ്ചേത് = അതുപോലെ ശരീരത്തിങ്കൽ പുറ്റുമണ്ണും വിളഭൂമിയിലേ മണ്ണുംകൂടി തേച്ച് പ്രണവത്തോടു കൂടിക്കൊണ്ടു വെള്ളംകൊണ്ടു കഴുകൂ.

www.shripuram.org
Shripuram Publications
www.shripuram.org

ഏവം സാധുവിശോധ്യ തം സ്നപിതയേ-
ന്മൂത് പൂർണകുംഭാംഭസാ
മാനസ്തോകഋചാ കഷായപയസാ-
ऽവോചാമമന്ത്രേണ ച
ആജ്യാദ്യൈർധ്രുവതഃ ഫലാദ്ഭിരഥ മൂ-
ലേനാന്തരാऽബ്ലിംഗകൈഃ
സിഞ്ചേദച്ഛജലൈസ്തതോ വിതനയാ-
ന്നേത്രത്രയോന്മീലനം. 93

ഏവം സാധുവിശോധ്യ = ഇങ്ങനെ സാധുവാകുംവണ്ണം വിശോധിച്ച്, മാനസ്തോകഋചാമൃത്പൂർണകുംഭാംഭസാ = 'മാനസ്തോകേതനയേ മാനഃ' എന്ന ഋക്കുകൊണ്ടു മണ്ണുനിറച്ച് ബ്രഹ്മകലശംകൊണ്ടും, അവോചാമമന്ത്രേണ കഷായപയസാ ച = 'അവോചാമ കവയേ' എന്ന ഋക്കുകൊണ്ട് കിഴക്കേ കഷായജലംകൊണ്ടും, ധ്രുവതഃ ആജ്യാദ്യൈഃ = പ്രണവംകൊണ്ട് തെക്കേ ഗോമൂത്രവും പടിഞ്ഞാറേ ചാണകനീരും വടക്കേ പാലും അഗ്നികോണിലേ തൈരും നിരൃതികോണിലേ നെയ്യും നിറച്ച കലശങ്ങളേക്കൊണ്ടും, അഥ മൂലേന ഫലാദ്ഭിഃ = പിന്നെ മൂലംകൊണ്ടു വായുകോണിലെ ഫലജലംകൊണ്ടും, തം സ്നപിതയേത് = ശങ്കരനാരായണനേ അഭിഷേകം ചെയ്വൂ. അന്തരാ അബ്ലിംഗകൈഃ അച്ഛജലൈഃ സിഞ്ചേത് = ഇടയിൽ ആപോഹിഷ്ഠാദിത്രയംകൊണ്ട് ശുദ്ധജലംകൊണ്ടു അഭിഷേകവും വേണം. തതഃ നേത്രത്രയോന്മീലനം വിതനയാത് = പിന്നെ മുമ്പിൽപറഞ്ഞപോലെ നേത്രത്രയത്തേ ഉന്മീലനംചെയ്ത് പശുവിനേയും കാട്ടി പശുദ്ദാനവും ചെയ്യണം.

നമഃ ശംഭവ ഇത്യാദ്യമിഷേത്വാദ്യം ച സിഞ്ചതു
നമോ വഃ കിരികേത്യുക്ത്വാ സർവ്വൌഷധിജലേന തം. 94

നമഃ ശംഭവ ഇത്യാദ്യം ഇഷേത്വാദ്യം നമോ വഃ കിരി കേതി ച ഉക്ത്വാ = 'നമഃ ശംഭവേ ച മയോഭവേ ച' എന്നും 'ഇഷേത്വോർജ്ജേത്വാ' എന്നും 'നമോ വഃ കിരികേഭ്യോ ദേവാനാം' എന്നും ഈ മൂന്നു ഋക്കുകളേയും ജപിച്ച്, സർവ്വൌഷധിജലേനതം സിഞ്ചതു = ഈശകോണിലെ സർവൌഷധിജലംകൊണ്ട് ദേവനേ അഭിഷേകത്തേച്ചെയ്വൂ.

തത് ത്വായാമീത്യാദ്യയർച്ചാ സമുദ്രം
ഗച്ഛേത്യാപോഹീത്യണഭ്യാം ച മന്ത്രീ
ഗായത്ര്യാ ച സ്നാപയേദ്ദിക്സ്ഥഖണ്ഡൈ-

Shripuram Publications
www.shripuram.org

ർഗ്ഗായത്ര്യാ ചോംരുദ്ധയാ കോണഖണ്ഡെഃ. 95

തത്ത്വായാമീത്യാദ്യയാ സമുദ്രം ഗച്ഛ ഇതി ആപോഹി ഇതി അണ ഭ്യാം ഗായത്ര്യാ ച ദിക്സ്ഥഖണ്ഡെഃ = 'തത്ത്വായാമി ബ്രഹ്മണാ' എന്നും 'സമുദ്രംഗച്ഛ സ്വാഹാ' എന്നും 'ആപോഹിഷ്ഠാമയോ ഭുവഃ' എന്നും 'ശങ്കരായ വിദ്മഹേ' ഇത്യാദി ഗായത്രികൊണ്ടും ഈ നാലു മന്ത്രങ്ങളേക്കൊണ്ട് കിഴക്കുതുടങ്ങി നാലു ദിക്കിലേയും കലശങ്ങളേക്കൊണ്ടും തത്പരികലശങ്ങളേക്കൊണ്ടും ഓംരുദ്ധയാ ഗായത്ര്യാ കോണഖണ്ഡെഃ ച മന്ത്രീ സ്നാപയേത് = പ്രണവപുടിതമായിരിക്കുന്ന ഗായത്രികൊണ്ടുതന്നെ അഗ്ന്യാദികോണഖണ്ഡങ്ങളിലേ കലശങ്ങളേക്കൊണ്ടും അഭിഷേകം ചെയ്വൂ.

താരേണാവാഹ്യാഹിതാംഗായ തസ്മൈ
സോമാരുദ്രാവീതി ദത്വാഽർഘ്യപാദ്യേ
ഗന്ധം പുഷ്പം ചാപി തദ്വത് പവിത്രം
വസ്ത്രം സന്ദദ്യാദ്യുവംവസ്ത്രജാപീ. 96

താരേണ ആവാഹ്യ = പിന്നെ പ്രണവംകൊണ്ട് ആവാഹിച്ച്, ആഹിതാംഗായ തസ്മൈ = വ്യാപകാംഗാന്തം ചെയ്തിരിക്കുന്ന ദേവനായിക്കൊണ്ട്, സോമാരുദ്രാവി ഇതി അർഘ്യപാദ്യേ ദത്വാ = "സോമാരുദ്രാവി വൃഹതം വിഷൂചീം' എന്ന ഋക്കുകൊണ്ട് അർഘ്യമിദം പാദ്യമിദം എന്നുകൂട്ടി അർഘ്യപാദ്യങ്ങളേ കൊടുത്ത് തദ്വത് ഗന്ധം പുഷ്പം പവിത്രം = ഈ മന്ത്രംകൊണ്ടുതന്നെ ചന്ദനത്തേയും പൂവിനേയും സ്വർണ്ണപവിത്രത്തേയും കൊടുത്ത്, യുവം വസ്ത്രജാപീ വസ്ത്രം സംദദ്യാത് = 'യുവം വസ്ത്രാണിപീവസാവസാഥേ' എന്നു ജപിച്ചു കോടിവസ്ത്രം ഉടുപ്പിപ്പൂ.

ദത്വോത്തരീയം ച ബൃഹസ്പതേ അതീ-
ത്യൃചാഽഥ വേദാഹമൃചോപവീതകം
സ്വമൂലതോഽലംകരണാനി ധൂരസീ-
ത്യനേന ധൂപം ച തഥാ സമർപ്പയേത്. 97

അഥ ബൃഹസ്പതേ അതി ഇതി ഋചാ ഉത്തരീയം = 'ബൃഹസ്പതേ അതിയദര്യോഅര്ഹാദ്' എന്നതുകൊണ്ട് ഉത്തരീയത്തേയും, വേദാഹം ഋചാ ഉപവീതകം = 'വേദാഹമേതം പുരുഷം മഹാന്തം' എന്നതുകൊണ്ട് സ്വർണ്ണയജ്ഞോപവീതത്തേയും, സ്വമൂലതഃ അലങ്കരണാനി ച ദത്വാ = തന്റെ മൂലംകൊണ്ടു മാല തുടങ്ങിയുള്ള അലങ്കാരങ്ങളേയും കൊടുപ്പൂ. തഥാ 'ധൂരസീ' ത്യനേന ധൂപം ച സമർപ്പയേത് = അപ്രകാരം 'ധൂരസീ ധൂർവധൂർവന്തം' എന്നതുകൊണ്ടു ധൂപത്തേയും സമർപ്പിപ്പൂ.

www.shripuram.org
Shripuram Publications
www.shripuram.org

ഉദ്ദീപ്യസ്വേത്യുപഹരതു തസ്മൈ പ്രദീപം സമിദ്ധോ
അഞ്ജന്നിത്യഞ്ജനമപി ച ഗോരോചനാം താരകേണ
സോമാരുദ്രായുവമിതി ജപൻ ദർപ്പണം ദർശയിത്വാ-
ƒഗ്നാവിഷ്ണ്വിത്യപി മനുവരേണ സ്തുതിഞ്ചാദധീത. 98

പ്രദീപം ഉപഹരതു = 'ഉദ്ദീപ്യസ്വ ജാതവേദോƒപഘ്നൻ' എന്നതു കൊണ്ടു വിളക്കിനേയും കാട്ടൂ. സമിദ്ധോ അഞ്ജൻ ഇതി അഞ്ജനം = സമിദ്ധോ അഞ്ജൻ കൃദരം മതീനാം' എന്നതുകൊണ്ടു അഞ്ജനത്തേ കണ്ണിലെഴുതു. താരകേണ ഗോരോചനാം = പ്രണവംകൊണ്ടു ഗോരോചനക്കുറിയിടൂ. സോമാരുദ്രായുവം ഇതി ജപൻ ദർപ്പണം ദർശയിത്വാ = 'സോമാരുദ്രായുവമേതാന്യസ്മേ' എന്നതുകൊണ്ടു വാൽക്കണ്ണാടിയേ കാട്ടൂ. അഗ്നാവിഷ്ണൂ ഇതി മനുവരേണ സ്തുതിം ച ആദധീത = 'അഗ്നാ വിഷ്ണൂ മാവാമപവിഷം' ഈ മന്ത്രംകൊണ്ട് സ്തുതിയേയും ചെയ്വൂ.

യുവമേതാനീതി പ്രാ-
ർത്ഥ്യൌഷധയ ഇതി വികീര്യ പുഷ്പമപി പുണ്യാഹം
കൃത്വാ ദദ്യാൽ പാദുക-
സചാമരച്ഛത്രയാനമപി താരേണ. 99

യുവമേതാനി ഇതി പ്രാർത്ഥ്യ = 'യുവമേതാനിദിവിരോചനാനി' എന്നതുകൊണ്ട് പ്രാർത്ഥിച്ച്, ഓഷധയഃ ഇതി പുഷ്പം വികീര്യ = 'ഓഷധയഃ സംവദന്തേ' എന്നതുകൊണ്ടു പുഷ്പങ്ങളേ വിതറി, പുണ്യാഹം കൃത്വാ = ശിവനാരായണഃ പ്രീയതാം എന്നുകൂട്ടി പുണ്യാഹത്തേയും തളിച്ച്, താരേണ പാദുകസചാമരച്ഛത്രയാനം അപി ദദ്യാത് = പ്രണവംകൊണ്ടു പാദുകദ്വയത്തേയും ചാമരദ്വയത്തേയും ആതപത്രത്തേയും സ്വവാഹനത്തേയും കൊടുപ്പൂ. ഇങ്ങനെ ശങ്കരനാരായണങ്കലേ ക്രിയകൾ.

പൂജാക്രമേണ പുരുഷാദി ചതുഷ്ടയാംഗ-
കേശാനസൂക്തമനുഭിഃ സ്നപയേന്മഹേശേ
ദിക്കോണമദ്ധ്യഗതഖണ്ഡഘടൈസ്തു ബിംബ-
ശുദ്ധൌ തദീയപരികുംഭഗണൈഃ സമേതം. 100

മഹേശേ ബിംബശുദ്ധൌ തു = ശിവങ്കൽ ബിംബശുദ്ധികലശാഭിഷേകത്തുങ്കൽ, പൂജാക്രമേണ പുരുഷാദിചതുഷ്ടയാംഗകേശാന സൂക്തമനുഭിഃ = പൂജയിങ്കൽ പറയുന്ന ക്രമത്തേ അനുസരിച്ച് തൽപുരുഷനും അഘോരനും സദ്യോജാതനും വാമദേവനും ഈ നാലും ദിക്കുകളിലും ഈ പഞ്ചബ്രഹ്മത്തിന്റെ ഹൃദയവും ശിഖയും കവചവും ശിരോമന്ത്രവും

www.shripuram.org
Shripuram Publications
www.shripuram.org

ഈ നാലും കോണുകളിലും ഈശാനൻ നടുവിലുമായിട്ട്, ദിക്കോണമ ദ്ധ്യഗതഖണ്ഡഘടൈഃ തദീയപരികുംഭഗണൈഃ സമേതം = നാലു ദിക്കു കളിലേയും നാലു കോണുകളിലേയും നടുവിലേയും ഖണ്ഡങ്ങളിലെ ബ്ര ഹ്മകലശങ്ങളേക്കൊണ്ട് തത്പരികലശങ്ങളോടുകൂടുംവണ്ണം, സ്നപയേത് = അഭിഷേകത്തേച്ചെയ്വൂ.

ധ്യാത്വാ ദേവമഘോരതോ ദിശതു ഗ-
ന്ധം വാമതശ്ചാംബരം
പുഷ്പം ചാപി ശിവേന തത്പുരുഷതോ
ധൂപം സദീപാർഘ്യകം
ആനമ്യാഥ സുഗന്ധചർച്ചിതകരോ
ഭാഗാൻ ദിശാസ്യേകശോ
വൃത്താന്താൻ വിധിവിഷ്ണുരുദ്രജിനവ-
ർണ്ണൈരാലഭേത ക്രമാത്. 101

ദേവം ധ്യാത്വാ = പിന്നെ മൂലംകൊണ്ട് ആവാഹിച്ച് ആവാഹനമു ദ്രയും വ്യാപകാംഗവും ചെയ്തു ധ്യാനിച്ച് പാദ്യാർഘ്യാചമനങ്ങളേക്കൊടു ത്ത്, അഘോരതഃ ഗന്ധം = അഘോരനേക്കൊണ്ടു ചന്ദനത്തേയും, വാ മതഃ അംബരം = വാമദേവനേക്കൊണ്ടു കോടിവസ്ത്രത്തേയും ശിവേന പുഷ്പം ച = ഈശാനനേക്കൊണ്ടു പുഷ്പത്തേയും, തൽപുരുഷതഃ ധൂപം സദീപാർഘ്യകം = തത്പുരുഷനേക്കൊണ്ടു ധൂപത്തേയും ദീപത്തേയും അർഘ്യത്തേയും, ദിശതു = കൊടുപ്പൂ. അഥ ആനമ്യ = പിന്നെ ദേവനേ നമസ്കരിച്ച്, സുഗന്ധചർച്ചിതകരഃ = രണ്ടു കൈയിലും അഷ്ടഗന്ധത്തേ പിരട്ടി, വിധിവിഷ്ണു രുദ്രജിനവർണ്ണൈഃ വൃത്താന്താൻ ഭാഗാൻ ക്രമാത് ആലഭേത = ബ്രഹ്മഗായത്രികൊണ്ടു ശിവലിംഗത്തിന്റെ ചതുരശ്രഭാഗ ത്തേയും വിഷ്ണുഗായത്രികൊണ്ട് അഷ്ടാശ്രഭാഗത്തേയും രുദ്രഗായത്രി കൊണ്ട് വൃത്തഭാഗത്തേയും സ്പർശിപ്പൂ.

തത്പുരുഷായ വിദ്മഹേ പിതാമഹായ ധീമഹേ
തന്നോ ബ്രഹ്മാ പ്രചോദയാത്
തത്പുരുഷായ വിദ്മഹേ ജനാർദ്ദനായ ധീമഹേ
തന്നോ വിഷ്ണുഃ പ്രചോദയാത്
തത്പുരുഷായ വിദ്മഹേ മഹാദേവായ ധീമഹേ
തന്നോ രുദ്രഃ പ്രചോദയാത് - ഇത് ഗായത്രികൾ മൂന്നും.
തദ് ഗായത്ര്യ ഇതി പ്രോക്താഃ സിതമാല്യാദിഭിസ്തതഃ
പ്രാച്യനീരാജ്യപുണ്യാഹമാചരേന്മൂർത്തിപൈഃ സഹ.

www.shripuram.org
Shripuram Publications
www.shripuram.org

102

ഇതി തദ്ഗായത്ര്യഃ പ്രോക്താഃ = ഇങ്ങനെ ഗായത്രികൾ മൂന്നും പറയപ്പെട്ടു. തതഃ സിതമാല്യാദിഭിഃ പ്രാർച്യ = പിന്നെ വെളുത്ത പുഷ്പങ്ങളേക്കൊണ്ടും മാലകളേക്കൊണ്ടും ഗന്ധംകൊണ്ടും അലങ്കരിച്ച്, നീരാജ്യ മൂർത്തിപൈഃ സഹ പുണ്യാഹം ആചരേത് = പിന്നെ നീരാജനമുഴിഞ്ഞ് പരികർമ്മികളോടുംകൂടി, സദാശിവഃ പ്രീയതാം എന്ന വിശേഷയുക്തം പുണ്യാഹത്തേയും ചെയ്‌വൂ.

ഇവിടെ ഒരു പക്ഷാന്തരത്തേ പറയുന്നു.

മൂലേനാവാഹ്യ തസ്മൈ സകളിതമഹസേ
[5]കല്പവിത്സംപ്രദദ്യാത്
പാദ്യാദ്യം ഭൂഷണാന്തം നവകമഥ സമ-
ർപ്യോർമ്മികാകർണഭൂഷാഃ
ഇഷ്ട്വാ ഗന്ധാദിഭിഃ പാദുകമഥ സഹയാ-
നാതപത്രം പ്രദദ്യാത്
സാദർശം ചാഥ പുണ്യാഹമപി ചരതു നീ-
രാജനം ചേതി വേജ്യാ. 103

കല്പവിദ് ഗുരുഃ മൂലേന ആവാഹ്യ = കല്പജ്ഞനായിരിക്കുന്ന ആചാര്യൻ മൂലംകൊണ്ട് ആവാഹിച്ച്, സകളിതമഹസേ തസ്മൈഃ = വ്യാപകാംഗന്യാസം ചെയ്തിരിക്കുന്ന ദേവനായിക്കൊണ്ട് പാദ്യാദ്യം ഭൂഷണാന്തം നവകം സമ്പ്രദദ്യാത് = പാദ്യം അർഘ്യം ആചമനീയം മധുപർക്കം പുനരാചമനീയം സ്നാനം വസ്ത്രം ഉപവീതം ഭൂഷണം ഈ ഒമ്പതിനേയും മൂലംകൊണ്ടു കൊടുപ്പൂ. അഥ ഊർമ്മികാകർണ്ണഭൂഷാഃ സമർപ്യ = അംഗുലീയകത്തേയും കുണ്ഡലദ്വയത്തേയും സമർപ്പിച്ച്, ഗന്ധാദിഭിഃ ഇഷ്ട്വാ = ഗന്ധപുഷ്പധൂപദീപങ്ങളേക്കൊണ്ടു പൂജിച്ച്, പാദുകം സഹയാനാതപത്രം സാദർശകം ച പ്രദദ്യാത് = പാദുകത്തേയും സ്വവാഹനത്തേയും ആതപത്രത്തേയും, ആദർശം = കണ്ണാടിയേയും കൊടുപ്പൂ. പുണ്യാഹം നീരാജനം ച ചരതു = പിന്നെ പുണ്യാഹംചെയ്തു നീരാജനത്തേയും ഉഴിവൂ. ഇതി വാ ഇജ്യാ = ഇവിടെ പൂജാക്രമം ഇങ്ങനെയുമാം.

ദുർഗയുടെ ക്രിയയേ പറയുന്നു.

ദുർഗാര്യാദ്യർണ്ണഭിഃ ക്രമാത് സ്നപിതയേത്

Shripuram Publications

5. 'സ്ഥാണവേ' മുദ്രിതപാഠം.

www.shripuram.org

ഗവ്യൈർമ്മൃദാലിപ്യ മൃ-
ദ്വാരാ വാരുണപഞ്ചകേന മഹിഷാ-
രൌ പാവമാനാണ്ഡനാ
ക്വാഥോദൈരപി ശാലിതണ്ഡുലഭുവാ
ചൂർണ്ണേന ലിപ്ത്വാ സമാ-
സിഞ്ചേദഞ്ചിതരത്നഗന്ധകലശാ-
ഭ്യാം പഞ്ചദുർഗാണഭിഃ 104

അഥ മഹിഷാരൌ = അനന്തരം ദുർഗയിങ്കൽ, ദുർഗാര്യാദ്യണഭിഃ ഗവ്യൈഃ ക്രമാത് സ്നപിതയേത് = സേംദുർഗായൈ നമഃ ഗോമൂത്രത്തിന്, ദം ആര്യായൈ നമഃ ചാണകത്തിന്ന്, വേംദേവ്യൈനമഃ പാലിന്ന്, തംഭഗവത്യൈനമഃ തൈരിന്ന്, ജാംകന്യായൈനമഃ നെയ്ക്ക്, ഇങ്ങനെ കിഴക്കുതുടങ്ങി പ്രദക്ഷിണമായിട്ട് പടിഞ്ഞാറോളമുള്ള കലശങ്ങളേ ആടിയാൽ, മൃദാ ആലിപ്യ വാരുണപഞ്ചകേന മൃദ്വാരാ = മണ്ണുകളേ ബിംബത്തുങ്കൽ തേച്ച പഞ്ചവാരുണംകൊണ്ട് വായുകോണിലേ മുജ്ജലത്തേയും, പാവമാനാണ്ഡനാ ക്വാഥോദൈഃ അപി = 'പാവമാനീഃ സ്വസ്ത്യയനീഃ' ഇത്യാദികൊണ്ട വടക്കേദിക്കിലേ കഷായജലംകൊണ്ടും ആട്ടു. ശാലിതണ്ഡുലഭുവാ ചൂർണ്ണേന ലിപ്ത്വാ പഞ്ചദുർഗാണഭിഃ അഞ്ചിതരത്നഗന്ധകലശാഭ്യാം സമാസിഞ്ചേത് = പിന്നെ നെല്ല് അരച്ചതിനേക്കൊണ്ട ബിംബത്തുങ്കൽ തേച്ച് ജാതവേദാദിപഞ്ചദുർഗകളേക്കൊണ്ട് ഈശകോണിലേ രത്നജലംകൊണ്ടും നടുവിലേ അഷ്ടഗന്ധജലകലശംകൊണ്ടും അഭിഷേകം ചെയ്വൂ.

പുണ്യാഹം പ്രവിധായ ശേഷസലിലൈ-
സ്തൈരേവ സിക്ത്വാംശുകേ
രക്തേ ദ്വേ പരിധാപ്യ തൈർദിശതു ഗ-
ന്ധംപുഷ്പധൂപാവപി
ദീപാകല്പവിതാനചാമരയുഗ-
ച്ഛത്രാണി നീരാജ്യ ദി-
ക്ഷ്വേനാം സമ്യഗയം പുരഃ പ്രഭൃതിഭിഃ
സ്വോക്തൈഃ സ്തവീതാണഭിഃ 105

പുണ്യാഹം പ്രവിധായ = 'ഓം ദുർഗ്ഗാ പ്രീയതാം' എന്നുകൂട്ടി പുണ്യാഹത്തേ തളിച്ച്, തൈഃ ഏവ ശേഷസലിലൈഃ സിക്ത്വാ = പഞ്ചദുർഗ്ഗാമന്ത്രംകൊണ്ടും പുണ്യാഹശേഷജലംകൊണ്ടും ബിംബത്തേ കഴുകി തോർത്തിയാൽ, തൈഃ രക്തേ (അംശുകേ) ദ്വേ പരിധാപ്യ = പഞ്ചദുർ

www.shripuram.org
Shripuram Publications
www.shripuram.org

ഗ്ഗകൊണ്ടുതന്നെ ചുവന്ന പട്ടിനേ രണ്ടിനേ ഉടുപ്പിച്ച്, തൈഃ ഗന്ധം പുഷ്പധൂപൌ അപി ദീപാകല്പവിതാനചാമരയുഗച്ഛത്രാണി ദിശതു = പഞ്ചദുർഗ്ഗകൊണ്ട് ചന്ദനത്തേയും പുഷ്പങ്ങളേയും ധൂപദീപങ്ങളേയും മാല തുടങ്ങിയ അലങ്കാരങ്ങളേയും ഭൂഷണത്തേയും ഉഭയചാമരത്തേയും ആതപത്രത്തേയും കൊടുത്തു അർഘ്യം വീത്തി മാനസപൂജചെയ്ത്, ദിക്ഷു അയംപുരഃ പ്രഭൃതിഭിഃ നിരാജ്യ = കിഴക്കുതുടങ്ങി നാലുദിക്കിലും നടുവിലും കല്പിച്ച 'അയം പുരോഹരികേശ' എന്നും 'അയം ദക്ഷിണാ വിശ്വകർമ്മ' എന്നും 'അയം പശ്ചാദ്വിശ്വവ്യചാഃ' എന്നും 'അയമുത്തരൽ സയൻ' എന്നും 'അയമുപര്യവാക്' എന്നും ഇങ്ങനെയാദിയായ മന്ത്രങ്ങളേക്കൊണ്ടു നീരാജനത്തേ അഞ്ചിനേയും ഉഴിഞ്ഞ്, സ്വോക്തൈഃ അണുഭിഃ സ്തുവീത = പഞ്ചദുർഗ്ഗാദിവേദമന്ത്രംകൊണ്ടും സ്തോത്രങ്ങളേക്കൊണ്ടും സ്തുതിപ്പൂ. ഇങ്ങനെ ദുർഗ്ഗയിങ്കലേ ക്രിയ.

സേനാന്യാം കലശൈഃ സ്വപൂരണസമ-
ക്തേനക്രമേണാഞ്ചിതൈഃ
സിഞ്ചേന്മന്ത്രിവരഃ സ്വമൂലമനുനാ
സ്വാസ്ത്രാണുനാ വർമ്മണാ
മൂലേനാപി ഹൃദാऽഗ്നിമീള ഇതി പൂ-
ർവ്വർച്ചാ ത്വിഷേത്വാദിനാ
ശന്നോദേവ്യണുനോപചാരമനുനാ
കൌശാദിഗന്ധാന്തിമൈഃ. 106

സേനാന്യാം മന്ത്രിവരഃ = സുബ്രഹ്മണ്യങ്കൽ മന്ത്രക്രിയകളുടെ യോഗത്തേ അറിഞ്ഞിരിക്കുന്ന ആചാര്യൻ, അഞ്ചിതൈഃ കൌശാദിഗന്ധാന്തിമൈഃ കലശൈഃ = പൂജിച്ചിരിക്കുന്ന കുശജലം തുടങ്ങി അഷ്ടഗന്ധജലം കഴിവോളമുള്ള കലശങ്ങളേക്കൊണ്ടു, സ്വമൂലമനുനാ = മൂലംകൊണ്ടു പഞ്ചഗവ്യത്തിൽ മുക്കിയ കുശമുഷ്ടികൊണ്ട് തേച്ച കുശജലംകൊണ്ടു നിറച്ച നടുവിലേ കലശങ്ങളേയും, സ്വാസ്ത്രാണുനാ = അസ്ത്രംകൊണ്ടു പഞ്ചഗവ്യത്തിൽ മുക്കിയ ദർഭമുഷ്ടികൊണ്ടു തേച്ച പഞ്ചഗവ്യം (കിഴക്കേക്കലശങ്ങൾ) ആടൂ. വർമ്മണാ = കവചംകൊണ്ടു കഷായത്തിന്റെ തൊലികൾ അരച്ചുതേച്ച തെക്കേ കഷായം നിറച്ച കലശങ്ങളാടൂ. മൂലേന = മൂലംകൊണ്ടു കറുക അരച്ചതിനേ തേച്ച് പടിഞ്ഞാറേ കലശങ്ങളാടൂ. ഹൃദാ-ഹൃദയമന്ത്രംകൊണ്ട് കട്ടുക അരച്ചതിനേ തേച്ച വടക്കേക്കലശങ്ങൾ ആടൂ. അഗ്നിമീള ഇതി പൂർവ്വർച്ചാ = 'അഗ്നിമീളേ പുരോഹിതം' എന്ന ഋക്കുകൊണ്ടു മണ്ണുതേച്ച് അഗ്നികോണിലേ കലശങ്ങളും, ഇഷേത്വാദിനാ = 'ഇഷേത്വോർജ്ജേത്വാ' എന്നതുകൊണ്ട് നിരൃതിഖണ്ഡത്തിലേ

www.shripuram.org
Shripuram Publications
www.shripuram.org

രതജലം, ശന്നോദേവ്യണനാ = ശന്നോദേവികൊണ്ടു വായുഖണ്ഡത്തി ലേതും, ഉപചാരമന്തനാ = ഉപചാരംകൊണ്ടു അഷ്ടഗന്ധം തേച്ചു ഈശഖ ണ്ഡത്തിലേതും, സിഞ്ചേത് = ആട്ടൂ.

സംസ്ഥാപ്യ സ്വജിനാർണതോ ബഹ്വജലൈ-
ർദത്വാ/ംശുകേ ദ്വേ യുവം
വസ്ത്രാണീത്യുപവീതഗന്ധകുസുമ-
സ്രഗ്ധൂപദീപാൻ ക്രമാത്
ദദ്യാത് ചാമരമാതപത്രമുപചാ-
രേണാഞ്ജനം ദർപ്പണം
തസ്മൈ പാദുകയുഗ്മമപ്യഥ ചരേ-
ന്നീരാജ്യ പുണ്യാഹകം. 107

സ്വജിനാർണതഃ ബഹ്വജലൈഃ സംസ്ഥാപ്യ യുവം വസ്ത്രാണി ഇതി ദ്വേ അംശുകേ ദത്വാ = 'യുവം വസ്ത്രാണി പീവസാ' എന്നതുകൊണ്ട് ഇ രട്ടയായ വസ്ത്രത്തേ ഉടുപ്പിച്ച്, ഉപചാരേണ ഉപവീതഗന്ധകുസുമസ്രഗ്ധൂ പദീപാൻ = ഉപചാരംകൊണ്ട് സ്വർണ്ണയജ്ഞോപവീതത്തേയും ചന്ദന ത്തേയും പുഷ്പത്തേയും മാലയേയും ചാർത്തി ധൂപദീപങ്ങളേയും കാട്ടി, ചാമരം ആതപത്രം അഞ്ജനം ദർപ്പണം പാദുകയുഗ്മം അപി തസ്മൈ ദദ്യാത് = പിന്നെ ഉപചാരംകൊണ്ടുതന്നെ ചാമരദ്വയത്തേയും ഛത്ര ത്തേയും അഞ്ജനത്തേയും എഴുതുകയും കണ്ണാടികാട്ടുകയും പാദുകദ്വയ ത്തേയും ദേവനായിട്ടു കൊടുപ്പൂ. അഥ നീരാജ്യ പുണ്യാഹകം ചരേത് = പിന്നെ നീരാജനം ഉഴിഞ്ഞ് 'സ്കന്ദഃ പ്രീയതാം' എന്നുകൂട്ടി പുണ്യാഹ ത്തേയും ചെയ്വൂ. ഇങ്ങനെ സുബ്രഹ്മണ്യങ്കൽ.

സ്വാഷ്ടമൂർത്തിമനവഃ സ്വകമൂലം
ചാപി ബിംബകലശസ്നപനേ സ്യുഃ
വിഘ്നരാജി നിജമൂലകമാര്യേ
മദ്ധ്യനിഷ്ഠമുഭയോഃ സ്നപനം സ്യാത്. 108

വിഘ്നരാജി = ഗണപതിയിങ്കൽ, ബിംബശുദ്ധികലശസ്നപനേ സ്വാ ഷ്ടമൂർത്തിമനവഃ സ്വകമൂലം ച സ്യുഃ ബിംബശുദ്ധികലശങ്ങൾ ആട്ടുന്ന തിന്ന പിറത്തേ പ്രാഗാദിപ്രദക്ഷിണക്രമേണ ഗണഞ്ജയാദി പരിവാര മന്ത്രങ്ങളും ഒടുക്കം ബ്രഹ്മകലശത്തിന്ന മൂലവും മന്ത്രം ഭവിക്കും. ആര്യേ നിജമൂലകം = ശാസ്താവിങ്കൽ ദിക്കും കോണും ക്രമേണ കഴിഞ്ഞാൽ ഒ ടുക്കം ബ്രഹ്മകലശത്തിനും തന്റെ മൂലം തന്നെ മന്ത്രം ഭവിക്കും. ഉഭയോഃ മദ്ധ്യനിഷ്ഠം സ്നപനം സ്യാത് = ഇവിടെ രണ്ടേടത്തും നടുവിലേ ഖണ്ഡ

www.shripuram.org
Shripuram Publications
www.shripuram.org

ത്തിലേ കലശങ്ങൾ ഒടുക്കം തന്നെ ആടണം.

പഞ്ചോപഹാരാൻ പ്രദദാതു വിഘ്നേ
മൂലേന താൻ ശാസ്തരി ദർപ്പണം ച
നീരാജ്യ പുണ്യാഹമപിപ്രകുര്യാ-
ദിതീരിതാ/ത്രാഖിലബിംബശുദ്ധിഃ. 109

വിഘ്നേ മൂലേന പഞ്ചോപഹാരാൻ പ്രദദാതു = ഗണപതിയിങ്കൽ മൂലംകൊണ്ടു വസ്ത്രാദികൊടുത്ത് ജലഗന്ധപുഷ്പധൂപദീപങ്ങളായ പഞ്ചോപഹാരങ്ങളേക്കൊടുപ്പൂ. ശാസ്തരി താൻ ദർപ്പണം ച = ശാസ്താവിങ്കൽ വസ്ത്രാദിയും പഞ്ചോപഹാരങ്ങളേയും കൊടുത്ത് കണ്ണാടിയേയും കാട്ടൂ. നീരാജ്യ പുണ്യാഹം അപി പ്രകുര്യാത് = പിന്നെ രണ്ടേടത്തും നീരാജനത്തേ ഉഴിഞ്ഞ് 'വിഘ്നഃ പ്രീയതാം' 'ശാസ്താ പ്രീയതാം' ഇത്യാദി വിശേഷയുക്തമായി പുണ്യാഹത്തേയും ചെയ്വൂ.

ഇതി അഖിലബിംബശുദ്ധിഃ ഈരിതാ = ഇങ്ങനെ എല്ലാവരുടെ ബിംബശുദ്ധിയും ഉപഹാരദാനവും പറയപ്പെട്ടു.

ദത്വാർഘ്യമുത്തിഷ്ഠമനപ്രജാപീ
പ്രോത്ഥാപ്യ യാനേ പ്രവിധായ ബിംബം
പ്രദക്ഷിണപ്രക്രമതോ നയേത
തന്മണ്ഡപം ശാകുനകാദിജാപീ. 110

അർഘ്യം ദത്വാ = പിന്നെ പുഷ്പാഞ്ജലി ചെയ്ത് അർഘ്യത്തേകൊടുത്ത്, ഉത്തിഷ്ഠമനപ്രജാപീ ബിംബം പ്രോത്ഥാപ്യ = 'ഉത്തിഷ്ഠ ബ്രഹ്മണസ്പതേ' എന്ന ഋക്കു ജപിച്ച് ബിംബത്തേ എടുത്ത്, യാനേ പ്രവിധായ = വാഹനത്തിങ്കൽവച്ച്, ശാകുനകാദി ജാപീ പ്രദക്ഷിണപ്രക്രമതഃ = കനിക്രദജ്ജനുഷം ഇത്യാദിയും സ്വസ്തിസൂക്തവും ജപിച്ച് അധിവാസമണ്ഡപത്തിന് പ്രദക്ഷിണമായി കൊണ്ടുപോയി = തദ് മണ്ഡപം നയേത = ആ ബിംബത്തേ മണ്ഡപത്തേ നയിപ്പൂ.

രഥാരോപേ രഥേ തിഷ്ഠ-
ന്നഖിലേ/ണഃ പ്രദക്ഷിണേ
ഉദുത്യമിതി ശാർങ്ഗീശേ
പൌരുഷം ച ജപേദ്ധരൌ. 111

അഖിലേ രഥാരോപേ രഥേ തിഷ്ഠൻ അണഃ = എല്ലാ ദേവന്മാർക്കും രഥത്തിൽ വയ്ക്കുന്നതിന് 'രഥേ തിഷ്ഠൻ നയതി വാജിനഃ പുരഃ' ഇത്യാദി മന്ത്രം. ശാർങ്ഗീശേ പ്രദക്ഷിണേ ഉദുത്യം ഇതി = ശങ്കരനാരായണങ്കൽ

www.shripuram.org
Shripuram Publications
www.shripuram.org

പ്രദക്ഷിണത്തിന് 'ഉദുത്യം ജാതവേദസം' ഇത്യാദിയും, ഹരൌ പൌരുഷം ച ജപേത് = വിഷ്ണുവിങ്കൽ പുരുഷസൂക്തത്തേയും ജപിപ്പൂ.

ദത്വാ ദ്വാര്യുപചാരതോ/ർഘ്യമഖിലേ-
ഷൂദുത്യമിത്യുച്ചര-
ന്നാകൃഷ്ണേനയുതം ശിവേ സമവതാ-
ര്യാന്തർന്നയേന്മന്ത്രവിത്
ആസത്യേനമനും ഗ്രഹേ ഹരിഹരേ
യസ്മിന്നൃചഃപൂർവ്വകം
മന്ത്രീ മന്ത്രമിനാക്ഷരം മുരരിപൌ
ശേഷേഷു മൂലം നിജം. 112

അഖിലേഷു ദ്വാരി ഉപചാരതഃ അർഘ്യം ദത്വാ = എല്ലാ ദേവന്മാരിലും മണ്ഡപദ്വാരത്തുങ്കൽ വന്നാൽ തന്റെ തന്റെ ഉപചാരം ജപിച്ച് അർഘ്യം കൊടുത്താൽ, ശിവേ ഉദുത്യം ഇതി ആകൃഷ്ണേനയുതം ഉച്ചരൻ സമവതാര്യ അന്തഃ നയേത് = ശിവങ്കൽ 'ഉദുത്യം ജാതവേദസം' എന്നും 'ആ കൃഷ്ണേന രജസാ വർത്തമാനഃ' എന്നും ജപിച്ച് ബിംബത്തേ വാഹനത്തുങ്കൽനിന്ന് എടുത്ത് അകത്തേയ്ക്കു കൊണ്ടുപോവൂ മന്ത്രവിത് ഗ്രഹേ ആസത്യേന മനും = മന്ത്രജ്ഞനായ ഗുരു സുബ്രഹ്മണ്യങ്കൽ "ആസത്യേന രജസാ' ഇത്യാദി മന്ത്രം ജപിച്ചും, ഹരിഹരേ യസ്മിന്നൃചഃ പൂർവ്വകം ശങ്കരനാരായണങ്കൽ 'യസ്മിൻ വൃക്ഷേ സുപലാശേ" എന്ന ജപിച്ചും ബിംബത്തേ അകത്തുകൊണ്ടുപോവൂ. മന്ത്രീ മുരരിപൌ ഇനാക്ഷരം ശേഷേഷു നിജം മൂലം ച മന്ത്രം = വിഷ്ണുവിങ്കൽ ദ്വാദശാക്ഷര മന്ത്രം. ശേഷം ദുർഗ്ഗാ ഗണപതി ശാസ്താവ് ഇവർക്ക തന്റെ മൂലമന്ത്രവും ജപിച്ച ബിംബത്തേ അകത്തുകടത്തി ശയ്യയ്ക്ക് പ്രദക്ഷിണമായി വന്നാൽ മന്ത്രം ജപിച്ച് ശയ്യയിങ്കൽ വയ്പൂ.

വാമാണ്വനാ ത്രിണയനേ/ഥ നമോ ഹിരണ്യ-
ബാഹ്വാദിനാ ന്യസതു ശാർങ്ഗിശിവേ/ധിശയ്യം
സത്രിഷ്ടുഭാ മഹിഷവിദ്വിഷി താരകേണ
ശേഷേഷു മൂലത ഇനാർണത ഇന്ദിരേശേ. 113

ത്രിണയനേ വാമാണ്വനാ = ശിവങ്കൽ 'വാമദേവായ നമോ ജ്യേഷ്ഠായ നമഃ' ഇത്യാദികൊണ്ടും, ശാർങ്ഗിശിവേ നമോ ഹിരണ്യബാഹ്വാദിനാ = ശങ്കരനാരായണങ്കൽ 'നമോ ഹിരണ്യബാഹവേ സേനാന്യേ' ഇത്യാദികൊണ്ടും, മഹിഷവിദ്വിഷി സത്രിഷ്ടുഭാ താരകേണ = ദുർഗ്ഗയിങ്കൽ 'ജാതവേദസേ' ഇത്യാദിയോട്ടുകൂടിയ പ്രണവംകൊണ്ടും, ശേഷേ

www.shripuram.org
Shripuram Publications
www.shripuram.org

ഷു മൂലതഃ = ശേഷമുള്ളവരിൽ മൂലംകൊണ്ടും, ഇന്ദിരേശേ ഇനാർണ്ണതഃ = വിഷ്ണുവിങ്കൽ ദ്വാദശാക്ഷരംകൊണ്ടും, അധിശയ്യം ന്യസതു = ബിംബത്തേ ശയ്യയിങ്കൽ വയ്പ്പൂ.

വിശ്വത ഇതി ത്രിധാമ്നി
വ്യാപ്യാന്യേഷു സ്വമൂലതോ ബിംബം
ശായയതു സകളയിത്വാ
മന്ത്രൈഃ പ്രാസാദസമ്മുഖമിഹോക്തൈഃ. 114

ത്രിധാമ്നി വിശ്വത ഇതി അന്യേഷു സ്വമൂലതഃ വ്യാപ്യ = വിഷ്ണുവിങ്കൽ 'വിശ്വതശ്ചക്ഷുഃ' എന്നതുകൊണ്ടും ശേഷം എല്ലാവർക്കും തന്റെ മൂലംകൊണ്ടും വ്യാപകത്തേചെയ്ത്, സകളയിത്വാ = മൂലാക്ഷരങ്ങളേ ന്യസിച്ച്, ഇഹ ഉക്തൈഃ മന്ത്രൈഃ ബിംബം പ്രാസാദസമ്മുഖം ശായയതു = ഇവിടെ ശയ്യയിങ്കൽ വയ്പ്പാൻ പറഞ്ഞ മന്ത്രങ്ങളേക്കൊണ്ടു ബിംബത്തേ പ്രാസാദാഭിമുഖം വരുമാറു ശയ്യയിങ്കൽ കിടത്തി രക്ഷിപ്പൂ.

പീഠേ സംസ്ഥാപ്യോപചര്യാർഘ്യനിഷ്ഠൈഃ
സ്കന്ദേ ബിംബം ശായയേച്ചാധിശയ്യം
പ്രാസാദേ പ്രാഗ്ദ്വാര്യുദക്ശീർഷകം ച
പ്രത്യഗ്ദ്വാരേ യാമ്യദിക്ശീർഷകം ച. 115

സ്കന്ദേ ബിംബം പീഠേ സംസ്ഥാപ്യ = സുബ്രഹ്മണ്യങ്കൽ വിശേഷമുണ്ട്. ബിംബത്തേ പീഠം പൂജിച്ചിരിക്കുന്ന ഭദ്രപീഠത്തിങ്കൽ പ്രാസാദാഭിമുഖമായി വച്ചു, അർഘ്യനിഷ്ഠൈഃ ഉപചര്യ = വ്യാപാകാംഗവും അർഘ്യാദിപഞ്ചോപഹാരങ്ങളേക്കൊണ്ടു പൂജയും ചെയ്തു അർഘ്യപുഷ്പാഞ്ജലി ചെയ്താൽ, പ്രാഗ്ദ്വാരി പ്രാസാദേ ഉദക്ശീർഷകം = കിഴക്കോട്ടു നടയായിരിക്കുന്ന പ്രാസാദമെങ്കിൽ വടക്കോട്ടു ശിരസ്സുവരുമാറും, പ്രത്യഗ്ദ്വാരേ യാമ്യദിക്ശീർഷകം = പശ്ചിമദ്വാരമായ പ്രാസാദമെങ്കിൽ തെക്കൊട്ടു ശിരസ്സുവരുമാറും, അധിശയ്യം ശായയേത് = ശയ്യയിങ്കൽ ബിംബത്തേ കിടത്തി രക്ഷിപ്പൂ.

ഇതി തന്ത്രസമുച്ചയേ തുരീയഃ
പടലോ മണ്ഡപസംസ്കൃിയാക്രമാഢ്യഃ
കഥിതഃ കലശേശവഹ്നിശയ്യാ-
വിധിമാൻ ബിംബവിശുദ്ധിവിധ്യുപേതഃ. 116

ഇതി തന്ത്രസമുച്ചയേ = ഇപ്രകാരം തന്ത്രസമുച്ചയമാകുന്ന ഗ്രന്ഥത്തിൽ, മണ്ഡപസംസ്കൃിയാക്രമാഢ്യഃ = മണ്ഡപസംസ്കാരത്തിന്റെ ക്രമ

www.shripuram.org
Shripuram Publications
www.shripuram.org

ങ്ങളോടുകൂടി = കലശേശവഹ്നിശയ്യാവിധിമാൻ = കുംഭേശപൂജയുടേയും അഗ്നിജനനത്തിന്റെയും ശയ്യാപൂജാദികളുടേയും വിധികളോടുകൂടി, ബിംബവിശുദ്ധിവിധ്യുപേതഃ = ബിംബശുദ്ധികലശാഭിഷേകക്രമങ്ങളോടും കൂടിയിരിക്കുന്ന, തുരീയഃ പടലഃ കഥിതഃ = നാലാമത്തേ പടലം പറയപ്പെട്ടു. സമാപ്തമായി എന്നു താല്പര്യം.

ഇതി തന്ത്രസമുച്ചയഭാഷായാം
ചതുർത്ഥഃ പടലഃ സമാപ്തഃ.

www.shripuram.org
Shripuram Publications
www.shripuram.org